# ആമുഖം

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരേ,

പള്ളിക്കര വി. മർത്തമറിയം കത്തീഡ്രലിൽ പ്രവർത്തിക്കുന്ന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വളരെ അനുഗ്രഹകരമായി നടന്നു വരുന്ന പള്ളിക്കര കൺവെൻഷന്റെ **രജതജൂബിലി** പ്രമാണിച്ച് പ്രസിദ്ധീകരിക്കുന്ന **ക്രിസ്തീയ കീർത്തനങ്ങൾ** സന്ധ്യാപ്രാർത്ഥന ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്.

ദിവ്യസംഗീതം ഹൃദയത്തിന് സമാധാനവും സന്തോഷവും ധൈര്യവും പ്രദാനം ചെയ്യുന്നു. ക്രിസ്തുഭക്തന്റെ ഹൃദയം കാൽവരിക്കുരിശിൽ വെളിപ്പെട്ട ദിവ്യസ്നേഹത്തിന്റെ സ്പർശനത്താൽ ആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും ഉറവപോലെ കവിഞ്ഞൊഴുകുന്നു. ഭക്തിഗാനങ്ങൾ നീറുന്ന ഹൃദയങ്ങളിൽ ആശ്വാസം പകരുകയും ആത്മബോധത്തെ ഉണർത്തുകയും, പാപത്തെക്കുറിച്ച് പശ്ചാത്താപം ഉണ്ടാകുകയും പുതിയ പ്രതിഷ്ഠയിലേക്കും നവജീവനിലേക്കും സേവനരംഗങ്ങളിലേക്കും നയിക്കുകയും ചെയ്യും.

പുതിയ പാട്ടുകളോടൊപ്പം വർഷങ്ങൾക്കു മുമ്പേ നമ്മുടെ പൂർവ്വികർ പാടിപതിഞ്ഞ ശ്രുതിമധുരവും ആദ്ധ്യാത്മീക മർമ്മങ്ങൾ ഉൾക്കൊള്ളുന്നതുമായ ഭക്തികീർത്തനങ്ങൾ കണ്ടെത്തി, അവ നഷ്ടപ്പെടുത്താതെ പുതിയ തലമുറയ്ക്കുമുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണിതിൽ. ഈ പുസ്തകം നമ്മുടെ ഭവനങ്ങളിലും, പ്രാർത്ഥനായോഗങ്ങളിലും ഉപയോഗിക്കത്തക്ക വിധം ഏറെ സഹായകമാണ്.

ഇടവകയിലെ സുവിശേഷപ്രവർത്തനങ്ങൾക്ക് ഈ പ്രസിദ്ധീകരണം പ്രചോദനം നൽകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

*ക്രിസ്തുമസ് പുതുവത്സരാശംസകളോടെ......*

**ഫാ. ബാബു വർഗീസ്**

(വികാരി)

# ആകാരാദി


| | |
|---|---|
| അത്യുന്നതൻ മറവിൽ..... | 112 |
| അക്കരയ്ക്കു യാത്ര..... | 40 |
| അന്തമെന്താ ചിന്ത..... | 68 |
| അന്ധകാരമേറും..... | 71 |
| അസാധ്യമായ് ..... | 102 |
| അക്കരനാട്ടിലെൻ..... | 120 |
| അനുതാപഹൃദയം..... | 125 |
| ആയിരങ്ങൾ വീണാലും..... | 103 |
| ആഹാഹാ..... | 114 |
| ആരാലും..... | 104 |
| ആകാശമേ കേൾക്ക..... | 18 |
| ആരാധനയ്ക്കു..... | 29 |
| ആശ്വാസത്തിൻ | 47 |
| ആശ്വാസമേ..... | 48 |
| ആരു സഹായിക്കും..... | 67 |
| ആർപ്പിൻ നാദം..... | 93 |
| ആരാധന സ്തുതി..... | 100 |
| ഇത്രനാൾ..... | 19 |
| ഇന്നു നീ ഒരിക്കൽ..... | 59 |
| ഇസ്രായേലിൻ..... | 78 |
| ഇത്രത്തോളം യഹോവ..... | 82 |
| ഇത്രത്തോളം ജയം തന്ന..... | 85 |
| ഇന്നു കണ്ട മിസ്രേ..... | 119 |
| ഇന്നയോളം എന്നെ..... | 113 |
| ഇസ്രായേലിൻ..... | 98 |
| ഉണർവ്വിൻ വരം..... | 56 |
| എന്തതിശയമേ..... | 16 |
| എല്ലാ സ്നേഹത്തിലും..... | 17 |
| എന്റെ ദൈവം..... | 20 |
| എന്നെ നിൻകൈ..... | 25 |
| എല്ലാം അങ്ങേ..... | 33 |
| എന്റെ യേശു..... | 49 |
| എന്റെ സങ്കടങ്ങൾ..... | 50 |
| എൻ പ്രാണനാഥൻ..... | 62 |
| എന്തെല്ലാം വന്നാലും..... | 61 |
| എന്റെ നാവ്..... | 76 |
| എന്റെ ദൈവത്താൽ..... | 84 |
| എന്നെ അനുദിനം..... | 13 |
| എല്ലാം നന്മയ്ക്കായ്..... | 90 |
| എല്ലാം നന്മയ്ക്കായ് എന്റെ..... | 94 |
| എൻപ്രിയൻ..... | 105 |
| എനിക്കായ് കരുതുന്ന..... | 110 |
| എല്ലാം എല്ലാം ദാനമല്ലേ..... | 116 |
| എത്ര നല്ലവൻ..... | 122 |
| ഒരു നാളും പിരിയാത്ത..... | 83 |
| കുഞ്ഞാട്ടിൻ തിരു..... | 05 |
| കൃപയാലെ അനുദിന..... | 14 |
| കുഞ്ഞുമനസ്സിൻ..... | 26 |
| ക്രൂശിന്മേൽ ക്രൂശിന്മേൽ..... | 36 |
| കണ്ടാലും കാൽവരിയിൽ..... | 37 |
| കഷ്ടങ്ങൾക്ക് സ്ഥാനമുണ്ട്..... | 127 |
| കരുണാക്കടലേ..... | 54 |
| കണ്ണുനീർ താഴ്വര..... | 69 |
| കർത്താവ് ഭവനം..... | 72 |
| ക്രൂശിന്റെ പാതയെ..... | 111 |
| ക്രിസ്തുവിൻ ജയാളി..... | 123 |
| ഗോഗുൽത്താമലയിൽ..... | 39 |
| ജയം ജയം..... | 106 |
| ഞാനെന്നും സ്തുതി..... | 35 |
| ഞാനും എനിക്കുള്ള..... | 81 |
| തന്നാലും നാഥ..... | 11 |

| | |
|---|---|
| തിരുനാമകീർത്തനം..... | 31 |
| താരാഗണങ്ങളെ..... | 73 |
| ദൈവപിതാവേ..... | 01 |
| ദൈവകൃപയിൽ..... | 12 |
| ദൈവസ്നേഹം..... | 15 |
| ദൈവം കനിവായ്..... | 124 |
| ദൈവത്തിന് സ്തോത്രം..... | 30 |
| ദുഃഖത്തിന്റെ പാനപാത്രം..... | 70 |
| ദൈവത്താൽ അസാധ്യ..... | 99 |
| ദൈവപിതാവേ എന്നുടെ..... | 96 |
| പരിശുദ്ധാത്മവോ നീ..... | 09 |
| പരിശുദ്ധാത്മാവേ ശക്തി..... | 08 |
| പരിശുദ്ധാത്മാവേ വരിക..... | 95 |
| പെന്തക്കൊസ്തു നാളിൽ..... | 10 |
| പാവനാത്മാവിൻ..... | 121 |
| പാടീടും സ്തുതി..... | 126 |
| പ്രാർത്ഥന കേൾക്കണമെ..... | 22 |
| പ്രാർത്ഥനയ്ക്കുത്തരം..... | 23 |
| പ്രാക്കളെപോൽ നാം..... | 91 |
| പുത്തനാമേരുശലേമിൽ..... | 41 |
| പൊന്നേശുതമ്പുരാൻ..... | 53 |
| ബലഹീനതയിൽ..... | 117 |
| ഭൂവാസികളെ..... | 34 |
| നീയല്ലോ ഞങ്ങൾക്കുള്ള..... | 07 |
| നീയെന്റെ പ്രാർത്ഥന..... | 24 |
| നിത്യവിശുദ്ധയാം..... | 27 |
| നല്ല ദേവനെ..... | 58 |
| നല്ല പോരാട്ടം..... | 60 |
| നീങ്ങിപ്പോയ്..... | 107 |
| മൽപ്രിയനേ..... | 63 |
| മൺമയമാം..... | 65 |
| മദ്ധ്യാകാശത്തിങ്കൽ..... | 80 |
| യേശുവിൻ നാമം..... | 02 |
| യേശുവെൻ അടിസ്ഥാനം..... | 04 |
| യേശു നല്ലവൻ..... | 06 |
| യേശുവേ എൻ..... | 51 |
| യേശുവോടു ചേർന്നി..... | 55 |
| യേശുവോടു കൂടെ..... | 86 |
| യേശുവെന്നിൽ തിരു..... | 97 |
| യഹോവായിരെ..... | 101 |
| യാക്കോബിൻ ദൈവം..... | 115 |
| യഹോവ എൻ..... | 118 |
| രക്ഷിതാവിനെ കാൺക..... | 38 |
| രാജാധിരാജൻ..... | 64 |
| ലോകമാം ഗംഭീര..... | 43 |
| ലോകേ ഞാൻ എൻ..... | 89 |
| വന്ദനം യേശുപരാ..... | 28 |
| വിശ്വാസ ജീവിത..... | 42 |
| വരുവിൻ ഈ നല്ല..... | 57 |
| വാഴ്ത്തിടുന്നു വാഴ്..... | 77 |
| വെള്ളത്തിൻ മീതെ..... | 87 |
| ശുദ്ധാത്മാവേ..... | 79 |
| ശാലേമിൻ നാഥൻ..... | 108 |
| ശ്രീയേശു നാമം..... | 03 |
| സാധുവെന്നെ..... | 21 |
| സൃഷ്ടികളെ സ്തുതി..... | 32 |
| സീയോൻ സഞ്ചാരി..... | 44 |
| സീയോൻ യാത്രയതിൽ..... | 45 |
| സ്വർഗ്ഗനാട്ടിലെൻ..... | 46 |
| സന്തോഷമെ എന്റെ..... | 52 |
| സമയമാം രഥത്തിൽ..... | 66 |
| സമർപ്പണത്തിൻ..... | 74 |
| സർവ്വവും യേശു..... | 75 |
| സ്വർഗ്ഗത്തെ നോക്കി..... | 92 |
| സർവ്വലോകവും..... | 109 |
| ഹാലേലൂയ്യാ ഹാലേലൂയ്യാ..... | 88 |

# സെന്റ് മേരീസ് കത്തീഡ്രൽ യൂത്ത് അസോസിയേഷൻ, പള്ളിക്കര

## ദൈവത്തിന് സ്തുതി

ആരാധന, പഠനം, സുവിശേഷപ്രഘോഷണം, സേവനം, വിശ്വാസസംരക്ഷണം എന്നീ പ്രധാന ലക്ഷ്യങ്ങളെ മുൻനിർത്തി ഈ ഇടവകയിലെ യുവാക്കൾക്ക് ആദ്ധ്യാത്മീകതയെ പരിചയപ്പെടുത്തുകയും അതോടൊപ്പം അനശ്വരതയിലേക്കുള്ള വഴികാണിക്കുകയുമാണ് യൂത്ത് അസ്സോസിയേഷന്റെ ദൗത്യം. “നിന്റെ യൗവ്വന കാലത്ത് സൃഷ്ടാവിനെ ഓർത്തു കൊൾക” (സഭാപ്രസംഗി 12:1) എന്ന വേദവാക്യത്തിൽനിന്ന് ഈ പ്രസ്ഥാനം പ്രചോദനം ഉൾക്കൊണ്ടു. മുറിവുണക്കുന്ന സുവിശേഷ സന്ദേശവുമായി വേർപാടിന്റേയും, രോഗത്തിന്റെയും മറ്റും ഫലമായി മുറിവേറ്റവരുടെ ഇടയിലേക്ക് കടന്നുചെന്ന് ആശ്വാസവചനമോതി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ജീവകാരുണ്യ പ്രവർത്തനങ്ങളും ഇതര സുവിശേഷവേലകളും നടത്തുക വഴി പള്ളിക്കര സെന്റ് മേരീസ് യൂത്ത് അസ്സോസിയേഷൻ ഇടവകയുടെ സുവിശേഷീകരണം എന്ന മുഖ്യലക്ഷ്യത്തിനുവേണ്ടി കർത്തൃവയലിൽ എളിയ രീതിയിൽ വേല ചെയ്യുന്നു.

# 1

ദൈവപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു (2)
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ചു കുമ്പിടുന്നു (2)
    യേശുവേ നാഥാ അങ്ങയെ ഞാൻ
    ആരാധിക്കുന്നു സ്തുതിക്കുന്നു
പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
    സ്നേഹപിതാവേ അങ്ങയെ ഞാൻ
    ആരാധിക്കുന്നു സ്തുതിക്കുന്നു.

# 2

യേശുവിൻ നാമം എന്നേശുവിൻ നാമം
എൻ ജീവിതത്തിനേകയാശ്രയമേ (2)
ഞാനെന്നും സ്തുതിക്കും ഞാനെന്നും വാഴ്ത്തും
പൊന്നേശുവിൻ നാമം എനിക്കെത്രയാനന്ദം (2)
പാപിയായിരുന്നെന്നെ രക്ഷിപ്പാനായ്
യേശുക്രൂശിലേറി തന്റെ ജീവനർപ്പിച്ചു (2)
യേശുവെത്ര നല്ലവൻ യേശുവെത്ര വല്ലഭൻ
പതിനായിരത്തിലതി ശ്രേഷ്ഠനവൻ (2)
(യേശു......)
    നല്ലിടയനായ യേശുനാഥൻ
    എന്നെ നിരന്തരമായ് വഴിനടത്തിടുന്നു (2)
    അവനെന്നെ ശിക്ഷിക്കും അവനെന്നെ ശാസിക്കും
    തൻ കൊടിക്കീഴിലെന്നെ നിത്യം നടത്തീടുന്നു (2)
(യേശു......)
    സമാധാനമില്ലാതെ ഞാനലഞ്ഞു
    യേശു സമാധാനമായ് എന്റെയരികിൽ വന്നു(2)

അവനെന്നെയണച്ചു അവനെന്നെ താങ്ങി
തൻ ഭുജബലത്താലെന്നെ നടത്തീടുന്നു (2)
(യേശു.....)

# 3

ശ്രീയേശു നാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം
എല്ലാ നാമത്തിലും മേലായ നാമം
ഭക്തർജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങീടും തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം
(ശ്രീയേശു....)

എണ്ണമില്ല പാപം എന്നിൽ നിന്നും നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മായ്ച്ചുതന്ന
ഉന്നതന്റെ വന്ദ്യനാമം
(ശ്രീയേശു....)

ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം
(ശ്രീയേശു....)

പാപപരിഹാരാർത്ഥം പാതകരെത്തേടി
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജിവിതത്തിൽ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യനാമം
(ശ്രീയേശു....)

നീതിയോടെ രാജ്യഭാരമേൽപ്പാൻ ഭൂവിൽ
വേഗം വരുന്ന നാമം

നാടുവാഴികളാം തന്റെ വിശുദ്ധരുമായ് ദാവീദിൻ
സിംഹാസനത്തിൽ വാഴുന്ന നാമം
(ശ്രീയേശു....)

## 4

യേശുവെൻ അടിസ്ഥാനം-ആശയവനിലത്രെ
ആശ്വാസത്തിൻ പൂർണ്ണത-യേശുവിൽ കണ്ടേ ഞാനും
എത്ര മധുരമവൻ-നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറുമെൻ ആർത്തി മാഞ്ഞു പോകുന്നു
(യേശു..)

ദുഃഖം ദാരിദ്രമെന്നിവയ്ക്കുണ്ടോ ശക്തിയെൻമേൽ?
കൈക്കു പിടിച്ചു നടത്തിക്കൊണ്ടു പോകുന്നവൻ
(യേശു..)

രോഗമെന്നെ പിടിച്ചെൻ-ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ-ദേഹം പുതുതാക്കീടാൻ?
(യേശു..)

പാപത്താൽ എന്നിൽ വന്ന-ശാപക്കറകൾ മാറ്റി
ശോഭിതനീതി വസ്ത്രം-ആഭരണമായ് നൽകും
(യേശു..)

വൻപിച്ച ലോകത്തിര-ക്കമ്പം തീരുവോളവും
മുൻപും പിൻപുമായവൻ-അൻപോടെന്നെ നടത്തും
(യേശു..)

ലോകമെനിക്കു വൈരി-ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കത്-ഏതും ഭയപ്പെടാ ഞാൻ
(യേശു..)

## 5

കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായ്ത്തീർന്നു
തൻ ചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ ജയം പാടീടുന്നു
മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും
ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനായ്

സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം
നന്ദിയോടാടി വണങ്ങും
ആർപ്പോടെ നിന്നെ ഘോഷിക്കും ഈ സിയോൻ യാത്ര
യിൽ
മുൻപോട്ടു തന്നെ ഓടുന്ന എൻ വിരുതിനായി
ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു
ശത്രുക്കൾ ആരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻ കൈയ്യിൽ നിന്നു
ദൂതന്മാരുടെ മദ്ധ്യത്തിൽ
എൻ ഭാഗ്യകാലം ഓർക്കുമ്പോൾ എന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ഞാൻ ആ ഭാഗ്യം കണ്ടപ്പോൾ
നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടീടും
രാജൻ മുഖം കണ്ടു എന്നും ഞാൻ ആഘോഷിക്കും
രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ
കോടി കോടി യുഗങ്ങളായി
മനോഹരമാം സിയോനിൽ ഞാൻ വേഗം ചേർന്നിടും
എൻ ക്ലേശമാകെ നീങ്ങിപോം അവിടെയെത്തുമ്പോൾ
നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിന്നതു എടുപ്പാൻ പാടില്ല
ആനന്ദം കൂടീടും സാനന്ദം പാടീടും
ശ്രീയേശു രാജൻ മുമ്പാകെ

## 6

യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൽ ഇരച്ചിൽ പോലെ
സ്തുതിച്ചീടുക അവന്റെ നാമം
ഹല്ലേലൂയ്യാ - ഹല്ലേലൂയ്യാ
മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും
ശക്തിയും ബലവുമെന്നേശുവിന്

എന്റെ കർത്താവേ എന്റെ യഹോവേ
നീ ഒഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവരെനിക്കു ശ്രേഷ്ഠന്മാർ തന്നെ (ഹല്ലേ...)
ഞാൻ യഹോവയ്ക്കായ് കാത്തു കാത്തല്ലോ
അവൻ എങ്കലേക്കു ചാഞ്ഞു കേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നെന്നെ കയറ്റി (ഹല്ലേ...)
എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എന്റെ കർത്താവിനു സ്തുതി തന്നെ (ഹല്ലേ...)

# 7

നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാനാരുമേ
(നീയല്ലോ....)
നീയല്ലോ ഞങ്ങൾക്കായി മന്നിടത്തിൽ വന്നതും
നീചരാം ഞങ്ങളുടെ പാപമെല്ലാം ഏറ്റതും
(നീയല്ലോ....)
കാൽവരി മലമുകളേറി നീ ഞങ്ങൾക്കായി
കാൽകരം ചേർന്നു തൂങ്ങി മരിച്ചുയരേകിയ
(നീയല്ലോ....)
ശത്രുവിന്നഗ്നിയസ്ത്രം ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയം തന്നു കാത്തുസൂക്ഷിച്ചീടുന്ന
(നീയല്ലോ....)
ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും പൊന്നേശുവേ
(നീയല്ലോ....)

നിത്യജീവമൊഴികൾ നിന്നിലുണ്ടു പരനേ
നിന്നെ വിട്ടിട്ടടിയങ്ങൾ എങ്ങുപോയി വസിക്കും?
(നീയല്ലോ....)

## 8

പരിശുദ്ധാത്മാവേ ശക്തിപകർന്നീടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ! നീ അറിയുന്നു
ആദ്യ നൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിലെന്നപോൽ ആത്മാവേ
അമിതബലം തരണേ (2)
(പരിശുദ്ധാ.....)

ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താന്റെ ശക്തിയെ ജയിച്ചീടുവാൻ
ധീരതയോടു നിൻ വേല ചെയ്‌വാൻ
അഭിഷേകം ചെയ്തീടണേ (2)
(പരിശുദ്ധാ.....)

കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നീടുവാൻ
പിൻമഴയെ വീണ്ടും അയക്കേണമേ
നിൻജനം ഉണർന്നീടുവാൻ (2)
(പരിശുദ്ധാ.....)

## 9

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ
സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ

അന്ധകാരവിരിപ്പുമാറ്റിടും
ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന
മോഹന ദിവ്യഗാനമേ
വിണ്ടുണങ്ങി വരണ്ട മാനസം
കണ്ട വിണ്ണിൽ തടാകമേ
മന്ദമായ് വന്നുവീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിതപാത നീ

# 10

പെന്തക്കൊസ്തു നാളിൽ മുൻമഴ പെയ്യിച്ച
പരമപിതാവേ പിൻമഴ നൽക
പിൻമഴ നൽകേണം മാലിന്യം മാറേണം
നിൻ ജനം ഉണർന്നു വേല ചെയ്യുവാൻ
മുട്ടോളമല്ല അരയോളം പോരാ
വലിയൊരു ജീവനദി ഒഴുക്ക
നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത
നീരുറവ ഇന്നു തുറക്ക നാഥ
(പെന്ത....)
സൈന്യത്താലെ അല്ല ശക്തിയാലുമല്ല
ദൈവത്തിന്റെ ആത്മാശക്തിയാലത്രെ
ആർത്തു പാടി സ്തുതിക്കാം ഹല്ലേലൂയ്യ പാടാം
ആണിക്കല്ലു കയറ്റാം ദൈവസഭ പണിയാം (പെന്ത....)
ചലിക്കുന്ന എല്ലാ പ്രാണികളും ഇന്ന്
ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ
ചൈതന്യം നൽകേണം നവജീവൻ വേണം
നിത്യതയിലെത്തി ആശ്വസിച്ചീടാൻ (പെന്ത....)

# 11

തന്നാലും നാഥാ ആത്മാവിനെ
ആശ്വാസദായകനേ
തന്നാലും നാഥാ നിൻ ജീവനേ
നിത്യസഹായകനേ (തന്നാലും.....)
അകതാരിലുണർവ്വിന്റെ പനിനീരു തൂകി
അവിരാമമൊഴുകി വരൂ!
വരദാനവാരിധേ ഫലമേകുവാനായ്
അനസ്യൂതമൊഴുകി വരൂ! (തന്നാലും.....)
പാപവും പുണ്യവും വേർതിരിച്ചേകുന്ന
ജ്ഞാനമായ് ഒഴുകി വരൂ!
ആത്മീയ സന്തോഷം ദാസരിൽ നൽകുന്ന
സ്നേഹമായ് ഒഴുകിവരൂ! (തന്നാലും.....)

# 12

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചീടും അവനുടെ ചുവടുകളെ
ഇഹലോകമോ തരുകില്ലൊരു
സുഖവും മനഃശ്ശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക്
(ദൈവകൃപ.....)
മനോവേദന പലശോധന
മമ ജീവിത പാതയതിൽ
മാറാതേറിടുമ്പോൾ ആത്മനാഥനവൻ
മാറിൽ ചാരി ഞാനാശ്വസിക്കും
(ദൈവകൃപ.....)

എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞീടുന്ന
ഏറ്റമടുത്ത സഹായകൻതാൻ
(ദൈവകൃപ.....)

എന്റെ ആയുസ്സിൻ ദിനമാകെയും
തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞീടും ഞാൻ
(ദൈവകൃപ.....)

# 13

എന്നെ അനുദിനം നടത്തുന്ന കർത്തനവൻ
എന്നെ കൃപയോടെ പാലിക്കും താതനവൻ
എൻ ആശ്വാസദായകനാം
എൻ വിശ്വാസനായകനാം
താണനിലം തേടുന്ന അരുവിപോലെ
ദാഹജലം കേഴുന്ന വേഴാമ്പൽപോലെ
ഞാൻ വലഞ്ഞീടും നാളുകളിൽ
എൻ തുണയായി അരികിലെത്തും (എന്നെ...)
ഇഹത്തിലെ ദുരിതങ്ങൾ പെരുകിടുമ്പോൾ
മനസ്സുഖമെന്നിൽ കുറഞ്ഞിടുമ്പോൾ
ഞാൻ ഗതിയില്ലാതലഞ്ഞിടുമ്പോൾ
എൻ തുണയായി അരികിലെത്തും (എന്നെ....)
ആകുലവ്യാധികൾ ഏറിടുമ്പോൾ
ദേഹവും ദേഹിയും തളർന്നിടുമ്പോൾ
ഞാൻ നിലയില്ലാതുഴഞ്ഞീടുമ്പോൾ
എൻ തുണയായി അരികിലെത്തും (എന്നെ....)

# 14

കൃപയാലെ അനുദിനവും
കാത്തിടുന്ന യേശുനാഥാ
കാൽവരിയിൽ യാഗമായ്
മമരക്ഷാദാനമേകാൻ
ഒരു ബലിയായ് നിന്നെയേകി
പാപഭാരം തീർത്തുവല്ലോ (കൃപ....)

കൂരിരുൾ തിങ്ങുമീ
ജീവിത പാതയിൽ
വന്നിടേണം നീ ദീപമായ്
തീർന്നിടേണം നീ മാർഗ്ഗമായ്
സാക്ഷ്യമായെന്നെയും നിന്നിലേകുന്നിതാ (കൃപ....)

സ്നേഹമാം ദൈവമേ
നീ തരും സാന്ത്വനം
ആശിശേകുന്ന പാതയായ്
ശാന്തിയേകുന്ന നാദമായ്
അന്തരംഗങ്ങളിൽ സ്നേഹസന്ദേശമായ് (കൃപ....)

# 15

ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ
നന്ദി ചൊല്ലി തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ
(ദൈവസ്നേഹം...)

സ്വന്തമായി ഒന്നുമില്ല സർവ്വതും നിൻ ദാനം
സ്വസ്ഥമായി ഉറങ്ങീടാൻ സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം നേടാനായാലും

ആത്മനഷ്ടമായാൽ ഫലമെവിടെ
(ദൈവസ്നേഹം...)
സ്വപ്നങ്ങൾ പൊലിഞ്ഞാലും ദുഃഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതെന്നാലും
അങ്ങെൻ മുമ്പേ പോയാൽ ഭയമെവിടെ
(ദൈവസ്നേഹം...)

# 16

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്രമനോഹരമേ - അതു
ചിന്തയിലടങ്ങാ - സിന്ധുസമാനമായി
സന്തതം കാണുന്നു ഞാൻ
ദൈവമേ നിൻ മഹാ സ്നേഹമതിൻ വിധം
ആർക്കു ചിന്തിച്ചറിയാം എനി-
ക്കാവതില്ലേയതിന്നാഴമളന്നിടാൻ
എത്ര ബഹുലമത് (എന്തതിശയമേ......)
ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിനെളുതോ പതി-
നായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ
പാരിലസാധ്യമഹോ (എന്തതിശയമേ......)
മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന - ഏക
ജാതനാം യേശുവേ പാതകർക്കായ് തന്ന
സ്നേഹമതിശയമേ (എന്തതിശയമേ......)
പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ് സ്നേഹ
വാപിയെ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു (എന്തതിശയമേ......)
ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും

ഒട്ടും നിഷേധിക്കാതെ എന്നെ
കേവലം സ്നേഹിച്ചു പാലിച്ചിടും - തവ
സ്നേഹമതുല്യമഹോ (എന്തതിശയമേ......)

## 17

എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനാമെൻ
നല്ല ദൈവമേ നന്മസ്വരൂപാ
എല്ലാ സൃഷ്ടികളേക്കാളുമുപരിയായി
നിന്നെ സ്നേഹിച്ചിടുന്നിതാ ഞാൻ
എന്റെ സൃഷ്ടാവാം രക്ഷാനാഥനെ ഞാൻ
മുഴുവാത്മാവും ഹൃദയവുമായ്
മുഴുമനമോടെയും സർവ്വശക്തിയോടും
സദാ സ്നേഹിച്ചിടും മഹിയിൽ (എല്ലാ....)
വല്ല പാപത്താലെ നിന്നെ ദ്രോഹിച്ചിടാൻ
വല്ലഭാ അനുവദിക്കരുതേ
നിന്നോടെളിയൊരേറ്റം ചെയ്യുന്നതിനു മുമ്പേ
നഷ്ടമാക്കീടാമഖിലവും ഞാൻ (എല്ലാ....)

## 18

ആകാശമേ കേൾക്ക
ഭൂമിയേ ചെവിതരിക
ഞാൻ മക്കളെ പോറ്റി വളർത്തി
അവരെന്നോടു മത്സരിക്കുന്നു
കാള തന്റെ ഉടയവന്റെ
കഴുത തന്റെ യജമാനന്റെ
പുൽതൊട്ടി അറിയുന്നല്ലോ
എൻ ജനം അറിയുന്നില്ല
(ആകാശമേ....)
അകൃത്യ ഭാരം ചുമക്കും ജനം

ദുഷ്പ്രവൃത്തിക്കാരുടെ മക്കൾ
വഷളായി നടക്കുന്നവർ
ദൈവമവരെ അറിയുന്നില്ല
(ആകാശമേ....)
ആകാശത്തിൽ പെരിഞ്ഞാറയും
കൊക്കും മീവൽ പക്ഷിയും
അവർ തന്റെ കാലം അറിയും
എൻ ജനമൊ അറിയുന്നില്ല
(ആകാശമേ....)

## 19

ഇത്രനാൾ ഞാൻ മറന്ന സത്യമാണ് ദൈവം
ഇത്രനാൾ ഞാൻ മറന്ന സ്നേഹമാണ് ദൈവം
ഇത്രനാൾ ഞാൻ മറന്ന വചനമാണ് ദൈവം
എത്ര വൈകി ദൈവമേ നിന്നെ അറിയുവാൻ
മനമുയർത്തി സ്വരമുയർത്തി
ഹാല്ലേലൂയ്യ പാടിടാം
പാവനാത്മ നിറവിലെന്നും
ഹാല്ലേലൂയ്യ പാടിടാം (2)
ഇത്രനാൾ നഷ്ടമായ നന്മയാണു ദൈവം
ഇത്രനാൾ ഞാൻ വെടിഞ്ഞ മാർഗ്ഗമാണ് ദൈവം
എന്റെ ഏക ലക്ഷ്യമാണു ജീവനാണു ദൈവം
എത്ര വൈകി ദൈവമേ നിന്നെ അറിയുവാൻ
(മനമുയർത്തി...)
നിത്യമെന്നെ കാത്തിടുന്ന താതനാണു ദൈവം
നിത്യരക്ഷ നല്കിടുന്ന പുത്രനാണു ദൈവം
ഹൃത്തിനുള്ളിൽ വാസമാകും ആത്മനാണു ദൈവം
എത്ര വൈകി ദൈവമേ നിന്നെ അറിയുവാൻ
(മനമുയർത്തി...)

# 20

എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ജാനിക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു
വൈഷമ്യമുള്ളേതുകുന്നും കരകേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്ക് വേഗമായ്
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടിടും
ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായ് തീർന്നുവെന്നോ
മാനസത്തിലാധി പൂണ്ടു ഖേദിപ്പാൻ
സാധു അന്ധനായ് തീർന്നിടല്ലേ ദൈവമേ
എന്റെ നിത്യസ്നേഹിതന്മാർ ദൈവദൂത സംഘമത്രെ
ഇപ്പോളവർ ദൈവമുമ്പിൽ സേവയാം
എന്നെ കാവൽ ചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും
ദുഃഖിതനായോടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെയോർത്തു ദൈവദൂതർ വന്നിടും
ഏറ്റം സ്നേഹചൂടോടപ്പമായ് വന്നിടും
നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം
ഭാരമില്ല ഓരോനാളും ദൈവമെന്നെ പോറ്റുന്നു
തന്റെ കൈകളിൽ ഞാൻ ദിനംതോറും ചാരുന്നു
കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായ് വേണ്ടതേകുന്നു
ലില്ലി പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു
പത്മോസ് ദ്വീപിൽ ഏകനായ് ഞാൻ വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെന്റെ പ്രിയൻ വന്നിടും
മഹാദർശനത്താൽ വിവശനായ് തീരും ഞാൻ
ഹാ! മഹേശാ! കരുണേശാ! പൊന്നുതാതാ! നീയെനിക്കായ്
വേണ്ടതെല്ലാം ദയതോന്നി നൽകുമ്പോൾ
എന്റെ ദേഹി വൃഥാ കലങ്ങുന്നതെന്തിനായ്?

## 21

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തീടുമേ
അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തീടും ധരയിൽ
ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം (സാധു.....)
കണ്ണുനീരിൻ താഴ്വരയിൽ
കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ
കണ്ണുനീരെല്ലാം തുടയ്ക്കും (സാധു.....)
വിണ്ണിലെന്റെ വീടൊരുക്കി
വേഗം വന്നിടും പ്രിയനായ്
വേലചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ (സാധു.....)

## 22

പ്രാർത്ഥന കേൾക്കണമെ
കർത്താവേ എൻ
യാചന നൽകണമെ
പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ
ക്കുത്തരം തന്നരുളാമെന്നുള്ളൊരു
വാഗ്ദത്തം പോൽ ദയവായ് (പ്രാർത്ഥന....)
താതനും മാതാവും നീയെനിക്കില്ലാതെ
ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ (പ്രാർത്ഥന....)
നിത്യതയിൽ നിന്നുള്ളത്യന്തസ്നേഹത്താൽ
ശത്രുതയകറ്റി എനിക്കുനീ പുത്രത്വം തന്നതിനാൽ
(പ്രാർത്ഥന....)

സ്വന്തകുമാരനെയാദരിക്കാതെന്മേൽ സിന്ധുസമം
കനിഞ്ഞ സംപ്രീതിയോർത്തന്തികെ ചേർന്നിരുന്നെൻ
(പ്രാർത്ഥന....)

# 23

പ്രാർത്ഥനക്കുത്തരം നല്കുന്നോനേ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയാനുഗ്രഹ ഭണ്ഡാരത്തിൽ
വാതിൽ തുറക്കണമേ
കേൾക്കണേ എൻ പ്രാർത്ഥന
നൽകണേ എൻ യാചന
പുത്രന്റെ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനേ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ
(കേൾക്കണേ....)

വചനമെന്നാത്മാവിൻ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരുശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ
(കേൾക്കണേ....)

പാപവും രോഗവും അകറ്റിടുമാ
രുധിരത്തിൻ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കണമേ
(കേൾക്കണേ....)

# 24

നീ എന്റെ പ്രാർത്ഥന കേട്ടു
നീയെന്റെ മാനസം കണ്ടു

ഹൃദയത്തിനൾത്താരയിൽ
വന്നെൻ അഴലിൻ കൂരിരുൾ മാറ്റി
പനിനീരു വിരിയുന്ന പറുദീസ നൽകി
പാരിൽ മനുഷ്യനായ് ദൈവം
അതിനുള്ളിൽ പാപത്തിൻ പാമ്പിനെ
പോറ്റുന്ന അറിയാത്ത മർത്ത്യന്റെ കൈകൾ
(നീ എന്റെ..)
ചെന്നായ്ക്കളെപ്പോലും പുള്ളിമാനാക്കുന്ന
നിൻ സ്നേഹമുന്തിരിപൂക്കൾ
എന്നും പകരണമീ ഭവനത്തിലെ
കണ്ണീരിൽ യോർദ്ദാൻ കരയിൽ (നീ എന്റെ..)

## 25

എന്നെ നിൻ കയ്യിലെടുത്തു കാത്തുകൊള്ളേണം
പാപങ്ങൾ പോക്കിയെന്നെ വെണ്മയാക്കേണം
ശുദ്ധാത്മാവിനെ എന്റെയുള്ളിൽ എന്നും നിറയ്ക്കേണം
എന്നെ നിൻ ഓമനയാക്കി മാറിലണയ്ക്കേണം
ദിനം ദിനം തോറുമുള്ള എന്റെ ചില ചിന്തകൾ
എന്റെ പല വാക്കുകൾ
നിനക്കരുതാത്തതാകയാൽ നാഥാ (എന്നെ നിൻ)
അനുദിനം അൻപോടെന്നെ നടത്തുന്ന കൃപയ്ക്കായ്
ആയിരം - ആയിരം
സ്തോത്രഗീതമർപ്പിക്കുന്നിതാ നാഥാ (എന്നെ നിൻ)

## 26

കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ
ഒപ്പിയെടുക്കാൻ വന്നവനാം
ഈശോയേ ഈശോയേ
ആശ്വാസം നീയല്ലോ

കുഞ്ഞായ് വന്നു പിറന്നവൻ
കുഞ്ഞുങ്ങളാകാൻ പറഞ്ഞവൻ
സ്വർഗ്ഗത്തിൽ ഒരു പൂന്തോട്ടം
നല്ല കുഞ്ഞുങ്ങൾക്കായി തീർത്തവനേ
നീ വരൂ നീ വരൂ പൂന്തിങ്കളായ്
നീ വരൂ നീ വരൂ പൂന്തെന്നലായ്
തെറ്റു ചെയ്താലും സ്നേഹിക്കും
നന്മകൾ ചൂണ്ടിക്കാണിക്കും
സ്നേഹത്തിൻ മലർതേനുണ്ണാൻ
നല്ല കുഞ്ഞുങ്ങളെ ചേർത്തവനേ
നീ വരൂ നീ വരൂ പൂന്തിങ്കളായ്
നീ വരൂ നീ വരൂ പൂന്തെന്നലായ്

## 27

നിത്യവിശുദ്ധയാം കന്യമറിയമേ
നിൻ നാമം വാഴ്ത്തപ്പെടട്ടേ
നന്മനിറഞ്ഞ നിൻ സ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ
കാറ്റുവിതച്ചു കൊടുങ്കാറ്റു പെയ്യുന്ന
മേച്ചിൽ പുറങ്ങളിലൂടെ
അന്തിക്കിടയനെ കാണാതലഞ്ഞീടും
ആട്ടിൻ പറ്റങ്ങൾ ഞങ്ങൾ
മേയും ആട്ടിൻ പറ്റങ്ങൾ ഞങ്ങൾ (നിത്യ...)
ദുഃഖിതർ ഞങ്ങൾക്കായ് വാഗ്ദാനം കിട്ടിയ
സ്വർഗ്ഗകവാടത്തിൻ മുമ്പിൽ
മുൾമുടി ചൂടി കുരിശും ചുമന്നിതാ
മുട്ടി വിളിക്കുന്നു ഞങ്ങൾ ഇന്നും
മുട്ടി വിളിക്കുന്നു ഞങ്ങൾ (നിത്യ...)

# 28

വന്ദനം യേശുപരാ! നിനക്കെന്നും
വന്ദനം യേശുപരാ!
വന്ദനം ചെയ്യുന്നു
നിന്നടിയാർ തിരുനാമത്തിന്നാദരവായ്
ഇന്നു നിൻ സന്നിധിയിൽ
അടിയാർക്കു വന്നു ചേരുവതിന്നായ്
തന്നതിന്നുന്നതമാം
കൃപയ്ക്കഭിവന്ദനം ചെയ്തിടുന്നേ! (വന്ദനം..... )
നിൻ രുധിരമതിനാൽ
പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാവിൻ സന്നിധെ
വന്നിടാമേ സതതം (വന്ദനം..... )
ഇത്രമഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല, നിന്റെ കൃപ എത്ര വിചിത്ര മഹോ
(വന്ദനം..... )
വാനദൂതഗണങ്ങൾ മനോഹര ഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി സ്തുതിക്കുന്ന
വാനവനേ നിനക്ക് (വന്ദനം..... )
മന്നരിൽ മന്നവൻ നീ മനുകുലത്തിനു
രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ പിതാവിന്നു
സന്നിഭൻ നീ അല്ലയോ (വന്ദനം..... )
നീയൊഴികെ ഞങ്ങൾക്കു സുരലോകെ
ആരുള്ളു ജീവനാഥാ!
നീയൊഴികെ ഇഹത്തിൽ
മറ്റാരുമില്ലാഗ്രഹിപ്പാൻ പരനേ (വന്ദനം..... )

# 29

ആരാധനയ്ക്കു യോഗ്യനെ
നിന്നെ ഞങ്ങൾ ആരാധിച്ചീടുന്നിതാ
ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിൽ ആരാധിക്കാം
കർത്താവിനെ നിത്യം സ്തുതിച്ചിടും ഞാൻ
പാപത്താൽ നിറയപ്പെട്ട എന്നെ
നിന്റെ പാണിയാൽ പിടിച്ചെടുത്തു
പാവനനിണം തന്നു പാപത്തിൻ കറ പോക്കി
രക്ഷിച്ചതാൽ നിന്നെ ഞാൻ എന്നാളും
ആത്മാവിൽ ആരാധിക്കാം (ആരാ.....)
വാഗ്ദത്തം പോലെ നിന്റെ സന്നിധാനേ
നിൻ മക്കൾ കൂടിടുമ്പോൾ
മധ്യേ വന്നനുഗ്രഹം ചെയ്തിടാമെന്നുര
ചെയ്തവൻ നീ മാത്രമേ നിന്നെ ഞങ്ങൾ
ആത്മാവിൽ ആരാധിക്കാം (ആരാ.....)
ആദിമനൂറ്റാണ്ടിൽ നിൻ ദാസർ
മർക്കോസിൻ മാളികയിൽ
നിന്നാവി പകർന്നപോൽ നിൻ ദാസർ മദ്ധ്യത്തിൽ
നിൻ ശക്തി അയച്ചീടുക നിന്നെ
ഇന്നു ആത്മാവിൽ ആരാധിക്കാം (ആരാ.....)
ഹോരേബിൽ മോശകണ്ട മുൾപ്പടർപ്പിൽ
കത്തിയതാം അഗ്നി നീ
നിൻ മക്കളിൽ പകർന്നത്ഭുതം ചെയ്യുവാൻ
ബന്ധനം അഴിച്ചിട്ടിന്നു നിൻ ദാസർ
ആത്മാവിൽ ആരാധിക്കാം (ആരാ.....)

# 30

ദൈവത്തിന്നു സ്തോത്രം ദൈവത്തിന്നു സ്തോത്രം
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും

കാൽവരി മലയിൽ ക്രൂശിൽ മരിച്ചോരു
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചോരു
രക്ഷകന്നു സ്തോത്രം ഇന്നും എന്നേക്കും
ആത്മശക്തിയാലെന്നുള്ളം നിറച്ചോരു
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
ദൃഷ്ടി എന്റെ മേൽ വച്ചിഷ്ടമായ് നോക്കുന്ന
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
ഓരോ നാളും എന്റെ ഭാരം ചുമക്കുന്ന
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
വൻകൃപയിൽ എന്നെ ഇന്നയോളം കാത്ത
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
എല്ലാ രോഗങ്ങൾക്കും നല്ല വൈദ്യനായ
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും
കണ്ണുനീർ തൂകുമ്പോൾ കരളലിയുന്ന
ദൈവത്തിന്നു സ്തോത്രം ഇന്നും എന്നേക്കും

# 31

തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ
നാവെനിക്കെന്തിനു നാഥാ
അപദാനമെപ്പോഴും ആലപിച്ചില്ലെങ്കിൽ
അധരങ്ങളെന്തിനു നാഥാ
ഈ ജീവിതമെന്തിനു നാഥാ (തിരുനാമ.....)

പുലരിയിൽ ഭൂപാളം പാടിയുണർത്തുന്ന
കിളികളോടൊന്നു ചേർന്നാർത്തു പാടാം (2)
പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന
കുളിർകാറ്റിലലിഞ്ഞു ഞാൻ പാടാം (2)
(തിരുനാമ.....)

അകലെയാകാശത്ത് വിരിയുന്ന താരതൻ
മിഴികളിൽ നോക്കി ഞാൻ ഉയർന്നു പാടാം (2)
വാനമേഘങ്ങളിൽ ഒടുവിൽ നീയെത്തുമ്പോൾ
മാലാഖമാരൊത്തു പാടാം (2) (തിരുനാമ.....)

# 32

സൃഷ്ടികളെ സ്തുതി പാടുവിൻ
നാഥനെ വാഴിത്തിടുവിൻ
മഹിമകൾ തിങ്ങും ഇഹപരമേ നിത്യം
പാടിപ്പുകഴ്ത്തീടുവിൻ
വാനിടമേ ദൈവദൂതരേ നാഥനെ വാഴ്ത്തിടുവിൻ
അംബരമേ ജനസഞ്ചയമേ, നിത്യം പാടിപ്പുകഴ്ത്തിടുവിൻ
ഉന്നത ശാക്തികരേവരും നാഥനെ വാഴ്ത്തിടുവിൻ
പകലവനേ വിൺപനിമതിയേ നിത്യം പാടിപ്പുകഴ്ത്തിടുവിൻ
തീയും ചൂടും ശൈത്യവുമേ-നാഥനെ വാഴ്ത്തിടുവിൻ
ഹിമകണമേ കാർമേഘവുമേ നിത്യം പാടിപ്പുകഴ്ത്തിടുവിൻ
ഇരുളും പ്രഭയും രാപകലും നാഥനെ വാഴ്ത്തിടുവിൻ
ഇടിയും മിന്നൽ പിണരുകളും നിത്യം പാടിപ്പുകഴ്ത്തീടുവിൻ
ഭൂവും സകല ചരാചരവും-നാഥനെ വാഴ്ത്തിടുവിൻ
കുന്നുകൾ താഴ്വര സമതലവും നിത്യം പാടിപ്പുകഴ്ത്തീടുവിൻ

# 33

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ
തിരുനാമമുയർന്നിടട്ടെ (2)
സ്നേഹത്തിലൂടെയെല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ നിൻസ്വഭാവം പകരണമേ ദിവ്യ

തേജസ്സാലെന്നെ നിറയ്ക്കണമേ (എല്ലാം)
ആത്മാവിൻ ശക്തിയോടെ ജിവിപ്പാൻ
ആത്മനൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മദായക നിരന്തരമായെന്നി
ലാത്മദാനങ്ങൾ പകരണമേ (എല്ലാം)
നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ
അങ്ങേ വാഴ്വിന്നായി മാത്രം തീരണമേ (എല്ലാം)
വക്രത നിറഞ്ഞ പാപലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻജനം
നിന്റെ പൊന്നുനാമ മഹത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നല്കണമെ (എല്ലാം)

# 34

ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവിൻ (2)
സന്തോഷത്തോടെ വന്നുകൂടുവിൻ
സംഗീതത്തോടെ സ്തുതിപാടുവിൻ
അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
അവൻ വല്ലഭനല്ലോ സ്തുതി എന്നുമുള്ളത് (2)
(ഭൂവാസികളെ...)

യഹോവ തന്നെ ദൈവമെന്നറിവിൻ
അവൻ നമ്മെ മെനഞ്ഞുവല്ലോ (2)
അവൻ നമുക്കുള്ളവൻ നാം അവനുള്ളവർ
അവനെ വാഴ്ത്തീടുവിൻ (2) (അവൻ...)

യഹോവ തന്നെ വിശ്വസ്തനെന്നറിവിൻ
അവൻ നമ്മെ വിടുവിച്ചല്ലോ (2)
അവൻ നല്ലിടയൻ തന്റെ ആടുകൾ നാം
അവനെ സ്തുതിച്ചീടുവിൻ (2)
(അവൻ...)

# 35

ഞാനെന്നും സ്തുതിക്കും എൻ പരനെ തിരുവരസുതനെ
ആനന്ദഗാനങ്ങൾ പാടി പുകഴ്ത്തി ഞാനെന്നും സ്തുതിക്കും (2)
പാപത്തിൻ ശാപത്തിൽനിന്നും
എന്റെ പ്രാണനെ കാത്തവനെന്നും
പാരിൽ തന്നമ്പിനു തുല്യമില്ലൊന്നും (ഞാനെന്നും....)
ആയിരം നാവുകളാലും
പതിനായിരം വാക്കുകളാലും
ആ ദിവ്യസ്നേഹമവർണ്ണ്യമരാലും (ഞാനെന്നും....)
നിത്യത തന്നിൽ ഞാനെത്തും
നിന്റെ ദിവ്യപാദങ്ങൾ ഞാൻ മുത്തും
ഭക്തിയാലാനന്ദസംഗീതമീട്ടി (ഞാനെന്നും....)

# 36

ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻപേർക്കായി ചാകുന്നു
ആത്മാവേ പാപത്തിൻ കാഴ്ച നീ കാണുക
ദൈവത്തിൽ പുത്രാ നീ ശാപത്തിലായല്ലോ
ഇത്രമാ സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലെ
പാപത്തെ സ്നേഹിപ്പാൻ ഞാനിനീ പോകുമോ
ദൈവത്തിൽ പൈതലായ് ജിവിക്കും ഞാനിനി
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
ശത്രുക്കൾ നിന്ദയും ദൂഷ്യവും ചൊല്ലുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
പാപത്തിൻ ശോധന കേമമായ് വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

ആപത്തിൻ ഓളങ്ങൽ സാധുവെ ഓർക്കും ഞാൻ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
ശത്രുത്വം വർദ്ധിച്ചാൽ പീഢകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
ആത്മാവെ ഓർക്ക നീ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രാ നീ സാധുവെ സ്നേഹിച്ചു

# 37

കണ്ടാലും കാൽവരിയിൽ
കുരിശിൽ ശിരസ്സതും ചാഞ്ഞുപരൻ
കണ്ടിടുക പ്രിയനെ നിനക്കായ്
തൂങ്ങീടുന്നു മൂന്നാണികളിൽ
ശിരസ്സിൽ മുൾമുടി അണിഞ്ഞവനായ്
ഹൃദയം നിന്ദയാൽ തകർന്നവനായ്
വേദനയാലേറ്റം വലഞ്ഞവനായ്
തൻ ജീവനെ വെടിയുന്ന സ്വയം നിനക്കായ്
(കണ്ടാലും...)

ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട
കളങ്കമില്ലാ ദൈവകുഞ്ഞാടിതാ
ലോകത്തിൻ പാപങ്ങൾ ചുമന്നുകൊണ്ട്
വാനിനും ഭൂവിനും മദ്ധ്യേ തൂങ്ങീടുന്നു (കണ്ടാലും...)
സമൃദ്ധിയായ് ജീവജലം തരുവാൻ
പാനീയയാഗമായ് തീർന്നവനെ
കയ്പുനീർ ദാഹത്തിന്നേകീടവേ
നിനക്കായ് അവനതും പാനം ചെയ്തു (കണ്ടാലും)
പാതകർക്കായ് ക്ഷമ യാചിച്ചവൻ
പാതകലോകം വെടിഞ്ഞിടുമ്പോൾ
നിവർത്തിയായ് സകലമെന്നോതിയഹോ
സ്വന്തപ്രാണൻ പിതാവിനെ ഏൽപ്പിക്കുന്നു
(കണ്ടാലും.... )

# 38

രക്ഷിതാവിനെ കാൺക പാപീ
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു
കാൽവരി മലമേൽ നോക്കു നീ
കാൽകരം ചേർന്നിതാ ആണിമേൽ തൂങ്ങുന്നു
ധ്യാനപീഠമതിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ കാണുക
പാപത്തിൽ ജിവിയ്ക്കുന്നവനേ
നിന്റെ പേർക്കല്ലയോ തൂങ്ങുന്നീ രക്ഷകൻ
തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനയ്ക്കേണ്ട നിന്നുള്ളിൽ നീ
ഉള്ളം നീ മുഴുവൻ തുറന്നു
തളളയാമേശുവിൻ കയ്യിൽ ഏല്പിക്ക നീ (രക്ഷിതാവിനെ.....)

# 39

ഗോഗുൽത്താമലയിൽനിന്നും
വിലാപത്തിൻ മാറ്റൊലി കേൾപ്പൂ
ഏവമെന്നെ ക്രൂശിലേറ്റുവാൻ
അപരാധമെന്തു ഞാൻ ചെയ്തു (2)
നിങ്ങളെ ഞാൻ ഉയർത്താൻ വന്നു
ക്രൂശിലെന്നെ തറച്ചു നിങ്ങൾ
മോക്ഷവാതിൽ തുറക്കാൻ വന്നു
ശിക്ഷയായെൻ കൈകൾ ബന്ധിച്ചു
(ഗോഗുൽത്താ....)

മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായ്
മുന്തിരിച്ചാറൊരുക്കി വച്ചു
എങ്കിലുമീ കൈപ്പുനീരല്ലേ
ദാഹശാന്തിയെനിക്കു നൽകി (ഗോഗുൽത്താ....)

# 40

അക്കരയ്ക്കു യാത്ര ചെയ്യും സിയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട
കാറ്റിനെയും കടലിനെയും നിയന്ത്രിപ്പാൻ
കഴിവുള്ളോൻ പടകിലുണ്ട്   (2)
എന്റെ ദേശം ഇവിടെയല്ല
ഇവിടെ  ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണെന്റെ ശാശ്വത നാട്-
അവിടെ എനിക്കൊരുക്കിയ ഭവനമുണ്ട്  (അക്കരെ...)
വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞിടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത്  (അക്കരെ...)
മരണയോർദ്ദാൻ കടക്കുമ്പോഴും
അവിടെയും വിശ്വാസി ഭയപ്പെടേണ്ട
മരണത്തെ ജയിച്ച് യേശു കൂടെയുണ്ട്
ഉയിർപ്പിക്കും കാഹളധ്വനിയതിങ്കൽ  (അക്കരെ...)

# 41

പുത്തനാമേരുശലേമിൽ എത്തും കാലമോർക്കുമ്പോൾ
ഇദ്ധരയിൽ ഖേദമെല്ലാം മാഞ്ഞുപോകുന്നേ (2)
കഷ്ടത പട്ടിണി ഇല്ലാത്ത നാട്ടിൽ നാം
കർത്താവൊരുക്കുന്ന സന്തോഷവീട്ടിൽ നാം (2)
തേജസ്സേറും മോഹന കിരീടങ്ങൾ ധരിച്ചു നാം
രാജരാജനേശുവോട് കൂടെ വാഴുമേ (2)
നീതി സൂര്യശോഭയാലെൻ അല്ലലിരുൾ മാറിടും
ഭീതിയുമനീതിയുമങ്ങില്ല ലേശവും
സന്തോഷശാഭനം ആ നല്ല നാളുകൾ
ലോകം ഭരിച്ചിടും കർത്താവിൻ നാളുകൾ

ശോകം, രോഗം, യുദ്ധം, ക്രൂദ്ധജാതികളിൽ വിപ്ലവം
പോകുമെല്ലാം യേശുരാജൻ ഭൂവിൽ വാഴുമ്പോൾ
(പുത്തനാ....)

സത്യശുദ്ധപാതയിൽ നടന്നു വന്ന ശുദ്ധന്മാർ
വീണ്ടെടുക്കപ്പെട്ട സർവ്വ ദൈവമക്കളും (2)
ഉല്ലാസഘോഷമായ് സീയോനിൽ വന്നിടും
ദുഃഖം നെടുവീർപ്പും സർവ്വവും തീർന്നിടും
നിത്യനിത്യ സന്തോഷം ശിരസ്സിൽ ഹാ....വഹിച്ചവർ
നിത്യതക്കുള്ളിൽ മറയും തീരും കാലവും
(പുത്തനാ....)

# 42

വിശ്വാസജീവിത പടകിൽ ഞാൻ
സീയോൻ നഗരിയിൽപോകുന്നു ഞാൻ
വിശ്വാസനായകനേശുവേ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ
അലകൾ പടകിൽ അടിച്ചെന്നാൽ
അല്ലലൊരല്പവും ഇല്ലെനിക്ക്
ആഴിയും മൂഴിയും നിർമ്മിച്ച നാഥൻ
അഭയമായെന്നരികിലുണ്ട്
നാനാപരീക്ഷകൾ വേദനകൾ
നന്നായെനിക്കിന്നുണ്ടായീടിലും
നാഥനെയുള്ളത്തിൽ ധ്യാനിച്ചുയെൻ
ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ
മരണനിഴലിൽ താഴ്വരയിൽ
ശരണമായെനിക്കേശുവുമുണ്ട്
കരളലിഞ്ഞു എൻ കൈകൾ പിടിച്ചു
കരുതി നടത്തുമെന്നന്ത്യം വരെ
വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നു ചേരും

കണ്ണുനീരൊക്കെയും അന്നു തീരും
എണ്ണിയാൽ തീരാത്ത വൻകൃപകൾ
വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ

# 43

ലോകമാം ഗംഭീരവാരിധിയിൽ
വിശ്വാസക്കപ്പലിൽ ഓടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടുകൂടെ വിശ്രമിക്കും
യാത്രചെയ്യും ഞാൻ ക്രൂശേനോക്കി
യുദ്ധം ചെയ്യുംഞാൻ യേശുവിനായ്
ജീവൻ വെച്ചീടും രക്ഷകനായി
അന്ത്യശ്വാസം വരെയും (2)
പൂർവ്വ പിതാക്കളും അപ്പോസ്തലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണിയീ ലോകമതിൽ
(യാത്രചെയ്യും.....)
ജീവനെന്നേശുവിൽ അർപ്പിച്ചിട്ടു അക്കരെനാട്ടിൽ
ഞാനെത്തിടുമ്പോൾ
ശുദ്ധപാളുങ്കിൽ കടൽത്തീരത്തിൽ യേശുവിൻ
പൊൻമുഖം മുത്തിടും ഞാൻ (യാത്രചെയ്യും....)
ലോകത്തിൻ ബാലത കോമളത്വം വസ്തുവകകൾ
പൊൻനാണയങ്ങൾ സ്ഥാനങ്ങൾ മാനങ്ങൾ
നശ്വരമാം മേലുള്ളെറുശലേം നിത്യഗേഹം
(യാത്ര ചെയ്യും....)
ലോകം ത്യജിച്ചതാം സിദ്ധന്മാരും നിർമ്മല
ജ്യോതിസ്സാം ദൂതന്മാരും
രക്തസാക്ഷികളാം സ്നേഹിതരും സ്വാഗതം ചെയ്യും
മഹൽസദസിൽ (യാത്ര ചെയ്യും...)

# 44

സിയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ
മോക്ഷയാത്രയാണിത് ഞാൻ നടപ്പതേ!
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നീടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങീടും (സിയോൻ....)
ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ലാ ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമെ!
നീതരും പേരെനിക്കെന്തിനായ്? (സിയോൻ....)
സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
ഭാരവും പാപവും വിട്ടു ഞാനോടുമാ -
നേരവും യേശുവേ നോക്കീടും (സിയോൻ....)
എന്നെ നേടിയ സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോ-
കയിൽ ക്ഷീണമെന്തന്നറികില്ല ഞാൻ..(സിയോൻ....)
ബാലശിക്ഷ നല്കും എന്നപ്പനെങ്കിലും
ചേലെഴും തൻ സ്നേഹം കുറഞ്ഞു പോയിടാ
നന്മയെ തൻ കരം നല്കുമെന്നീശനിൽ
എൻ മനം വിശ്രമം തേടിടും (സിയോൻ....)

# 45

സിയോൻ യാത്രയതിൻ മനമേ
ഭയമൊന്നും വേണ്ടിനിയും
അബ്രഹാമിൻ ദൈവം
ഇസഹാക്കിൻ ദൈവം

യാക്കോബിൻ ദൈവം
എന്നും കൂടെയുള്ളതാൽ (സിയോൻ....)
ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവമന്നാ തന്നവൻ എന്നെ
ക്ഷേമമായ് പാലിക്കുന്നു (അബ്രഹാ....)
മനുഷ്യരിൻ ആശ്രയമോ - അതു
വേണ്ടാനിശ്ചയമായ്
ദൈവത്തിൽ ആശ്രയമോ അത്
ഒന്നാണെനിക്കഭയം (അബ്രഹാ....)
ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായി തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായി മാറിടുന്നു (അബ്രഹാ....)

## 46

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്തവീട്ടിൽ ചേർന്നീടുവാൻ
മമനാഥനെ ഒന്നു കാണുവാൻ
ദിനം കാത്തു പാർത്തീടുന്നു
മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരു നാളും നീ പിരിയാതെന്നെ
കരുതുന്നു കൺമണിപോൽ (സ്വർഗ്ഗ....)
നല്ല നാഥനെ നിനക്കായി ഞാൻ
വേലചെയ്യുമന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധേ
വരാതില്ല പാരിൽ വിശ്രമവും (സ്വർഗ്ഗ....)
കർത്തൃ കാഹളം വാനിൽ കേൾക്കുവാൻ

കാംക്ഷിച്ചീടുന്നേ പ്രിയനേ
ആശയേറുന്ന നിന്നെ കാണുവാൻ
ആമേൻ യേശുവേ വരണേ (സ്വർഗ്ഗ....)

# 47

ആശ്വാസത്തിൻ ഉറവിടമാം ക്രിസ്തു
നിന്നെ വിളിച്ചീടുന്നു (2)
അധ്വാന ഭാരത്താൽ വലയുന്നോരേ
ആശ്വാസമില്ലാതലയുന്നോരേ
ആണിപ്പാടുള്ളവൻ കരങ്ങൾ നീട്ടി
നിന്നെ വിളിച്ചീടുന്നു (2) (ആശ്വാസ....)
പാപന്ധകാരത്തിൽ കഴിയുന്നോരേ
രോഗങ്ങളാൽ മനം തകർന്നവരേ (2)
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2) (ആശ്വാസ....)
വാതിൽക്കൽ വന്നിങ്ങുമുട്ടീടുന്ന
ആശ്വസമരുളാൻ വന്നീടുന്ന (2)
അരുമപിതാവിന്റെ ഇമ്പ സ്വരം
നീയിന്നു ശ്രവിച്ചീടുമോ (2) (ആശ്വാസ....)

# 48

ആശ്വാസമേ, എനിക്കേറെ തിങ്ങിടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ നോക്കീടുമ്പോൾ
സ്നേഹമേറീടും എൻ രക്ഷകൻ സന്നിധേ
ആനന്ദകൂട്ടരേ കാണുന്നല്ലോ
ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുറ്റും നിന്നു സ്തുതി ചെയ്തിടുന്നു
തങ്കത്തിരുമുഖം കാണ്മാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു

തൻമക്കളിൻ കണ്ണുനീരെല്ലാം താതൻ താൻ
എന്നേക്കുമായ് തുടച്ചീടുമല്ലോ
പൊൻവീണകൾ ഏന്തി ആമോദപൂർണ്ണരായി
കർത്താവിനെ സ്തുതി ചെയ്യുന്നവർ
കുഞ്ഞാടിന്റെ രക്തം തന്നിൽ തങ്ങൾ അങ്കി
നന്നായി വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണവിശുദ്ധരായി തീർന്നവൻ യേശുവിൻ
തങ്കരുധിരത്തിൽ ശക്തിയാലേ
തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോല ഏന്തിട്ടവർ സ്തുതി
പാടിയിട്ടാനന്തമോടാർത്തീടുന്നു.
ചേർന്നിടുമേ വേഗം ഞാനും അക്കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ട എനിക്കൊന്നും വേണ്ട എന്റെ
നാഥന്റെ സന്നിധേ ചേർന്നാൽ മതി
കർത്താവേ വിശ്വാസപ്പോരിൽ തോൽക്കാതെന്നെ
അവസാനത്തോളം നീ നിർത്തണമെ
ആകാശമേഘത്തിൽ കാഹളനാദത്തിൽ
അടിയനും നിൻ മുന്നിൽ കാണേണമേ

## 49

എന്റെ യേശു എനിക്കുനല്ലവൻ
അവനെന്നെന്നും മതിയായവൻ
ആപത്തിൽ രേഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമേ അവൻ മതിയായവൻ
കാൽവരി മലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എന്റെ വേദന സർവ്വവും നീക്കിയെന്നിൽ

പുതുജീവൻ പകർന്നവനാം (എന്റെ....)
അവനാദ്യനും അന്ത്യനുമേ
ദിവ്യസ്നേഹത്തിനുറവിടമേ
പതിനായിരത്തിൽ അതിശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ (എന്റെ....)
മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങളനു നിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിത്തൂണായ്
എന്നെ അനുദിനം വഴി നടത്തും (എന്റെ....)

## 50

എന്റെ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാരദൂതനെന്നെ കടന്നുപോയി
കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടാക്ഷണത്തിൽ
ഫറവോനു ഞാനിനി അടിമയല്ല
പരമ സിയോനിൽ ഞാനന്യനല്ല
മാറായെ മധുരമാക്കി തീർക്കുമവൻ
പാറയെ പിളർന്നു ദാഹം പോക്കുമവൻ
മരുവിലെൻ ദൈവമെനിക്കധിപതിയേ
തരുമവൻ പുതുമന്നാ അതുമതിയെ
മനോഹരമായ കനാൻ ദേശമേ
അതേ എനിക്കഴിയാത്തൊരവകാശമേ
ആനന്ദമേ പരമാനന്ദമേ
കനാൻ ജീവിതമെനിക്കാനന്ദമേ
എന്റെ ബലവും എന്റെ സങ്കേതവും
എൻ രക്ഷയും യേശു അത്രെ ഹല്ലേലൂയ്യാ!

# 51

യേശുവേ എൻ പ്രാണനായകാ
ജീവനെനിക്കേകിയോനെ
എൻ സങ്കടങ്ങളറിഞ്ഞെന്റെ വൻകടങ്ങൾ തീർത്തെന്റെ
കണ്ണുനീർ തുടച്ചല്ലോ നീ
പാപിയായ് ഞാൻ ജീവിച്ചപ്പോൾ
പാത തെറ്റി ഓടിയപ്പോൾ
പാലകൻ നീ തേടി ഈ പാതകനടിയാനെ
പാവനമാർഗ്ഗെ ചേർത്തല്ലോ (യേശുവേ....)
എന്നെ നിന്നിൽ ധന്യനാക്കുവാൻ
വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻ നീതിയും ദിവ്യമാം സന്തോഷവും
നിത്യമാം സമാധാനവും (യേശുവേ)
ഭാരമെന്യേ ജീവിക്കുവാൻ
എൻ ഭാരമെല്ലാം ചുമന്നവനെ
ആശ്രയം നീ മാത്രമെൻ ആശയിൻ പ്രകാശമേ
ആശിഷം നിൻ കാരുണ്യമേ (യേശുവേ)
വന്നിടും ഞാൻ അതിവേഗത്തിൽ
എന്നുരച്ച് പോയവനേ
വന്നുനിൻ മഹിമയിൽ രാജ്യമതിൽ ചേർക്കുവാൻ
ആശയാൽ ഞാൻ കാത്തിടുന്നേ (യേശുവേ)

# 52

സന്തോഷമേ എന്റെ ജീവിതയാത്രയിൽ
വ്യാകുലമേറിടുമ്പോൾ
സന്തോഷിപ്പാനായെനിക്കൊരുനാൾകളും
ആയുസ്സും വേറെയുണ്ട്
ജീവിതമാകുന്ന ഈ മരുഭൂമിയിൽ
ഞാനെന്തിനുരുകുന്നു

ജീവനാം ദൈവമെന്നും സ്വച്ഛജലം
നൽകി തണുപ്പിക്കും നിശ്ചയമേ (ഹല്ലേലൂയ്യ)
ഉഴലുമീ ജീവിതക്കടലിൽ ഉണങ്ങിയ
നിലം തന്നു വഴി നടത്തി
തളർത്തുമീ ജീവിതഭാരം വിലച്ചെറിഞ്ഞു
ഞാൻ കാനാൻ നാട്ടിലെത്തു
സന്തോഷമുള്ള ആ സ്വർഗ്ഗീയനാട്ടിൽ
ആനന്ദിച്ചാർത്തു ഞാൻ പാർത്തിടുമേ (സന്തോഷമേ.....)
കഷ്ടതനിറയും ഈ യോർദ്ദാൻ കടന്നു
നിത്യമാം ഏദനിൽ എത്തിടും ഞാൻ
കണ്ണുനീർ താഴ്വര മറന്നെൻ നാഥൻ
കരം പിടിച്ചെന്നും നടന്നിടുമേ
വരും ഒരു നാൾ വാനമേഘത്തിൽ
നാഥൻ എന്നും എന്നെ ചേർത്തിടുവാൻ (സന്തോഷമേ....)

# 53

പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ
എന്നെ സ്നേഹിച്ചു താൻ ജീവൻ വച്ചു
സ്വർഗ്ഗസിംഹാസനം താതന്റെ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻ പേർക്കായി
ദാസനെപ്പോലവൻ ജീവിച്ചു പാപിയെൻ
ശാപം ശിരസ്സതിലേറ്റിടുവാൻ
തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കുതകരുന്നെൻ
കണ്ണുനിറയുന്നെൻ രക്ഷകനെ
എന്തോരു സ്നേഹമീ സാധുവെയോർത്തു നീ
സന്താപസാഗരം തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ എടുത്തു നീ

ന്നോമനപ്പൈതലായ് തീർക്കണമെ
പാപം പെരുകിയ സ്ഥാനത്തു കൃപയും
ഏറ്റം പെരുകിയതാശ്ചര്യമേ
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൽ പുത്രന്റെ രാജ്യത്തിലായ്
ഭൂലോകമായയിൽ മോഹം പതിച്ചെന്റെ
കാലം പാഴിൽ കളഞ്ഞീടാതെന്നിൽ
സ്വർലോക രാജ്യത്തിൽ തങ്കക്കിരീടത്തി
ലുല്ലാസമേകണേ പൊന്നേശുവേ
പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ
സർവ്വേശനെ കയ്യിലേൽപ്പിക്കുന്നു
രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ
സ്വപ്നത്തിലും കൂടെ കാക്കണമെ
കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി
ദൂതന്മാരാർപ്പുമായി വന്നീടുമ്പോൾ
എന്നിൽ കനിഞ്ഞെന്നെ മാർവ്വോടണച്ചെന്റെ
സങ്കടം തീർക്കണം രക്ഷകനെ

# 54

കരുണാക്കടലേ ഞാൻ നോക്കും
ദേവാതനയാ-എൻ പാപം പെരുകി
പിഴകൾ വർദ്ധിച്ചയ്യയ്യോ
കഴുകണമെന്നെ സോപ്പായാൽ
ഏകണമെൻ ബാഷ്പത്താൽ വെണ്മ
പിതൃസ്നേഹത്താൽ യാചിക്കുന്നേൻ ഞാൻ
ഹസിക്കരുതേ എന്നെ വൈരി
തോറും നരരിൽ ദൂതന്മാർ പ്രീതന്മാരായി
തീർന്നിവ ചൊൽകട്ടെ
അനുതാപികളിൽ തൻ വാതിൽ

രാപ്പകലിങ്ങു തുറന്നീടും-ഹാല്ലേലൂയ്യ
നാഥാ സ്തുത്യൻ നീ
നോക്കണമെൻ ദുരിതം നാഥാ
പലതര ദോഷം ഞാൻ ചെയ്തു
കോപിച്ചു ശരണമെനിക്കില്ല
വൈദ്യന്മാർ പക്കൽ ഞാൻ പോയി
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം
നൽ വൈദ്യാ നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു
നിങ്കൽ വരുന്നോൻ സുഖമേൽക്കും ന്യൂനം, തിരുജനകൻ
സ്നേഹത്താലും മാതാവിൻ പ്രാർത്ഥനയാലും
ഹല്ലേലൂയ്യ പൊറുക്കണമെൻ പിഴകൾ
എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ
എൻ ബാഷ്പങ്ങൾ ചൊരിഞ്ഞീടുന്നിപ്പോൾ
അജമോ, മാടോ ചെങ്ങാലിയോ
കുറു പ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല
ശെമഓൻ തൻ ഭവനെവന്ന പാപിസ്ത്രീ പോലിരുതുള്ളി
കണ്ണീർ കണ്ടെൻ മേൽ ദയ തോന്നണമേ
തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും-ഹാല്ലേലൂയ്യ
പൊറുക്കണമെൻ പിഴകൾ

## 55

യേശുവോടു ചേർന്നിരിപ്പതെത്രമോദമേ
യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ

പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാധ്യമോ
ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കീടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യപ്പാർപ്പിടം തന്നിൽ
വാണീടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ
എന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ
അന്നുമാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തുപാടി ആർക്കുമേ
എന്നെനിക്കു സാധ്യമോ മഹൽ സമ്മേളനം

## 56

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ-നിന്റെ വൻ കൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ (2)
ദേശമെല്ലാം ഉണർന്നീടുവാൻ
യേശുവിനെ ഉയർത്തീടുവാൻ
ആശിഷമാരി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (2) (ഉണർവ്വിൻ....)
തിരുവചനം ഘോഷിക്കുവാൻ
തിരുനന്മകൾ സാക്ഷിക്കുവാൻ
ഉണർവ്വിൻ ശക്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (2) (ഉണർവ്വിൻ....)
തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ശാശ്വതശാന്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (2) (ഉണർവ്വിൻ....)

രോഷമെല്ലാം വെടിഞ്ഞീടുവാൻ
സ്നേഹത്തിൽ ജീവിക്കുവാൻ
യേശുവിൻ ശക്തി അയയ്ക്കേണമെ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (2) (ഉണർവ്വിൻ....)
വചനത്തിൻ മർമ്മങ്ങൾ വെളിപ്പെടുവാൻ
തിരുഹിതം പോൽ അനുസരിപ്പാൻ
സ്നേഹത്തിന്നാത്മാവയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (2) (ഉണർവ്വിൻ....)

# 57

വരുവീൻ ഈ നല്ല സമയം വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചീടുന്നു (2)
വാഴ്‌വിൻ നാളെല്ലാം വിൺനാളായ്
ഭാരത്തോടെ നീ കഴിക്കുകയോ
വന്നുടൻ പാദം തേടിടുകിൽ
വിണ്ണതിൽ നിന്നെ ചേർത്തിടുമേ... (വരുവീൻ....)
കെട്ടിയ വീടും നിലംപൊരുളും
കണ്ടിടും ഉറ്റോർ ഉടയവരും
കൂടുവിട്ടു നിൻ ജീവൻ പോയാൽ
കൂടെ വരാതെ വേർപെടുമേ.... (വരുവീൻ....)
ഉലകമായ അഴകുസമം
അതു നമ്പാതെ, മയക്കും നിന്നെ
മരണമൊരുനാൾ വന്നീടുമേ
മറക്കാതെ നിൻ രക്ഷകനേ... (വരുവീൻ....)
വാനത്തിൻ കീഴെ ഭൂമി മീതെ
വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല
രക്ഷകനേശു തൻ വഴിയേ... (വരുവീൻ....)
തീരാത്ത പാപം വ്യാധിയേയും
മാറാത്ത എല്ലാ ബലഹീനവും

ഘോരക്കുരിശിൽ ചുമന്നു നിന്നെ
സൗഖ്യമാക്കി തൻ അടിപ്പിണരാൽ...(വരുവീൻ....)
സത്യവചനം കേട്ടു നീ വാ
നിത്യജീവൻ നിനക്കേകിടുമേ
നിൻ പേരും ജീവപുസ്തകത്തിൽ
ഉണ്മയായ് ഇന്നു എഴുതീടുമേ...   (വരുവീൻ....)

# 58

നല്ല ദേവനെ ഞങ്ങൾ എല്ലാവരേയും
നല്ലതാക്കി നിൻ ഇഷ്ടത്തെ ചൊല്ലീടേണമെ
പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞിടുവാനായ്
മെച്ചമായാഹാരത്തെ നീ നൽകീടേണമേ
അന്ധകാരമാം ഈ ലേകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടീടേണമെ
ഇമ്പമേറിയ നിൻ അൻപുള്ള സ്വരം
മുമ്പെ നടന്നു സദാ കേൾപ്പിക്കേണമേ
വേദവാക്യങ്ങൾ ഞങ്ങൾക്കാദായമാവാൻ
ദേവനാഥനേ നിന്റെ ജ്ഞാനം നല്കുകേ
സന്തോഷം സദാ ഞങ്ങൾ ചിന്തയിൽ വാഴാൻ
സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചേയ്യുകേ
താതനാത്മനും പ്രിയ നിത്യപുത്രനും
സാദരം സ്തുതി സ്തോത്രം എന്നു ചൊല്ലുന്നേൻ
ആമ്മേൻ

# 59

ഇന്നു നീ ഒരിക്കൽ കൂടി ദൈവവിളി കേട്ടല്ലോ
രക്ഷിതാവു സ്നേഹത്തോടെ കാത്തിരിക്കുന്നുണ്ടല്ലോ
ഇന്നു തന്നെ യേശു നിന്നെ രക്ഷിപ്പാനായ് കാക്കുന്നു
ഭയം വേണ്ട ശങ്കിക്കേണ്ട വാ അവങ്കൽ നീ ഇന്ന്
(ഇന്നു തന്നെ....)

എത്രനാൾ വ്യഥവായ് ഓടി മനുഷ്യാ നിൻ ജീവിതം
ലോകത്തിന്റെ ഇമ്പം തേടി കഴിച്ചു നീ ഈ വിധം
(ഇന്നു തന്നെ....)

കൈക്കൊള്ളാതെ തള്ളുമെന്നു ഒട്ടും വേണ്ട സംശയം
രക്ഷിതാവു നിന്നെയിന്നു സ്വന്തമാക്കി തീർത്തിടും
(ഇന്നു തന്നെ....)

ദൈവപുത്രൻ ക്രൂശതിങ്കൽ തന്റെ രക്തം ചീന്തിച്ചു
നിന്റെ പാപം സർവ്വം തങ്കൽ ഏറ്റെടുത്തു മരിച്ചു
(ഇന്നു തന്നെ....)

# 60

നല്ല പോരാട്ടം പോരാടി ഓട്ടം ഓടിടാം
വല്ലഭന്റെ നല്ല പാത പിൻതുടർന്നിടാം
ഭാരം പാപം തള്ളി ലക്ഷ്യം നോക്കി
നേരെ മുന്നോട്ടോടി ഓട്ടം തികയ്ക്കാം (2)
ഓട്ടക്കളത്തിലോടുന്നോരനേകരെങ്കിലോ
വിരുത് പ്രാപിക്കുന്നോനേകൻ മാത്രമല്ലയോ (ഭാരം....)
പിന്നിലുള്ളതൊക്കെയും മറന്നുപോയിടാം
മുന്നിലുള്ള ലാക്കിലേക്ക് നേരേ ഓടിടാം
(ഭാരം....)

ആശയിച്ചയൊക്കവേ അടക്കി ഓടുകിൽ
ആശ വെച്ച പന്തയപ്പൊരുൾ ലഭിച്ചീടും
(ഭാരം....)

ഏതുനേരത്തും പിശാചിടർച്ച ചെയ്തീടും
ഭീതിവേണ്ട ദൂതരുണ്ട് കാത്തുകൊള്ളുവാൻ (ഭാരം....)
കാടുമേടു കണ്ടു സംശയിച്ചു നിൽക്കാതെ
ചാടി ഓടി പോകുവാൻ ബലം ധരിച്ചിടാം
(ഭാരം.... )

ഓട്ടം ഓടുവാനനേകർ മുൻവന്നെങ്കിലോ

ലോത്തിൻ ഭാര്യപോലെ പിന്നിൽ നോക്കി നിന്നുപോയ്
(ഭാരം....)
അങ്ങുമിങ്ങും നോക്കിയാൽ നീ മുന്നിൽ പോയിടാ
ഭംഗമില്ലാതോടിയാൽ കിരീടം പ്രാപിക്കാം (ഭാരം....)
ഓട്ടം തീരും നാൾ സമീപമായ് കാഹളം
കേട്ടിടാൻ സമയമായി വേഗം ഓടിടാം (ഭാരം....)
ആദിഭക്തരോട്ടം ഓടി വിശ്രമിച്ചീടും
നാട്ടിൽ ചേർന്നു പാട്ടുപാടി ആനന്ദിച്ചീടാം (ഭാരം....)

# 61

എന്തെല്ലാം വന്നാലും കർത്താവിൻ പിന്നാലെ
സന്തോഷമായി ഞാൻ യാത്ര ചെയ്യും
മിസ്രയിം വിട്ടതിൽ ഖേദിപ്പാനില്ലൊന്നും
ആശ്വാസദേശമെൻ മുമ്പിലുണ്ട്
കൈകൊണ്ടു തീർക്കാത്ത വീടുകൾ മേടകൾ
ഒക്കെയും വാഗ്ദത്ത നാട്ടിലുണ്ട്
അബ്രഹാമിൻ യാത്രയിൽ കൂടെയിരുന്നവൻ
അവകാശം നൽകിയോൻ കൂടെയുണ്ട്
ഹാരാനിൽ യാക്കോബിൻ കൂടെയിരുന്നവൻ
വാഗ്ദത്തം നൽകിയോൻ കൂടെയുണ്ട്
മിസ്രയിം ദേശത്തിൽ യൗസേപ്പിൻ കണ്ണുനീർ
കണ്ടവൻ എന്നോടു കൂടെയുണ്ട്
മിദ്യാനിൽ മോശയ്ക്കു സങ്കേതമായവൻ
ഹോരേഹിൽ നിന്നവൻ കൂടെയുണ്ട്
ചെങ്കടൽ തീരത്തു മോശെയിൽ കണ്ണുനീർ
കണ്ടവനെന്നോടു കൂടെയുണ്ട്
ആറുനൂറായിരം ആയൊരു കൂട്ടത്തെ
ചിറകിൽ വഹിച്ചവൻ കൂടെയുണ്ട്
സ്വർഗ്ഗീയമന്നായെക്കൊണ്ടു തൻ ദാസരെ
പോറ്റിപ്പുലർത്തിയോൻ കൂടെയുണ്ട്

പാറയിൽ നിന്നുള്ള ശുദ്ധജലം കൊണ്ട്
ദാഹം ശമിപ്പിച്ചോൻ കൂടെയുണ്ട്
    യെരീഹോ മതിലുകൾ തട്ടിത്തകർത്തവൻ
    ചെങ്കടൽ വറ്റിച്ചോൻ കൂടെയുണ്ട്
ബാലിന്റെ സേവകന്മാരെ നശിപ്പിച്ച
ഏലിയാവിൻ ദൈവമെൻ കൂടെയുണ്ട്
    കാക്കയെക്കൊണ്ടു തൻ ദാസനെപ്പോറ്റുവാൻ
    ശക്തനായ് തീർന്നവൻ കൂടെയുണ്ട്
എന്നെ വിളിച്ചവൻ എന്നെ രക്ഷിച്ചവൻ
എന്നാളുമെന്നോട് കൂടെയുണ്ട്
    ഒരുനാളും എന്നെ ഉപേക്ഷിക്കയില്ലെന്നു
    പരമാർത്ഥമായവൻ ചൊല്ലീട്ടുണ്ട്
ആകാശം ഭൂമിയും ആകെ ഒഴിഞ്ഞാലും
ആയവൻ വാക്കിനു ഭേദമില്ല.

# 62

എൻ പ്രാണനാഥൻ എന്നുവരും
എന്നു തീരും എൻ വേദനകൾ
ആകുലത്തിൻ ആശ്വസിപ്പാൻ
ആവശ്യങ്ങളിൽ ആശ്രയിപ്പാൻ
അങ്ങല്ലാതാരും ഇല്ലെനിക്കു
ആത്മനാഥാ ഈ പാരിടത്തിൽ (എൻ..)
ഇന്നിഹത്തിൽ നിന്നിലല്ല
തില്ല സന്തോഷം ജീവിതത്തിൽ
തിങ്ങിവിങ്ങുന്ന സങ്കടവും
എങ്ങും പഴിയും നിന്ദകളും (എൻ..)
പ്രിയരെല്ലാം കൈവിടുമ്പോൾ
പ്രതികൂലമായ് മാറിടുമ്പോൾ
പ്രാണപ്രിയാ ഈ ഏഴയാകും
പ്രാണിയെ നീയും കൈവിടല്ലേ (എൻ..)

നല്ലതല്ലാതൊന്നുമില്ല
നീ നൽകുമെല്ലാം നന്മയെല്ലോ
നിത്യത തന്നിലെത്തുവോളം
നീ നടത്തെന്നെ നിൻഹിതം പോൽ (എൻ..)

# 63

മൽപ്രിയനേ എന്നേശുനായകനേ-എപ്പോൾ വരും
എൻകണ്ണീർ തുടച്ചീടുവാൻ-
അങ്ങയെ ആശ്ലേഷിപ്പാൻ
എന്നേശുവെ വാനമേഘേ വേഗം വന്നീടണേ (മൽ...)
മദ്ധ്യാകാശെ സ്വർഗ്ഗീയദൂതരുമായ് വന്നിടുമ്പോൾ
എനിക്കായ് മുറിവേറ്റതാം
ആ പൊൻമുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ പോൽ
വാഞ്ചിക്കുന്നേ (മൽ...)
വെൺമവസ്ത്രം ധരിച്ചുയർത്ത
വിശുദ്ധ സംഘമതിൽ
ചേർന്നു നിൻ സവിധേ വന്നു
ഹല്ലേലൂയ്യ പാടുവാൻ
ബുദ്ധിയുള്ള നിർമ്മല-
കന്യകപോൽ ഒരുങ്ങുന്നേ (മൽ...)
സൂര്യചന്ദ്ര താരങ്ങളേക്കടന്നു സ്വർഗ്ഗനാട്ടിൽ
ആ പളുങ്കു നദീ തീരെ ജീവവൃക്ഷത്തിൻ തണലിൽ
എൻ സ്വർഗ്ഗവീട്ടിൽ എത്തുവാൻ കൊതിച്ചീടുന്നേ
എൻ മണാളാ (മൽ...)

# 64

രാജാധിരാജൻ മഹിമയോടെ
വാനമേഘത്തിൽ എഴുന്നൊള്ളാറായ് (2)

ക്ലേശം തീർക്കുന്നു നാം നിത്യം വസിപ്പാൻ
വാസം ഒരുക്കാൻ പോയ പ്രിയൻ താൻ
നിന്ദ കഷ്ടത പരിഹാസങ്ങൾ
ദുഷികളെല്ലാം തീരാൻ കാലമായ്(രാജ...)
പ്രാണപ്രിയന്റെ പൊന്നു മുഖത്തെ
തേജസ്സോടൊന്നു കാണാൻ നേരമായ് (രാജ...)
കാന്തനുമായി വാസം ചെയ്യുന്ന
കാലം സമീപം ആയി പ്രിയരെ (രാജ...)
ഒരുങ്ങി നിന്നു പ്രിയെൻ കൂടെന്നും
മണിയറയിൽ വാഴാൻ കാലമായ് (രാജ...)
യുഗയുഗമായ് പ്രിയൻ കൂടെന്നു
വാഴും സുദിനം ആസന്നമായി (രാജ...)
കാഹളധ്വനി കേൾക്കും മാത്രയിൽ
മറുരൂപമായ് പറന്നീടും ഞാൻ (രാജ...)

# 65

മൺമയമാം ഈ ഉലകിൽ കാണ്മതും മായ
വൻ മഹിമ ധനം സുഖങ്ങൾ സകലവും മായ
മന്നിൽ നമ്മൾ ജീവിതമോ പുല്ലിനേപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ
ധാന്യം ധനം ലാഭം കീർത്തി ഹാ നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനി പോകും
ഏഴുപത്തോ ഏറെയായാലെൺപതു മാത്രം
നീളുമായുസ്സതു നിനച്ചാൽ കഷ്ടത മാത്രം
ലോക മരുഭൂവിൽ മർത്യരാശ്രയം തേടി
ശോകക്കൊടും വെയിലിലയ്യോ വീഴുന്നു വാടി
ദൈവമക്കൾ നമുക്ക് സ്വർഗ്ഗം ഹാ! സ്വന്തദേശം
കേവലമീ പാരിടമോ വെറും പരദേശം

# 66

സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാൺമതിനായ് ബദ്ധപ്പെട്ടോടീടുന്നു
ആകെ അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം വേഗം നിന്നെ കാണും ഞാൻ

രാവിലെ ഞാനുണരുമ്പോൾ ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്ത്യം ഇന്നലെക്കാൾ അടുപ്പം
രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിലുറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ ചക്രം മുമ്പോട്ടോടുന്നു

തേടുവാൻ ജഡത്തിൽ സുഖം ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖം കാൺകയെത്ര വാഞ്ഛിതം
സ്ഥലം ഹാ മഹാവിശേഷം ഫലം എത്രമധുരം
വേണ്ട വേണ്ട ഭൂപ്രദേശം അല്ല എന്റെ പാർപ്പിടം

നിത്യമായോരു വാസസ്ഥലം എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം ദൈവം പറുദീസായിൽ
എന്നെ എതിരേല്പതിന്നായ് ദൈവദൂതന്മാർ വരുന്നു
വേണ്ടുംപോലെ യാത്രയ്ക്കായി പുതുശക്തി തരുന്നു

ശുദ്ധന്മാർക്കു വെളിച്ചത്തിൽ ഉള്ള അവകാശത്തിൽ
പങ്കു തന്ന ദൈവത്തിന്നു സ്തോത്രം സ്തോത്രം പാടും ഞാൻ

# 67

ആരു സഹായിക്കും ലോകം തുണയ്ക്കുമോ?
ജീവൻ പോയീടുമ്പോൾ ആശ്രയമാരുള്ളൂ?
സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നിൽക്കും
ക്ലേശമോടെല്ലാരും കണ്ണുനീർതൂകിടും

ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലെയാരുള്ളൂ?
ഭാര്യമക്കൾ ബന്ധുമിത്രരുമന്ത്യത്തിൽ

ഖേദം പെരുകീട്ടു മാർവ്വിലടിക്കുന്നു.
ഏവനും താൻ ചെയ്ത കർമ്മങ്ങൾക്കൊത്തപോൽ
ശീഘ്രമായ് പ്രാപിപ്പാൻ ലോകം വിട്ടീടുന്നു
കൺകളടയുമ്പോൾ കേൾവികുറയുമ്പോൾ
എൻമണവാളാ! നിൻ ക്രൂശിനെ കാണിക്ക
ദൈവമേ നിൻ മുമ്പിൽ ഞാൻ വരുന്നേരത്തിൽ
നിൻമുഖവാത്സല്യം നീയെനിക്കേകണെ
യേശുമണവാളാ! സകലവും മോചിച്ചു
നിന്നരികിൽ നില്പാൻ യോഗ്യമാക്കേണമേ
പൊന്നുകർത്താവേ നിൻ തങ്കരുധിരത്താൽ
ജീവിതവസ്ത്രത്തിൽ വെണ്മയെ നൽകണെ
മരണത്തിൻ വേദന ദേഹത്തെ തള്ളുമ്പോൾ
ദൈവമേ! നിയല്ലാതാരെനിക്കാശ്രയം!
യോർദ്ദാന്റെ തീരത്തിൽ ഞാൻ വരുന്നേരത്തിൽ
കാൽകളെ വേഗം നീ അക്കരെയാക്കണെ
ഭൂവിലെ വാസം ഞാൻ എപ്പോൾ വെടിഞ്ഞാലും
കർത്താവിൻ രാജ്യത്തിൽ നിത്യമായ് പാർത്തീടും
ഇമ്പമേറും സ്വർഗ്ഗേ എൻ പിതാവിൻ വീട്ടിൽ
ആയുസ്സനന്തമായി വാഴുമാറാകണെ
സീയോൻമലയിലെൻ കാന്തനുമായ് നില്പാൻ
ഞാനിനി എത്രനാൾ കാത്തിരുന്നീടണം?

# 68

അന്തമെന്താ ചിന്ത ചെയ്ക സോദരാ വേഗം
അധികവാസം ഇഹത്തിലില്ലെ ഒടുവിലെന്താകും
പാപം ചെയ്തു കാലമെല്ലാം പാഴിലാക്കിയാൽ
ഇന്നു നിന്റെ നാഥൻ വന്നാലന്തമെന്താകും
നാമധേയ ക്രിസ്ത്യാനിത്വം മതിയാക്കുക നാം
നാശമല്ലോ അതിന്റെ അന്തം ന്യായതീർപ്പിൻ നാൾ
ആത്മാവിനെ കരുതിടാതെ അന്തം ഓർക്കാതെ
എവിടേക്കോ നിൻ യാത്രയിപ്പോൾ ഒടുവിലെന്താകും

പൊന്നിനെക്കാളും വളരെതങ്കത്തെക്കാളും
വിലമതിക്കും മധുരമാണിതു വേദപ്രമാണം

# 69

കണ്ണുനീർ താഴ്‌വരയിൽ
ഞാനേറ്റം വലഞ്ഞിടുമ്പോൾ
കണ്ണുനീർ വാർത്തവനെൻ
കാര്യം നടത്തിത്തരും
നിൻമനം ഇളകാതെ-നിൻ മനം പതറാതെ
നിന്നോട് കൂടെയെന്നും-ഞാനുണ്ട് അന്ത്യം വരെ
തീച്ചൂള സിംഹക്കുഴി-പൊട്ടക്കിണർ മരുഭൂ
ജയിലറ ഈർച്ചവാളോ-മരണമൊ വന്നീടട്ടെ (നിൻമനം...)
കൂരിരുൾ പാതയതോ-ക്രൂരമാം ശോധനയോ
കൂടിടും നേരമതിൽ-ക്രൂശിൻ നിഴൽ നിനക്കായ്
(നിൻമനം...)
ദാഹിച്ചു വലഞ്ഞു ഞാൻ-
ഭാരത്താൽ വലഞ്ഞിടുമ്പോൾ
ദാഹം ശമിപ്പിച്ചവൻ-ദാഹജലം തരുമേ (നിൻമനം...)
ഈ ലോകം പകച്ചിടട്ടെ-ഈ ലോകർ പഴിച്ചിടട്ടെ
ശോധന പെരുകിടട്ടെ-ഗോൽഗോഥാ നാഥനുണ്ട്
(നിൻമനം...)

# 70

ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽതന്നാൽ
സന്തോഷത്തോടതു വാങ്ങി ഹല്ലെലൂയ്യ പാടീടും ഞാൻ
ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെയവനടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു
കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായ്ത്തീരുന്നു ഞാൻ
ലോകസൗഖ്യമെന്തുതരും ആത്മക്ലേശമതിൻ ഫലം

സൗഭാഗ്യമുള്ളാത്മജീവൻ കഷ്ടതയിൽ വർദ്ധിക്കുന്നു
ജീവനത്തിൽ വമ്പുവേണ്ട കാഴ്ചയുടെ ശോഭ വേണ്ട
കൂടാരത്തിൻ മുടി പോലെ ക്രൂശിൻനിറം മാത്രം മതി
ഉള്ളിലെനിക്കെന്തുസുഖം തേജസ്സേറും ഖെരൂബുകൾ
കൂടാരത്തിനകത്തുണ്ട് ഷെക്കയ്നായും ഉണ്ടവിടെ
ഭക്തന്മാരാം സഹോദരർ വിളക്കുപോൽ കൂടെയുണ്ട്
പ്രാർത്ഥനയിൽ ധൂപമുണ്ട് മേശമേലേന്റപ്പമുണ്ട്
പ്രകാരത്തിലെന്റെ മുമ്പിൽ യേശുവിനെ കാണുന്ന ഞാൻ
യാഗപീഠമവനത്രെ എന്നുമെന്റെ രക്ഷയവൻ
ദിനംതോറും പുതുക്കുന്ന ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വെച്ചിട്ടുള്ള പിച്ചളത്തൊട്ടിയുമുണ്ട്
ലോകത്തെ ഞനോർക്കുന്നില്ല കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ ഒന്നു കാണാമെന്നേയുള്ളു

# 71

അന്ധകാരമേറും ലോകയാത്രയിൽ
അന്ത്യത്തോളമെന്നെ കാത്തിടുന്നവൻ
ആദ്യനും അന്ത്യനും ആയവൻ
വന്ദ്യനാം എന്റെ യേശുനായകൻ (2)
കഷ്ടതയിൽ നീ താനെന്റെ ഗോപുരം
എൻ ശരണമെന്നഭയസ്ഥാനവും (2)
നീയല്ലോ എൻ സങ്കേതം
ബലമുള്ള കോട്ടയും
നിർഭയം ഞാൻ നിന്നിലെന്നും പാർത്തീടും (2)
ശോധകൾ ഏറും സീയോൻയാത്രയിൽ
ഏകനല്ല ഞാൻ കൂടെയുണ്ടവൻ
നിൻ വചനമെന്നുമെൻ കാലുകൾ ദീപമായ്
ജീവിതാന്തത്തോളം താൻ നടത്തീടും (അന്ധകാര)

# 72

കർത്താവ് ഭവനം പണിയാതെ വന്നാൽ
നിഷ്ഫലമാകും പ്രയത്നമെല്ലാം

കർത്താവു നഗരം കാക്കാതെ പോയാൽ
കാവൽ വെറുതെയാകും (കർത്താവു ഭവനം....)
കർത്താവു വിളകൾ നൽകാതിരുന്നാൽ
കൃഷികൾ പാഴ്‌വേലയാകും (2)
കർത്താവു സൗഖ്യം നൽകാതിരുന്നാൽ
ചികിത്സാവിധികൾ വ്യർത്ഥം (2)
(കർത്താവു ഭവനം....)
കർത്താവു ജ്ഞാനം നൽകാതിരുന്നാൽ
ജീവിതം കൂരിരുളാകും (2)
കർത്താവു ദയവായ് ക്ഷമിക്കാതെ വന്നാൽ
പാപം ഭയാനകമാകും (2)(കർത്താവു ഭവനം....)

# 73

താരാഗണങ്ങളെ സൃഷ്ടിച്ച നാഥാ
നിൻ തിരുനാമം പാടുന്നു
തപ്പുകൊട്ടി തംബുരു മീട്ടി
താളമോടെ പാടുന്നു
കളംകളം പാടും തേനരുവികളും
മധുരഗീതമാലപിക്കും പൂങ്കുയിലുകളും
കുളിരലയിൽ നൃത്തമാടും വാരിധികളും
കരവിരുതല്ലോ നിന്റെ സൃഷ്ടികളല്ലോ (താരാഗണങ്ങളെ...)
വർണ്ണരാജികൾ വിരിയും മേഘങ്ങളും
സ്വരലയങ്ങളേറ്റുപാടും മാമരങ്ങളും
മോദമോടെ നിൻ സ്തുതികൾ പാടിയാർക്കുമ്പോൾ
ഹല്ലേലൂയ്യാ പാടിടുന്നു നിന്റെ പൈതങ്ങൾ
(താരാഗണങ്ങളെ...)

# 74

സമർപ്പണത്തിൻ സമയമായ്
സമർപ്പിക്കുവിൻ സകലതും

ദൈവം നിന്നോടു ചോദിപ്പതൊക്കെയും
നൽകുവാനൊരുങ്ങീടുവിൻ (സമർപ്പണ...)
ദൈവേഷ്ടമാണെന്നു കരുതി നീ ചെയ്തതെല്ലാം
ദൈവേഷ്ടമല്ലായിരുന്നെന്നറിഞ്ഞീടുവിൻ
സമ്പാദ്യമാണെന്നു കരുതിയ നേട്ടമെല്ലാം
സൗഭാഗ്യമേകില്ല എന്നോർത്തു മനം തുറക്കൂ
ഇന്നെങ്കിലും ഇനിയെങ്കിലും
സ്വന്തം വഴികൾ ത്യജിച്ചീടുവിൻ
സ്വർഗ്ഗീയ വഴിയേ ചരിച്ചീടുവിൻ (സമർപ്പണ...)
ബലിവേദിയിൽ വന്നു നിൽക്കുന്ന നിമിഷവും നിൻ
മനസ്സിൽ വെറുപ്പും വിരോധവും നിറഞ്ഞീടുകിൽ
സംപ്രീതനാകില്ല നാഥൻ കാഴ്ചകളിൽ
ഇന്നെങ്കിലും ഇനിയെങ്കിലും
അനുരഞ്ജനത്തിൻ വഴി തേടുവിൻ
സന്തോഷമായി വന്ന് ബലിയേകുവിൻ (സമർപ്പണ....)

# 75

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ (2)
എന്റെ ബുദ്ധിയും എന്റെ ശക്തിയും
നീയെനിക്കു തന്നതൊക്കെയും (സർവ്വവും....)
എന്റെ രോഗവും എന്റെ സൗഖ്യവും
നീയെനിക്കു തന്നതൊക്കെയും (സർവ്വവും....)
എന്റെ കീർത്തിയും എൻ പുകഴ്ചയും
നീയെനിക്കു തന്നതൊക്കെയും (സർവ്വവും....)
എന്റെ ശബ്ദവും എൻ ധ്വനികളും
നീയെനിക്കു തന്നതൊക്കെയും (സർവ്വവും....)
എന്റെ സമ്പത്തും എന്റെ വിദ്യയും
നീയെനിക്കു തന്നതൊക്കെയും (സർവ്വവും....)

എന്റെ ആയുസ്സും എന്റെ ഭാവിയും
നീയെനിക്കു തന്നതൊക്കെയും (സർവ്വവും....)

# 76

എന്റെ നാവു നവ്യഗാനം പാടും
എന്റെ ഹൃത്ത് നൂതനരാഗം മീട്ടും
കർത്താവേ നീ എന്നെ സ്നേഹിച്ചു
പ്രാണനാഥാ നീ എന്നെ വീണ്ടെടുത്തു
എന്റെ നാവു നവ്യഗാനം പാടും
    ലോകാന്ധകാരത്തൂടെ ഞാനലഞ്ഞു തിരിഞ്ഞു
    മോഹങ്ങളെന്നിൽ അശാന്തി ഏകി
    ക്രൂശിൻ ദയയിൽ ഞാനഭയം കണ്ടു
    നിന്റെ ദയ അഗോചരം-നിൻ
    കാരുണ്യം അഗാതമേ (എന്റെ...)
പാപാന്ധകാരത്തൂടെ ഞാനലഞ്ഞു തളർന്നു (2)
പാശങ്ങളാൽ ഞാൻ ബന്ധിതനായി
ക്രൂശിൽ നന്മയിൽ ഞാനാശ്രയം കണ്ടു
നിന്റെ ദയ അഗോചരം-നിൻ
കാരുണ്യം അഗാതമേ (എന്റെ...)
    എൻ ജീവിതാന്ത്യത്തോളം നിന്നിൽ നിലനിൽക്കും
    ദുഃഖിക്കുന്നവർക്കെന്നും ആശ്വസമേകും
    ഉയർപ്പിൻ ശക്തിയിൽ ഞാൻ ജീവിക്കും
    നിന്റെ ദയ അഗോചരം-നിൻ
    കാരുണ്യം അഗാതമേ (എന്റെ...)

# 77

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു ഞാൻ-എൻ
രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ
മാട്ടിൻതൊഴുത്തിൽ പിറന്ന മാന്യസുതനേ

ഹീനവേഷമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ
പാതകർക്കായ് നീതിവഴി ഓതിത്തന്നോനേ!
പാരിടത്തിൽ നിന്നെയോർത്തു വാഴ്ത്തിടുന്നു ഞാൻ
കുരിശെടുത്തു മലമുകളിൽ നടന്നുപോയോനേ!
തൃപ്പാദം രണ്ടും ചുംബിച്ചപ്പോൾ വാഴ്ത്തിടുന്നു ഞാൻ
കുരിശിലേറി മരിച്ചുയർത്തു - സ്വർഗ്ഗേ പോയോനേ!
നിത്യം ജീവിക്കുന്നവനെ വാഴ്ത്തിടുന്നു ഞാൻ
ദൂതരുമായ് മേഘവാഹനേ വരുന്നോനേ
വേഗം നിന്നെ കാൺമതിനായ് കാത്തിടുന്നു ഞാൻ
നിൻവരവിൽ മുന്നണിയിൽ നിന്നിടണേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നിടുമേ നിൻവരവിന്നായ്
എന്നുമേഘ വന്നുകാണാം രക്ഷകനേ ഞാൻ
നോക്കി നോക്കി കാത്തിടുന്നേ നിൻവരവിന്നായ്

# 78

ഇസ്രായേലിൻ നാഥനായി വാഴുമേക ദൈവം
സത്യ ജീവ മാർഗ്ഗമാണു ദൈവം
മർത്യനായി ഭൂമിയിൽ പിറന്നു സ്നേഹ ദൈവം
നിത്യ ജീവനേകിടുന്ന ദൈവം
ആബ്ബാ പിതാവേ ദൈവമേ,
അവിടുത്തെ രാജ്യം വരേണമെ
അങ്ങേ തിരുഹിതം ഭൂമിയിൽ
എന്നെന്നും നിറവേറിടേണമേ (ഇസ്രായേലിൻ...........)
ചെങ്കടലിൽ നീ അന്നു പാത തെളിച്ചു
മരുവിൻ മക്കൾക്കു മന്ന പൊഴിച്ചു
എരിവെയിലിൻ മേഘതണലായി
ഇരുളിൽ സ്നേഹനാളമായി
സീനായ് മാമല മുകളിൽ നീ
നീതിപ്രമാണങ്ങൾ പകർന്നേകി (2)
(ആബ്ബാ....) (ഇസ്രായേലിൻ...)

മനുജനായി ഭൂവിൽ അവതരിച്ചു
മഹിയിൽ ജീവൻ ബലികഴിച്ചു
തിരുനിണവും ദിവ്യഭോജ്യവുമായി
ഈ ഉലകത്തിൻ ജീവനായി
വഴിയും സത്യവുമായവനേ
നിൻ തിരുനാമം വാഴ്ത്തുന്നു (ആബ്ബാ....)
(ഇസ്രായേലിൻ...)

## 79

ശുദ്ധാത്മാവേ വന്നെന്നുള്ളിൽ വാസം ചെയ്യണേ
സത്യാത്മാവേ നിത്യതയിലെത്തുവോളവും (2)
ജീവനേകുക ജീവദായക ജീവനാളമായി
എരിഞ്ഞു തീരുവാൻ (2) (ശുദ്ധാത്മാവേ...)
പാപം നീതി ന്യായവിധി ബോധമേകിടാൻ
ഈ ശാപഭൂവിൽ പെന്തകോസ്തിൻ വന്നൊരാവിയേ (2)
ജീവനേകുക (2) (ശുദ്ധാത്മാവേ...)
കല്ലായുള്ള ഹൃദയങ്ങളുരുക്കീടണേ
ഹല്ലേലൂയ്യ ഗീതം പാടാൻ ഒരുക്കീടണേ (2)
ജീവനേകുക (2) (ശുദ്ധാത്മാവേ...)

## 80

മദ്ധ്യാകാശത്തിങ്കൽ മണിപ്പന്തലിൽ
മണവാട്ടി സഭയുടെ വേളി നടക്കും
മഹിമയിൽ വാഴുന്ന മണവാളനായ്
മാലിന്യമേൽക്കാതെ നാം ഒരുങ്ങി നിൽക്കാം
വാനത്തിൻ മേഘത്തിൽ മദ്ധ്യവാനത്തിൽ
വന്നീടും കാന്തനായ് ഒരുങ്ങി നിൽക്കാം
വീണ്ടെടുക്കപ്പെട്ട ദൈവജനമെ
വിശുദ്ധിയെ തികച്ചുനാം ഒരുങ്ങി നിൽക്ക
(മദ്ധ്യാകാശ....)

ഇത്രയും സ്നേഹം കിട്ടിയ
ഒരു മണവാട്ടി വേറെയില്ലല്ലോ
ഇത്രയും ഭാഗ്യമേറിയെ ഒരു മണവാട്ടി പാരിലില്ലല്ലോ
ഇനിയും കുറഞ്ഞൊന്ന് കഴിയും നേരം
വരുവാനുള്ളവൻ വേഗം വന്നീടും
(മദ്ധ്യാകാശ....)

കുഞ്ഞാടിൻ കല്ല്യാണനാളിൽ
അന്ന് ക്ഷണിക്കപ്പെട്ടോരെല്ലാവരും
കാന്തനോട് ചേർന്നിടുവാൻ
അവർക്കന്നാളിൽ ഭാഗ്യമുണ്ടാകും
ഇവിടെ കയറി വരികയെന്ന്
കർത്താവിൻ ഗംഭീര നാദം കേട്ടീടും
(മദ്ധ്യാകാശ....)

# 81

ഞാനും എനിക്കുള്ള സർവ്വസ്വവും
ദൈവത്തിൻ ദാനമെന്നോർത്തീടും ഞാൻ
ഞാനും കുടുംബവും സേവിച്ചീടും
യാഹെന്ന ദൈവത്തെ ഇന്നുമെന്നും...... (2)

എൻദേഹം ദൈവത്തിൻ വാസസ്ഥലം
ആരാധിച്ചീടുമോ ധന്യനാമം.... (2)
അർപ്പിച്ചിടും എൻ സർവ്വസ്വവും
സ്തോത്രത്തിൽ യാഗങ്ങളായ് (ഞാനും....)

സന്തോഷ സന്താപ വേളകളിൽ
ഒന്നായണയും തൻ സന്നിധിയിൽ (2)
സ്നേഹിച്ചീടും ക്ഷമിച്ചീടും
കരുതീടും തമ്മിൽ തമ്മിൽ (ഞാനും....)

നാഥൻ എനിക്കേകും ദാനമെല്ലാം
സ്നേഹത്തിൽ ഏവർക്കും പങ്കുവയ്ക്കും (2)
ദുഃഖിതർക്കും പീഡിതർക്കും

ആവോളം നന്മ ചെയ്യും..... (ഞാനും.....)
എന്നിൽ നിയുക്തമാം ദൈവയിഷ്ടം
ആരാഞ്ഞറിഞ്ഞു ഞാൻ ജീവിച്ചീടും (2)
നിത്യവും പിൻതുടരും..... (ഞാനും.....)

# 82

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു
ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പൊലെ ഞാനലഞ്ഞപ്പോൾ
മരുഭൂമിയിൽ എനിക്ക് ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു
(ഇത്രത്തോളം)
ഏകനായ് നിന്ദ്യനായി പരദേശിയായ്
നാടും വീടും വീട്ടു ഞാനലഞ്ഞപ്പോൾ
സ്വന്തവീട്ടിൽ ചേർത്തു കൊളളാമെന്നുരച്ച നാഥനെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു
(ഇത്രത്തോളം)
കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായി മാറിടും ദിനം വരും
അന്നുപാടും ദൂതർ മദ്ധ്യേ ആർത്തുപാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു
(ഇത്രത്തോളം)

# 83

ഒരു നാളും പിരിയാത്ത നല്ല സഖിയായി
എന്റെ യേശു അരികിലുണ്ട്

എന്നെ തളരാതെ കരം തന്ന് നയിച്ചിടുവാൻ
മതിയായ ബലമാണവൻ
അവൻ നടത്തുന്ന വഴികളും
കരുതുന്ന വിധങ്ങളും
അനന്യമാം കൃപയാലത്രേ
രക്താംബരം പോൽ കഠിനമായ
കറയെല്ലാം കഴുകുവാൻ
എന്റെ പാപം പോക്കിയെന്നെ
ശോഭയാർന്ന സൃഷ്ടിയാക്കുമേ
ഇത്രത്തോളം കരുതിയവൻ
ജയത്തോടെ നടത്തുമവൻ
എന്നുമെന്നും തൻ ദയയാൽ
അളവില്ലാതെ തരുമെനിക്ക്

## 84

എന്റെ ദൈവത്താൽ എന്റെ ദൈവത്താൽ
നിശ്ചയമനുഗ്രഹം പ്രാപിച്ചീടും ഞാൻ
തന്റെ വചനം പോലെ ഞാൻ ചെയ്യും
തന്റെ വഴിയിൽ തന്നെ നടക്കും (എന്റെ....)
ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും (2)
എന്റെ വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങളൊന്നുമെ മുടങ്ങുകില്ല (2) (എന്റെ....)
എന്നെ എതിർക്കുന്ന ശത്രുക്കളെല്ലാം
ഛിന്നഭിന്നമായ് പോകും എന്റെ ദൈവത്താൽ (2)
എന്റെ ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും (2) (എന്റെ....)
ജീവിതപങ്കാളിയും എന്റെ മക്കളും
എന്റെ സമ്പത്തും അനുഗ്രഹിക്കപ്പെടും (2)
എന്റെ നന്മയ്ക്കായ് അവൻ സമൃദ്ധി നൽകും

എന്നെ വിശുദ്ധജനമാക്കിടും താൻ (2) (എന്റെ....)
വായ്പ വാങ്ങാനിടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധിനൽകും (2)
ഉയർച്ചതന്നെയെന്നും പ്രാപിക്കും ഞാൻ
ഉന്നതങ്ങളിൽ എന്നെ മാനിക്കും താൻ (2) (എന്റെ....)

# 85

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം (2)
ഇനിയും കൃപതോന്നി കരുതീടണെ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)
നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ
നടത്തിയ വിധങ്ങൾ ഓർത്തീടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതി പാടീടാം
(ഇത്രത്തോളം.....)
സാദ്ധ്യതകളോ അസ്തമിച്ചു പോയിടുമ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിടുമ്പോൾ
സ്നേഹത്താൽ വീണ്ടെടുക്കും യേശുനാഥൻ
സകലത്തിലും ജയം നൽകുമല്ലോ (ഇത്രത്തോളം.....)

ഉയർത്തില്ലെന്നു ശത്രുഗണം വാദിക്കുമ്പോൾ
തകർക്കുമെന്ന് ഭീതിയും മുഴക്കിടുമ്പോൾ
പ്രവർത്തിയിൽ വലിയവൻ യേശുനാഥൻ
കൃപനൽകും ജയഘോഷമുയർത്തിടുവാൻ
(ഇത്രത്തോളം.....)

# 86

യേശുവോടുകൂടെ യാത്രചെയ്യുകിൽ

ഏതുമില്ല ഭാരം മരുയാത്രയിൽ
സാരമില്ല രോഗപീഢ ദുഃഖങ്ങൾ
സാധുവിന്നു കാവലേശു തന്നല്ലോ (2)
    നല്ലനാഥനായ താതൻ കൂടെയുണ്ടല്ലോ
    നഷ്ടബോധം ലേശം വേണ്ടീ ലോകയാത്രയിൽ
    എന്തു ഖേദവും ചൊല്ലാം താതനോടിപ്പോൾ
    അത്ര നല്ല സഖിയേശു മാത്രമാണല്ലോ (2) (യേശു......)
ഹൃദയവാതിലിൽ മുട്ടും നാഥനല്ലയോ
വേദനകൾ അറിയുന്ന താതനല്ലയോ
സ്നേഹഭേകി യാഗമായി വീണ്ടെടുത്തവൻ
ശാന്തിയേകി നൽവഴി തുറന്നിടുന്നവൻ (2) (യേശു......)

# 87

വെള്ളത്തിന്മീതെ പരിവർത്തിച്ച
ദൈവത്തിൻ ആത്മാവേ
പരിശുദ്ധാത്മാവേ.....പരിശുദ്ധാത്മാവേ
ഉള്ളത്തിൽ ഇന്നുവന്നു നിറയേണമേ
കൊള്ളുവാൻ ഇടമില്ലാതൊഴുകേണമേ
ദാഹിക്കും ദേഹി കുളിരണിയേണമേ
പാപിക്കു ബോധനമേകണമേ
സത്യരൂപിയാം നിത്യദൈവമേ
കത്തിപ്പടരണമിവിടെ
ആദ്യഭൂവിൽ ജീവൻ നിറച്ചായതുപോലാകുവാൻ
ആത്മമാരി ചൊരിയണം ആദിനാഥനേ
കൊണ്ടു നിന്നെ വീണ്ടും നേരം പണ്ടുശുദ്ധന്മാർ
ഉണ്ടെുള്ളിൽ കത്തും കനൽ കാറ്റടിക്കുമ്പോൾ
(സത്യരൂപിയാം നിത്യ....) (2)
ചാവാറായ ശേഷിപ്പൊക്കെ ഘോഷിച്ചുണർന്നിടുവാൻ

ജീവുറവുകളൊക്കെ തുറക്കണമേ
സ്തേഫാനോസിനായ് തുറ സ്വർഗ്ഗം ദർശിപ്പാൻ
അസ്ഥിക്കൂമ്പാരങ്ങൾ ജീവിച്ചാനന്ദിച്ചിടാൻ
(സത്യരൂപിയാം നിത്യ.......) (2)
(വെള്ളത്തിന്മീതെ.........) (1)
(സത്യരൂപിയാം നിത്യ.......) (2)

# 88

ഹാലേലൂയ്യ ഹാലേലൂയ്യ (4)
നീർച്ചാലുകൾ പോൽ ഒഴുകിയിറങ്ങുന്നു
ജീവൻ നൽകും വചനം ദൈവവചനം (2)
കാതോർത്തിടുവിൻ ദൈവജനമേ
ഹൃദയമൊരുക്കിടുവിൻ ദൈവജനമേ
ഇതു ജീവൻ നൽകും വചനം ദൈവവചനം (2)
(നീർച്ചാലു....ദൈവവചനം) (1)
(ഹാലേലുയ്യ)(4)
അന്ധനു കാഴ്ചയായ് മാറീടും വചനം
ഇരുൾ നീക്കും വചനം ദൈവവചനം
ബധിരനു കേൾവിയായ് മാറീടും വചനം
സൗഖ്യം നൽകും വചനം ദൈവവചനം
സ്നേഹത്തിൻ വചനം ശ്രവിച്ചിടേണം
ഹൃദയത്തിൽ വചനം വിതച്ചിടേണം (2)
വചനത്തിന്റെ സാക്ഷികളായിടേണം
തിരുവചനത്തിന്റെ സാക്ഷ്യമേകിടേണം
(ഹാലേലുയ്യ)(4)
തളരും വേദനയിൽ താങ്ങാകും വചനം
ബലമേകും വചനം ദൈവവചനം
തകരും വേളകളിൽ തുണയാകും വചനം
വഴികാട്ടും വചനം ദൈവവചനം

സ്നേഹത്തിൻ വചനം ശ്രവിച്ചിടേണം
ഹൃദയത്തിൽ വചനം വിതച്ചിടേണം (2)
വചനത്തിന്റെ സാക്ഷികളായിടേണം
തിരുവചനത്തിന്റെ സാക്ഷ്യമേകിടേണം
(നീർച്ചാലു....ദൈവവചനം) (2)
(കാതോ.....ജനമേ)(1)
(ഇതു ജീവൻ....)(2)
(നീർച്ചാലു....)(2) (ഹാലേലൂയ്യ. . .) (8)

# 89

ലോകേ ഞാൻ എൻ ഓട്ടം തികച്ചു
സ്വർഗ്ഗഗേഹെ വിരുതിനായി (2)
പറന്നീടും ഞാൻ മറുരൂപമായി
പരനേശു രാജൻ സന്നിധേ (2)
ദൂത സംഘമാകവെ എന്നെയെതിരേല്ക്കുവാൻ
സദാസന്നദ്ധനായ് നിന്നിടുന്നേ
ശുഭ്രവസ്ത്രധാരിയായ് എന്റെ പ്രിയന്റെ മുൻപിൽ
ഹല്ലേലുയ്യ പാടീടും ഞാൻ
ഏറെ നാളായ് കാൺമാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ (2)
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവോടണഞ്ഞീടുമേ (2)
(ദൂതസംഘ...)
നാഥൻപേർക്കായ് സേവ ചെയ്താൽ (2)
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ (2)
വിളങ്ങീടും കിരീടങ്ങളായ്
(ദൂതസംഘ...)
കൈകളാൽ തീർക്കപ്പെടാത്തതാം - പുതു

ശാലേം നഗരമതിൽ (2)
സദാകാലം ഞാൻ മണവാട്ടിയായ്
പരനോട് കൂടെ വാഴുമേ (2)
(ദൂതസംഘ...)

## 90

എല്ലാം നന്മയ്ക്കായ് നൽകും നല്ല നാഥനെ
നീ എൻ അഭയം എന്നും രക്ഷാ സങ്കേതം
നീയില്ലെങ്കിൽ എന്റെ ജീവിതം ശൂന്യം
നീയുണ്ടെങ്കിൽ എന്റെ ജീവിതം ധന്യം
(എല്ലാം ....ധന്യം)
എങ്ങനെയിന്ന് ഇനി നാളെയെന്താകും
എന്താണിങ്ങനെ എനിക്കെന്തുകൊണ്ടിത് (2)
നിനവുകളെല്ലാം മുന്നമേ അവൻ
അറിഞ്ഞവനുള്ളിൽ ധൈര്യമതേകി (2)
വഴി നടത്തി എത്ര അതിശയമായ്
നന്ദിയുണ്ടെന്നും നാഥാ നിൻ കൃപ മതി (2)
(എല്ലാം ....ധന്യം)
മുന്നിൽ ചെങ്കടൽ പിന്നിൽ ഫറവോൻ സൈന്യം
എല്ലാം തകർന്നു ഇനി ജീവിതം വേണ്ട (2)
വിചാരങ്ങളെല്ലാം മുന്നമേ അവൻ
അറിഞ്ഞവനുള്ളിൽ ആശകളേകി (2)
വഴി നടത്തി എത്ര അതിശയമായ്
നന്ദിയുണ്ടെന്നും നാഥാ നിൻ കൃപ മതി (2)
(എല്ലാം ....ധന്യം)
രോഗം മാറില്ല ലോകം വിധിയെഴുതി
ശോകം നിറഞ്ഞു മനം ഭീതിയിലായി (2)
ആകുലങ്ങളെല്ലാം മുന്നമേ അവൻ
അറിഞ്ഞവനെന്നിൽ വിടുതൽ നൽകി (2)

വഴി നടത്തി എത്ര അതിശയമായ്
നന്ദിയുണ്ടെന്നും നാഥാ നിൻ കൃപ മതി (2)
(എല്ലാം ....ധന്യം)(2)

# 91

പ്രാക്കളെപോൽ നാം പറന്നിടുമേ
പ്രാണപ്രിയൻ വരവിൽ (2)
പ്രത്യാശയേറുന്ന പൊൻമുഖം കാണുവാൻ (2)
പ്രാണപ്രിയൻ വരുന്നു (2)
(പ്രാക്കളെ .....വരവിൽ)(2)
കഷ്ടങ്ങൾ എല്ലാം തീർന്നിടുമേ
കാന്തനാം യേശു വരുമ്പോൾ (2)
കാത്തിരുന്നിടാം ആത്മ ബലം ധരിക്കാം (2)
കാലങ്ങൾ ഏറെയില്ല (2)
(പ്രാക്കളെ .....വരവിൽ)(2)
യുദ്ധങ്ങൾ ക്ഷാമങ്ങൾ ഏറിടുമ്പോൾ
ഭാരപ്പെടേണ്ടതുണ്ടോ (2)
കാഹളം ധ്വനിക്കും വാനിൽ
മണവാളൻ വന്നീടും (2)
വിശുദ്ധിയോടൊരുങ്ങി നിൽക്കാം (2)
(പ്രാക്കളെ .....വരവിൽ)(2)
ഈ ലോകേ ക്ലേശങ്ങൾ ഏറിടുമ്പോൾ
സാരമില്ലെന്നെണ്ണീടുക (2)
നിത്യ സന്തോഷം ഹാ എത്രയോ ശ്രേഷ്ഠം (2)
നിത്യമായ് അങ്ങു വാണീടും (2)
(പ്രാക്കളെ .....വരവിൽ)(2)
വീണ്ടെടുക്കപ്പെട്ട നാം പാടീടും
മൃത്യുവേ ജയമെവിടെ (2)
യുഗായുഗമായ് നാം പ്രിയൻകൂടെന്നും (2)

തേജസ്സിൽ വാസം ചെയ്തീടും (2)
(പ്രാക്കളെ .....വരവിൽ)(2)

# 92

സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യാം
ദൈവത്തിൻ സ്നേഹത്തിൽ ഉറച്ചു നിൽക്കാം
പാവന സ്നേഹം നുകർന്നീടാം
ആ സ്നേഹം ഏവർക്കും പകർന്നീടാം
ചെങ്കടൽ കണ്ടു ഭയം വേണ്ട
മരുവിൽ ദൈവം കൂട്ടിനില്ലേ
തളരാതെ താങ്ങി നടത്തുമവൻ
സകലം കാക്കും ദൈവമവൻ
(ചെങ്കടൽ....ദൈവമവൻ)
രക്ഷയും കോട്ടയും അവനല്ലയോ
ജീവന്റെ മാർഗ്ഗവും അവനല്ലയോ
സത്യവും സ്നേഹവും അവനല്ലയോ
നീതിയും നിയമവും അവനല്ലയോ
(ചെങ്കടൽ....ദൈവമവൻ)
ആത്മാവിൻ രക്ഷയ്ക്കായ് ഉതകും
നന്മകൾ ചെയ്തിടാൻ ഉണരാം
പാപത്തിൻ കെട്ടുകൾ തകർക്കാം
ജീവന്റെ നാഥനെ നേടീടാം(രക്ഷയും....ദൈവമവൻ)
(ചെങ്കടൽ....ദൈവമവൻ)
ലോകത്തിൻ ശക്തിയെ ഭയം വേണ്ട
ലോകത്തെ ജയിച്ചവൻ കൂടെയില്ലേ
ക്രൂശുകൾ ഏറുമ്പോൾ പതറേണ്ട
ക്രൂശിതനായവൻ കൂടെയില്ലേ(രക്ഷയും....)
(ചെങ്കടൽ....ദൈവമവൻ)
സ്വർഗ്ഗത്തെ (1)
(ചെങ്കടൽ....ദൈവമവൻ)

# 93

ആർപ്പിൻ നാദമുയരുന്നിതാ
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
മഹത്വത്തിൻ രാജനെഴുന്നള്ളുന്നു
കൊയ്ത്തിന്റെ അധിപനവൻ
പോയിടാം വൻ കൊയ്ത്തിനായ്
വിളഞ്ഞ വയലുകളിൽ
നേടീടാം ഈ ലോകത്തേക്കാൾ
വിലയേറും ആത്മാവിനെ
ദിനവും നിത്യനരകത്തിലേക്കങ്ങൊ
ഴുകുന്നായിരങ്ങൾ
മാനുവേൽ തൻ മഹാസ്നേഹം
അറിയാതെ നശിച്ചീടുന്നു (പോയീടാം)
ആരെ ഞാനിനി അയയ്ക്കേണ്ടു
ആരിനി പോയിടും
അരുമനാഥാ നിന്നിമ്പസ്വരം
മുഴങ്ങുന്നെൻ കാതുകളിൽ (പോയീടാം)
ഇരുളേറുന്നു പാരിടത്തിൽ
ഇല്ലിനി നാളധികം
ഇത്തിരി വെട്ടം പകർന്നീടാൻ
എന്നെ അയയ്ക്കണമെ. (പോയീടാം)

# 94

എല്ലാം നന്മയ്ക്കായ്, എന്റെ നന്മയ്ക്കായ്
എന്റെ ദൈവം നൽകിടുന്നതെല്ലാം നന്മയ്ക്കായ് (2)
സ്വർഗ്ഗത്തിൽ നിന്നെൻ ചാരെ വന്നവൻ
പ്രാണൻ തന്നെന്നെ വീണ്ടെടുത്തവൻ
ദോഷമായിട്ടൊന്നുമെന്റെ താതൻ ചെയ്കയില്ല
(എല്ലാം.....)(2)

പ്രതീക്ഷകൾ പലതും തകർന്നീടുമ്പോൾ
പ്രതികൂലമനവധി ഉയർന്നീടുമ്പോൾ (2)
സഹനത്തിൻ കയ്പുനീർ കുടിച്ചെന്നാലും
മാറായിൻ മാധുര്യമാക്കിടും താൻ (2)
(സ്വർഗ്ഗത്തിൽ.....ചെയ്കയില്ല)
(എല്ലാം.....)(2)
ക്രൂശിനുശേഷമൊരുയിർപ്പുള്ളതാൽ
അനന്തരം മഹത്വത്തിൻ കിരീടം ഉണ്ട് (2)
മൺകൂടാരം തകർന്നുടഞ്ഞെന്നാലും
കൃപയിന്നത്യന്ത നിക്ഷേപമുണ്ട് (2)
(സ്വർഗ്ഗത്തിൽ.....ചെയ്കയില്ല)
(എല്ലാം.....)(2)

# 95

പരിശുദ്ധാത്മാവേ വരിക ഞങ്ങളിൽ നീ
പരിശുദ്ധാത്മാവേ തരിക നിൻ വരങ്ങൾ
ശിഷ്യസമൂഹത്തിൻ പകർന്നൊഴുകിയ പോൽ
ഇന്നീ ദാസരിലും വന്നു നിറയണമേ
(പരിശുദ്ധ.....വരങ്ങൾ)
പാപബോധവും നീതിബോധവും (2)
പരിശുദ്ധാത്മാവേ വന്നു നിറയണമേ (2)
(പരിശുദ്ധ.....വരങ്ങൾ)
നന്മ തിന്മകളെ തിരിച്ചറിഞ്ഞീടുവാൻ (2)
പരിശുദ്ധാത്മാവേ ബുദ്ധി നൽകണമേ (2)
(പരിശുദ്ധ.....വരങ്ങൾ)
ആത്മശാന്തിയും രോഗശാന്തിയും (2)
പരിശുദ്ധാത്മാവേ പകർന്നു നൽകണമെ (2)
(പരിശുദ്ധ.....നിറയണമേ)
(പരിശുദ്ധ.....വരങ്ങൾ)

# 96

ദൈവപിതാവേ, എന്നുടെ താതൻ നീ
ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നു
നന്ദിയാൽ വണങ്ങുന്നു തിരുമുമ്പിലിന്നേരം
എന്നുമെന്നും നീ ആരാധ്യനാം...(2)

നീ പരിശുദ്ധൻ, നീയെന്നും സ്തുത്യൻ
ദൈവമേ നീ മാത്രം യോഗ്യനാം
ആരാധനയും സ്തുതി ബഹുമാനവും
സ്വീകരിപ്പാനെന്നും നീ യോഗ്യനാം..

യേശുനാഥാ, എൻ കർത്തനാം രക്ഷകൻ നീ
ദൂതന്മാർ, രാപ്പകൽ വാഴ്ത്തീടുന്നോൻ
നന്ദിയാൽ വണങ്ങുന്നു
തിരുമുമ്പിൽ ഇന്നേരം
എന്നുമെന്നും നീ ആരാധ്യനാം... (നന്ദിയാൽ...)
(നീ പരിശുദ്ധൻ.....)
(ആരാധന...യോഗ്യനാം) (2)

പാവനാത്മാവെ, ആശ്വാസപ്രദൻ നീ
ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ
നന്ദിയാൽ വണങ്ങുന്നു
തിരുമുമ്പിൽ ഇന്നേരം
എന്നുമെന്നും നീ ആരാധ്യനാം (നന്ദിയാൽ...)
(നീ പരിശുദ്ധൻ.....)
(ആരാധന...യോഗ്യനാം)
(ദൈവപിതാവെ...)
(നന്ദിയാൽ... ആരാധ്യനാം)
(നീ പരിശുദ്ധൻ.....)
(ആരാധനയും....(2)

# 97

യേശുവെന്നിൽ തിരു സ്നേഹം പകർന്നു തന്നു
യേശുവെന്നിൽ ജ്ഞാനപ്രകാശം തന്നു....

യേശുവെന്നെ നയിപ്പാൻ മുന്നേ നടന്നു....
യേശുവിനെ ഞാനെന്നും അനുഗമിക്കും
സ്നേഹമാം നിന്നെ കാണാൻ കൺകളില്ലാതെ
ഞാൻ അന്ധനായി ജീവിച്ചു പോയ് ഇത്ര നാളിലും (2)
നിൻ പ്രകാശം തന്നു എന്നിൽ കാഴ്ചയെ നൽകി
പുതിയൊരു ജീവിതം എനിക്കു നൽകി (2)
(യേശുവെന്നിൽ.....)
ജ്ഞാനമാം നിന്നെ അറിയാൻ ഉള്ളൊരുക്കാതെ
മൂഢനായി ജീവിച്ചു ഞാൻ ഇത്രനാളിലും (2)
നിൻ വചനത്താലെന്റെ ഉള്ളു തുറന്നു
നല്ല ബുദ്ധി നിറച്ചു ഞാൻ പുതുസൃഷ്ടിയായ് (2)
(യേശുവെന്നിൽ.....)

# 98

ഇസ്രായേലിൻ നാഥൻ യഹോവയാം ദൈവം
ഇത്രത്തോളം നമ്മെ വഴി നടത്തി (2)
യഹോവയീരെ, യഹോവയീരെ, യഹോവയീരെ, ആമ്മേൻ
യഹോവയീരെ, (2) (ഇസ്രായേലിൻ...)(1)
മരുഭൂമി തന്നിൽ മന്നയൊരുക്കി
മേഘസ്തംഭത്താലെ തണലൊരുക്കി (2)
വെളിച്ചത്തിനായി അഗ്നിസ്തംഭമേകി
ഇരവിലും നമ്മെ വഴി നടത്തി(2)
(യഹോവയീരെ...)(2)
(ഇസ്രായേലിൻ...)(1)
ചെങ്കടലിൻ മദ്ധ്യേ, വെള്ളം നിറുത്തി
തൂവൽ നിലമാക്കി വഴിയൊരുക്കി (2)
ശത്രു ഗണമാകെ നിലംപരിശായി
ജയത്തോടെ നമ്മെ വഴി നടത്തി (2)
(യഹോവയീരെ...)(2)
(ഇസ്രായേലിൻ...)(1)
വീഴ്ചയാലെ വന്ന് അകൽച്ച നീക്കിടാം

ഏകജാതനാൽ ദിവ്യ രക്ഷയൊരുക്കി (2)
തിരുനിണത്താലെ നമ്മെ വീണ്ടെടുപ്പാൻ
കൃപയുടെ വാതിൽ തുറന്നു തന്നു...(2)
(യഹോവയീരെ...)(2)
(ഇസ്രായേലിൻ...)(1)

# 99

ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ
യഹോവയ്ക്ക് കഴിയാത്ത കാര്യമില്ലല്ലോ
യേശുവിന്റെ നാമത്തിൽ സൗഖ്യമുണ്ടല്ലോ
യേശുവിന്റെ രക്തത്താൽ ജയമുണ്ടല്ലോ (2)
വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണാം
പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവൃത്തി കാണാം
ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം
ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം
അബ്രഹാം യഹോവയിൽ വിശ്വസിച്ചപ്പോൾ
ദൈവം അത് നീതിക്കായ് കണക്കിട്ടല്ലോ (2)
അതിമഹത്തായ പ്രതിഫലം കൊടുത്തു
ബഹുജാതികൾക്കു പിതാവാക്കി തീർത്തല്ലോ (2)
ഇസഹാക്കിൻ പ്രാർത്ഥനയ്ക്കു മറുപടിയായി
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു (2)
വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു (2) വിശ്വ....
യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ
യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ
യാബോക്ക് എന്ന കടവിൽ അനുഗ്രഹമായ്
യിസ്രായേൽ എന്ന ബഹുമാനം ലഭിച്ചു (2) വിശ്വ....

# 100

ആരാധനാ സ്തുതി സ്തോത്രയാഗം
അർപ്പിക്കും ഞാനെൻ യേശുവിന് (2)
ദൂതഗണങ്ങൾ വാഴ്ത്തി സ്തുതിക്കും
തിരുനാമമെൻ നാവിനതെത്ര പ്രിയം (2)
നിസ്തുലമാം നിൻ സ്നേഹം-വർണ്ണിച്ചീടാൻ എളുതല്ല (2)
അതുല്യമാം നിൻ ത്യാഗം വർണ്ണിപ്പാൻ വാക്കുകളില്ല
ക്രൂശിൽ തന്നെത്താൻ അർപ്പിച്ചോൻ നീ
എൻ പാപബന്ധനം നീക്കിയോൻ നീ (2)
(ആരാധനാ.....പ്രിയം)
നിന്നിഷ്ടം ഭൂമിയിലും സ്വർഗ്ഗത്തിലെപ്പോലാകേണമേ (2)
നിർമ്മലമാം നിൻ രാജ്യം വന്നീടണമെ ഈ മന്നിൽ
രാജ്യം ശക്തി മഹത്വമെല്ലാം എന്നും നിനക്കുള്ളതായി
ടുന്നു (2)
(ആരാധനാ.....പ്രിയം)

# 101

യഹോവായിരെ ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്
യഹോവ റാഫാ സൗഖ്യദായകൻ
തൻ അടിപ്പിണരാൽ സൗഖ്യം
യഹോവ ശമ്മാ കൂടെയിരിക്കും
നൽകുമവൻ ആവശ്യങ്ങൾ
നീ മാത്രം മതി നീ മാത്രം മതി
നീ മാത്രം മതിയെനിക്ക് (2)
യഹോവ ഏലോഹിൻ സൃഷ്ടാവാം ദൈവം
നിൻ വചനത്താലുളവായെല്ലാം
യഹോവ ഈയോൻ അത്യുന്നതൻ നീ

നിന്നെപ്പോലെ മറ്റാരുമില്ല
യഹോവ ശാലോം എൻ സമാധാനം
നൽകി നിൻ ശാന്തിയെന്നിൽ
നീ മാത്രം മതി നീ മാത്രം മതി
നീ മാത്രം മതിയെനിക്ക് (2)
(യഹോവയിരെ....ദൈവം) (1)
(നീ മാത്രം മതി.....) (4)

# 102

അസാധ്യമായ് എനിക്കൊന്നുമില്ല
എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം (2)
ബുദ്ധിക്കതീതമാം അത്യത്ഭുതങ്ങളാൽ
എന്റെ ദൈവം എന്നെ നടത്തുന്നു (2)
സാധ്യമെ എല്ലാം സാധ്യമേ
എൻ യേശു എൻ കൂടെയുള്ളതാൽ (2)
(അസാധ്യ........മുഖാന്തിരം..(2)
ഭാരം പ്രയാസങ്ങൾ വന്നീടിലും
തെല്ലും കുലുങ്ങുകയില്ല ഇനി (2)
ബുദ്ധിക്കതീതമാം ദിവ്യ സമാധാനം
എന്റെ ഉള്ളത്തിലവൻ നിറയ്ക്കുന്നു (2)
സാധ്യമെ എല്ലാം സാധ്യമേ
എൻ യേശു എൻ കൂടെയുള്ളതാൽ (2)
(അസാധ്യ........മുഖാന്തിരം..(2)
സാത്താന്യ ശക്തികളെ ജയിക്കും ഞാൻ
വചനത്തിൽ ശക്തിയാൽ ജയിക്കും ഞാൻ (2)
ബുദ്ധിക്കതീതമാം ശക്തി എന്നിൽ
നിറച്ചെന്നെ ജയാളിയായ് നടത്തുന്നു
സാധ്യമെ എല്ലാം സാധ്യമേ
എൻ യേശു എൻ കൂടെയുള്ളതാൽ (2)
(അസാധ്യ........മുഖാന്തിരം..(2)

സാധ്യമെ എല്ലാം സാധ്യമേ
എൻ യേശു എൻ കൂടെയുള്ളതാൽ (4)

# 103

ആയിരങ്ങൾ വീണാലും പതിനായിരങ്ങൾ വീണാലും
വലയമായ് നിന്നെന്നെ കാത്തിടുവാൻ
ദൈവദൂതന്മാർ ഉണ്ടരികിൽ (2)
അസാധ്യമായ് എനിക്കൊന്നുമില്ലല്ലോ
സർവ്വശക്തനാം ദൈവമെന്റെ കൂടെയുണ്ടല്ലോ (2)
സകലവും ഇന്നെനിക്ക് സാധ്യമാകുവാൻ
എന്റെ യേശുവിന്റെ അത്ഭുതമാം നാമമുണ്ടല്ലോ(2)
ആയുധങ്ങൾ ഫലിക്കയില്ല
ഒരു തോൽവിയും ഇനി വരികയില്ല (2)
എന്നെ ശക്തനായ് മാറ്റീടുവാൻ
ആത്മബലമെന്റെ ഉള്ളിലുള്ളതാൽ (2)
(അസാധ്യമായ്....)(2)
(ആയിരങ്ങൾ......)(1)
തിന്മയതൊന്നും വരികയില്ല
എല്ലാം നന്മയായി തീർന്നിടുമേ (2)
ബാധയതൊന്നും അടുക്കയില്ല
എന്റെ ഭവനത്തിൽ ദൈവമുണ്ടെന്നും
(അസാധ്യമായ്....)(2)
(ആയിരങ്ങൾ......)(1)

# 104

ആരാലും അസാധ്യമെന്നു പറഞ്ഞ്
സ്നേഹിതരേവരും മാറിപ്പോയിടും
പ്രത്യാശയില്ലാത്ത വാക്കു പറഞ്ഞ്
പ്രിയരെല്ലാവരും മാറിപ്പോയിടും

ഭയപ്പെടേണ്ട ദൈവപൈതലേ
അബ്രഹാമിൻ ദൈവം നിന്റെ കൂടെയുണ്ട്
ഭ്രമിച്ചിടേണ്ട ദൈവപൈതലേ
യിസ്സഹാക്കിൻ ദൈവം നിന്റെ കൂടെയുണ്ട്
(ആരാലും...)

വാക്കു പറഞ്ഞവൻ വിശ്വസ്തനായവൻ
മാറാതെപ്പോഴും നിൻ ചാരെയുണ്ട് (2)
അബ്രഹാമിസ്സഹാക്ക് യാക്കോബ് എന്നിവരെ
അനുഗ്രഹിച്ചവൻ കൂടെയുണ്ട്
(ഭയപ്പെടേണ്ട.....)

മാറായിൻ കയ്പിനെ മാധുര്യമാക്കിയ
മാറ്റമില്ലാത്തൊരു ദൈവമല്ലോ
മരുഭൂമിയിൽ മന്ന ദാനമായ് നൽകി
മക്കളെ പോറ്റിയ ദൈവമല്ലോ (2)
(ഭയപ്പെടേണ്ട.....)
(ആരാലും...)
(ഭയപ്പെടേണ്ട.....)

# 105

എൻ പ്രിയൻ യേശുവിൻ നാമം
എനിക്കു നല്ല പ്രത്യാശയേകുന്ന നാമം
എന്നാശ യേശുവിൽ മാത്രം
എനിക്കു നിത്യ രക്ഷയും യേശുവിൽ മാത്രം (2)
സങ്കടക്കടലിൽ വീണു താണു പോയെന്നെ
വലം കരത്താലെ പിടിച്ചുയർത്തിയവൻ (2)
എന്റെ നാവിൽ പുതിയൊരു പാട്ടു തന്നു
എന്റയുള്ളിൽ പുതിയ പ്രതീക്ഷയേകി
എന്നുമെന്നും വൻ കൃപയെ പകർന്നു തന്ന (2)
(എൻ പ്രിയൻ....)(1)
ലോകത്തിൻ തമസ്സിലകപ്പെട്ടു പോയെന്നെ

തൻ പ്രകാശധാരയിൻ നടുവിലാക്കിയേ (2)
എന്റെ വഴിയിൽ ദിവ്യ വെളിച്ചമേകി
എന്റെ കാലുകൾക്കു നല്ല വേഗതയേകി
എന്നുമെന്നും എന്റെ കൂടെ നടന്നീടുന്ന (2)
(എൻ പ്രിയൻ...)(1)
പരീക്ഷകൾ പീഡനങ്ങൾ അനവധിയാം
വിശ്വാസത്തിൻ ശോധനകൾ നിരവധിയാം (2)
അവയെല്ലാം ജയിപ്പാൻ ശക്തിയേകു
വിശ്വാസത്തിൻ പാറമേൽ ഉറപ്പിച്ചീടു (2)
എന്നുമെന്നും എന്റെയുള്ളിൽ വാസം ചെയ്യു..
(എൻ പ്രിയൻ....)(2)

# 106

ജയം ജയം യേശുവിൻ നാമത്തിൽ ജയം
ജയം ജയം യേശുവിൻ രക്തത്താൽ ജയം (2)
പോരാടുവിൻ നാം പോരാടുവിൻ
ഇരുളിൽ കോട്ടകൾ തകർത്തു മുന്നേറിടാം (2)
വിടുതൽ പ്രാപിക്ക വിരുതു പ്രാപിക്ക
ക്രിസ്തുവിൻ ജയക്കൊടി ഉയർത്തി വാഴ്ത്തീടാം (2)
ശത്രുവിൻ തല തകർത്ത ശക്തിയുള്ളതാം
വചനമെന്ന വാളെടുത്തു പോരാടിടാം (2)
വിശ്വാസ പരിചയേന്തി ശക്തരായി നാം
പ്രാർത്ഥനയിൽ ജാഗരിച്ചു മുന്നേറിടാം (2)
(പോരാടുവിൻ....)
തിന്മയിൻ പ്രലോഭനങ്ങൾ വീഴ്ത്തുകയില്ല
നന്മയിൻ പ്രകാശമേന്തി നേരിടുകിൽ (2)
ശത്രുവിൻ ആയുധങ്ങൾ നിഷ്ഫലമാകും
യേശുവിൻ മഹത്വത്തിൽ നിഷ്പ്രഭമാകും (2)
(പോരാടുവിൻ....)
(ജയം ജയം....)
(പോരാടുവിൻ...)

# 107

നീങ്ങിപ്പോയ് എന്റെ ഭാരങ്ങൾ
മാറിപ്പോയ് എന്റെ ശാപങ്ങൾ
സൗഖ്യമായ് എന്റെ രോഗങ്ങൾ
യേശുവിൻ നാമത്തിൽ
ഹല്ലേലുയ്യാ ഞാൻ പാടീടും
യേശുവിനെ ആരാധിക്കും
ഹല്ലേലുയ്യാ ഞാൻ വാഴ്ത്തിടും
സർവ്വശക്തനായവനെ
യേശുവിൻ നാമം വിടുതലായ്
യേശുവിൻ നാമം രക്ഷയായ്
യേശുവിൻ നാമം ശക്തിയായ്
യേശുവെന്നെ വീണ്ടെടുത്തു (2) (ഹല്ലേലുയ്യാ...)
യേശുവിൻ രക്തം ശുദ്ധിയായ്
യേശുവിൻ രക്തം സൗഖ്യമായ്
യേശുവിൻ രക്തം കഴുകലായ്
യേശുവിൽ ഞാനാശ്രയിക്കും (2)(ഹല്ലേലുയ്യാ...)
(നീങ്ങിപ്പോയ്...)

# 108

ശാലേമിൻ നാഥൻ നൽകും ശാലോം
ഹാഗാറിൻ ദൈവം നിന്റെ മീതെ
ഭുജബലമായ് മറുവിലയായ്
മുൾപ്പടർപ്പിൽ കേട്ട സ്വരമായ്
പോയിടാം ദൈവജനമൊന്നായ്
അർപ്പിക്കാം ആത്മ ദേഹത്തെ
ചെങ്കടൽ തീരം കടന്നു, കാനാനിൽ വാസമാക്കിടാം
മാറായെ മറന്നു പാടാം
മന്നായിൽ ഭാഗ്യം നേടിടാം (ശാലേമിൻ...)

യോർദ്ദാന്റെ തീരം കവിഞ്ഞാലും
ശത്രുവിൻ സൈന്യം വളഞ്ഞാലും
വിടുതലുണ്ട് പ്രത്യാശയുണ്ട്
അൻപിൻ കരം തണലായുണ്ട് (2) (പോയിടാം...(2)
(ശാലേമിൻ...)

ഭൂമിയൊന്നാകെ മാറിയാലും
പർവ്വതങ്ങൾ കുലുങ്ങി വീണാലും
ശാശ്വത ബലം തിരുവചനം
കൂരിരുളിൽ പാതയ്ക്കു വെട്ടം (2)(പോയിടാം...(2)
(ശാലേമിൻ...)

# 109

സർവ്വ ലോകവും സൃഷ്ടി ജാലവും
സർവ്വദാ വാഴ്ത്തും സ്നേഹരൂപനാം
സത്യ ദൈവത്തിൻ ഏക നിത്യപുത്രനാം
ക്രിസ്തുവേശുവെൻ രക്ഷാദായകൻ
ഞാൻ വിശ്വസിക്കുന്നു
ഞാൻ ആരാധിക്കുന്നു
ഞാൻ ആശ്രയിക്കുന്നു
എൻ രക്ഷിതാവിങ്കൽ (2)
(സർവ്വ ലോകവും....)
സമൃദ്ധമാം ജീവനെന്നിൽ പകർന്നീടുവാൻ
ഉയിർതന്നു വീണ്ടെടുത്തു തിരുസ്നേഹത്താൽ
എന്റെ പാപശാപമെല്ലാം താൻ വഹിച്ചതാൽ
തന്നടിപ്പിണരെനിക്കു സൗഖ്യദായകം (2)
(ഞാൻ വിശ്വസിക്കുന്നു.....)(2)
(സർവ്വ ലോകവും....)
യേശുവല്ലാതില്ലിഹത്തിൽ ആത്മരക്ഷകൻ
നീതിയിൻ കൃപാസനത്തിലേക മദ്ധ്യസ്ഥൻ
നിത്യ ജീവദായകനാം സത്യമാർഗ്ഗം താൻ
കുഞ്ഞാടുകൾക്ക് സ്നേഹമേകും നല്ലിടയൻ താൻ (2)

(ഞാൻ വിശ്വസിക്കുന്നു.....)(2)
(സർവ്വ ലോകവും....)
(ഞാൻ വിശ്വസിക്കുന്നു.....)(4)

# 110

എനിക്കായ് കരുതുന്നവൻ
ഭാരങ്ങൾ വഹിക്കുവൻ
എന്നെ കൈവിടാത്തവൻ
യേശുവെൻ കൂടെയുണ്ട്
പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ
പരിഹാരമെനിക്കായ് കരുതീട്ടുണ്ട്
എന്തിനെന്നു ചോദിക്കില്ല ഞാൻ
എന്റെ നന്മയ്ക്കായെന്നറിയുന്നു ഞാൻ
എരിതീയിൽ വീണാലും
അവിടെ ഞാൻ ഏകനല്ല
വീഴുന്നതു തീയിലല്ല
യേശുവിൻ കരങ്ങളിലാ (പരീക്ഷ എന്റെ ദൈവം...)
ഘോരമാം ശോധനയിൽ
ആഴങ്ങൾ കടന്നിടുമ്പോൾ
നടത്തുന്നതേശുവത്രെ
ഞാനവൻ കരങ്ങളിലാം (പരീക്ഷ എന്റെ ദൈവം...)
ദൈവമെനിക്കനുകൂലം
അതു നന്നായറിയുന്നു ഞാൻ
ദൈവമനുകൂലമെങ്കിൽ
ആർ എനിക്കെതിരായിടും (പരീക്ഷ എന്റെ ദൈവം...)
(എന്തിനെന്നു. . . )(2)

# 111

ക്രൂശിന്റെ പാതയെ പിന്തുടർന്നീടാം
ദൈവമക്കളായിടാം നാം

ആ നല്ല നാളിനായ്
പ്രത്യാശയോടെ നാം
ജീവിക്കാം യേശുവിനായ്
(ക്രൂശിന്റെ പാതയെ.......)(2)
വീണ്ടും വീടും വാനമേഘത്തിൽ
രാജാധിരാജനായ് യേശുനായകൻ
കാഹളനാദം കാതിലെത്തുമ്പോൾ
വരൂ വരൂ ഒരുങ്ങി നിൽക്ക നാം
(ക്രൂശിന്റെ പാതയെ.......)(2)
നിൻ ജീവിതം ധന്യമാക്കുവാൻ
സത്യധർമ്മ നീതിമാർഗ്ഗമുൾക്കൊണ്ടീടുക
ത്യാഗത്തിൻ മൂർത്തിയാകും യേശുനാഥനായ്
വരൂ വരൂ സമർപ്പണം ചെയ്ക
(ക്രൂശിന്റെ പാതയെ.......)
(ക്രൂശിന്റെ പാതയെ.......2

# 112

അത്യുന്നതൻ മറവിൽ വസിച്ചീടും ഞാൻ
അവൻ ചിറകിൻ നിഴലിൽ പാർത്തീടും ഞാൻ
അവൻ എന്റെ സങ്കേതം
അവൻ എന്റെ കോട്ടയും
അവൻ എന്റെ ആശ്രയമാം ദൈവവും
ഒരു ബാധയും എൻ ഭവനത്തിങ്കൽ
ഒരു നാളിലും ചേർന്നു വരികയില്ല
എൻ കാലുകൾ തട്ടി ഇടറിടാതെ
കൈയ്യിൽ കരുതിടും അവൻ ദൂതന്മാർ
(അത്യുന്നതൻ മറവിൽ........)
നാശമേറുന്ന മഹാമാരിയിലും
വേട്ടക്കാരനൊരുക്കുന്ന കെണികളിലും

തന്റെ തൂവലാൽ എന്നെമറച്ചിടുന്നു
എന്റെ പരിചയും പലകയുമായ്
(അത്യുന്നതൻ മറവിൽ........)

# 113

ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ പുലർത്തി
എന്റെ യേശു എത്ര നല്ലവൻ
അവൻ എന്നെന്നും മതിയായവൻ
എന്റെ പാപഭാരമെല്ലാം
തന്റെ ചുമലിൽ ഏറ്റുകൊണ്ട്
എനിക്കായ് കുരിശിൽ മരിച്ചു
എന്റെ യേശു എത്ര നല്ലവൻ

എന്റെ ആവശ്യങ്ങളറിഞ്ഞ്
ആകാശത്തിൻ കിളിവാതിൽ തുറന്ന്
എല്ലാം സമൃദ്ധിയായ് നൽകീടുന്ന
എന്റെ യേശു നല്ല ഇടയൻ
മനോഭാരത്താൽ അലഞ്ഞ്
മനോവേദനയാൽ നിറഞ്ഞ്
മനമുരുകി ഞാൻ കരഞ്ഞീടുമ്പോൾ
എന്റെ യേശു എത്ര നല്ലവൻ

രോഗശയ്യയിൽ എനിക്കു വൈദ്യൻ
ശോകവേളയിൽ ആശ്വാസകൻ
കൊടുംവെയിലതിൽ തണലുമവൻ
എന്റെ യേശു എത്ര വല്ലഭൻ

ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ പുലർത്തി

എന്റെ യേശു എത്ര നല്ലവൻ
അവൻ എന്നെന്നും മതിയായവൻ

# 114

ആഹാഹാ...ഹാലേല്ലൂയ്യാ (8)
പരിശുദ്ധൻ മഹോന്നത ദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ (2)
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കുന്ന
സ്വർലോക നാഥനാം മിശിഹാ
ആഹാഹാ...ഹാലേല്ലൂയ്യാ (8)

അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യ താതനും വീരനാം ദൈവം (2)
ഉന്നത ദേവൻ നീതിയിൻ സൂര്യൻ
രാജാധിരാജനാം മിശിഹാ
ആഹാഹാ...ഹാലേല്ലൂയ്യാ (8)

കോടാകോടി തൻ ദൂതസൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാവിരവിൽ (2)
തൻ പ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരുമേശു മിശിഹാ
ആഹാഹാ...ഹാലേല്ലൂയ്യാ (8)

# 115

യാക്കോബിൻ ദൈവം എന്റെ ദൈവം
ഇസഹാക്കിൻ ദൈവം എന്റെ ദൈവം (2)
ആരാധിപ്പാൻ ശക്തൻ സ്തുതിച്ചിടാൻ യോഗ്യൻ (2)
ഈ ദൈവത്തെ നമുക്കിന്ന് ആരാധിക്കാം
യാഹെന്ന ദൈവത്തെ ആരാധിച്ചീടാം

നമുക്കാരാധിക്കാം നമുക്കാരാധിക്കാം
അവൻ വിളിച്ചാൽ കേൾക്കുന്ന ദൈവമല്ലോ (2)
നമുക്കാരാധിക്കാം നമുക്കാരാധിക്കാം
അവൻ പാപങ്ങൾ പോക്കുന്ന ദൈവമല്ലോ
(നമുക്കാരാധിക്കാം.... ദൈവമല്ലോ)

ദൈവം നൽകിയ ദാനങ്ങളെ
ഓർത്തു നിത്യം നമിച്ചിടാം
ദൈവം നടത്തിയ പാതകളെ
കണ്ടു മോദാൽ വാഴ്ത്തിടാം
നമ്മെ കരം പിടിച്ചനുദിനം
നടത്തുന്ന വിധങ്ങളെ
സ്തുതിച്ചു നിത്യം ആരാധിക്കാം (2)
ഈ ലോക യാത്രയിൽ തളരാതെ മുന്നേറാൻ
യാഹെന്ന ദൈവത്തെ ആരാധിച്ചീടാം... (2)
(നമുക്കാ...(2)

ശത്രുവിൻ കൈയിൽ അകപ്പെടാതെ
കരുതിയ നാഥനെ നമിച്ചിടാം
രോഗപീഡയിൽ തളർന്നിടാതെ
താങ്ങിയ കർത്തനെ വാഴ്ത്തിടാം
നമ്മെ തിരുരക്തത്താലെന്നും
തഴുകി തലോടുന്ന
കരങ്ങളെ ഓർത്തെന്നും സ്തുതിച്ചിടാം (2)
വീണ്ടും വരാമെന്ന വാഗ്ദത്തമേകിയ
യാഹെന്ന ദൈവത്തെ ആരാധിച്ചീടാം (2)
(നമുക്കാ...(2)

# 116

എല്ലാം എല്ലാം ദാനമല്ലേ...
ഇതൊന്നും എന്റേതല്ല... (1)
എല്ലാം എല്ലാം തന്നതല്ലേ...

ഇതൊന്നും ഞാൻ നേടിയതല്ല...
ജീവനും ജീവനിയോഗങ്ങളും
പ്രാണനും പ്രാണപ്രഭാവങ്ങളും
നാഥാ നിൻ ദിവ്യമാം ദാനങ്ങളല്ലേ
ഇതൊന്നും എന്റേതല്ല (2)
(എല്ലാം എല്ലാം....)(1)
നിമിഷങ്ങളിൽ ഓരോ നിമിഷങ്ങളിൽ
എന്നെ പൊതിയുന്ന നിൻ ജീവകിരണങ്ങളും (2)
ഒരു മാത്രപോലും പിരിയാതെ എന്നെ
കരുതുന്ന സ്നേഹവും ദാനമല്ലേ... (2)
(എല്ലാം എല്ലാം....)(1)
ബന്ധങ്ങളിൽ എന്റെ കർമ്മങ്ങളിൽ
എന്നെ നിൻ ജീവസാക്ഷിയായ് നിർത്തിടുവാൻ (2)
പരിപാവനാത്മാവിൻ വരദാനമെന്നിൽ
പകരുന്ന സ്നേഹവും ദാനമല്ലേ (2)
(എല്ലാം എല്ലാം....)

# 117

ബലഹീനതയിൽ ബലമേകി
ബലവാനായോൻ നടത്തിടുന്നു.. (2)
കൃപയാലെ കൃപയാലെ കൃപയാലനുദിനവും (2)
(ബലഹീന...) 2
എന്റെ കൃപ നിനക്കുമതി
കർത്താവിൻ തിരുവചനം (2)
അനശ്വരമായ വചനമതേകി
അതിശയമായി നടത്തിടുന്നു (2)
(കൃപ....(2)) (ബലഹീന..)
യഹോവയെ കാത്തിരിപ്പൂ
ശക്തിയെ പുതുക്കീടും (2)
കഴുകനെപോലെ ചിറകടിച്ചുയരും

തളർന്നുപോകാതെ ഓടീടും.... (2)
(കൃപ....(2)) (ബലഹീന..)

ദുഃഖങ്ങളിൽ ഭാരങ്ങളിൽ
കർത്താവ് കരുതീടും (2)
ബലഹീനതയിൽ തികഞ്ഞു വന്നീടും
തിരുശക്തി നാഥൻ പകർന്നീടും(2)
(കൃപ....(2)) (ബലഹീന..)

# 118

യഹോവ എൻ സങ്കേതമേ..
എൻ ശാശ്വത പാറയും അവൻ തന്നെ
എൻ കോട്ടയും എൻ ശൈലവും
എനിക്കെല്ലാമെൻ യേശുവത്രേ... (2)
(യഹോ....)

എൻ മനമേ നീ ഭ്രമിച്ചിടേണ്ട
കലങ്ങിപോകരുതേ
ഉന്നതൻ നിന്റെ കൂടെയുണ്ട്
എന്തിനു ഭയപ്പെടേണം
ലോകരെല്ലാം മാറിയാലും സ്നേഹിതരുപേക്ഷിച്ചാലും
സഖിയായും തുണയായും ചാരെയെത്തും
ആത്മസ്നേഹിതനായ്... (യഹോ...)
ശത്രുക്കൾ മുൻപേ വിരുന്നൊരുക്കും
യഹോവ എന്നിടയൻ
കൂരിരുൾ താഴ്വരെ നടന്നിടിലും
എന്തിനു ഭയപ്പെടേണം
വീണിടാതെ താണിടാതെ
നേർവഴി നയിക്കും നാഥൻ
ഒരു നാളും പിരിയാതെൻ കൂടെയുണ്ട്
നല്ല ഇടയനവൻ (യഹോ....)

# 119

ഇന്നു കണ്ട മിസ്രേമ്യനെ കാണുകയില്ല
ഇന്നു വന്ന കഷ്ടമിനി വരികയില്ല (2)
ബാധ നിന്റെ കൂടാരത്തിൽ അടുക്കയില്ല (2)
നിന്റെ കാലുകൾ ഇടറുകയില്ല (2)
(ഇന്നു കണ്ട.... വരികയില്ല) (2)

ചെങ്കടൽ പിളർന്നു വഴി തരും
യോർദ്ദാൻ രണ്ടായി പിരിഞ്ഞു മാറും(2)
യരീഹോ നിൻ മുന്നിൽ ഇടിഞ്ഞു വീഴും
യേശുവിൻ നാമത്തിൽ ആർപ്പിടുമ്പോൾ (2)
(ഇന്നു കണ്ട.... വരികയില്ല) (2)

രോഗങ്ങൾ നിന്നെ ക്ഷീണിപ്പിക്കയില്ല
ശാപങ്ങൾ നിന്നെ തളർത്തുകയില്ല (2)
ആഭിചാരം യാക്കോബിനു ഫലിക്കയില്ല
ലക്ഷണങ്ങൾ ഇസ്രായേലിനേൽക്കയില്ല (2)
(ഇന്നു കണ്ട.... വരികയില്ല) (2)

# 120

അക്കരെ നാട്ടിലെൻ വാസമേകിടാൻ
അൻപെഴും നായകൻ വന്നിടാറായ് (2)
നമ്മെ വീണ്ടതാം യേശുനായകൻ
വീണ്ടും വന്നിടാൻ കാലമായല്ലോ (അക്കരെ...)

ഭൂതരിൻ ആരവം കേട്ടിടാറായ്
കർത്ത നിൻ കാഹളം ധ്വനിച്ചിടാറായ് (2)
വിണ്ണതിൽ നിത്യമാം വാസമൊരുക്കി
വന്നിടും രക്ഷകൻ മേഘവാഹനെ (2)
(നമ്മെ വീണ്ടതാം)(2)
(അക്കരെ)

ദൈവം തൻ മക്കളിൽ കണ്ണുനീരെല്ലാം
പൂർണ്ണമായ് മായ്ച്ചീടും നാളടുത്തിചാ (2)

ചേരും നാം വേഗത്തിൽ കർത്തൻ സന്നിധേ
പാടും നാം നിത്യവും ഹല്ലേലൂയ്യാ (2)
(നമ്മെ വീണ്ടതാം)(2)
(അക്കരെ)

# 121

പാവനാത്മാവിൻ സൽഫലങ്ങളുമായ്
ഈ പാരിടമാകെ തൂകിടുവാനായ്
യോഗ്യരാക്കണമേ തിരുസഭയെ ഉണർത്തണമേ
(പാവനാത്മാവിൻ.....)

നിൻ ദിവ്യ ചൈതന്യമേകി
ഈ ദാസരെ അയയ്ക്കേണണേ
പതറാതെ സേവയിൽ മുഴുകാൻ
ആതമ ബലത്താൽ നിറക്കേണമെ
സ്നേഹമെന്ന പരിചയുമേന്തി
യാത്ര ചെയ്തീടാൻ
ദീർഘ ക്ഷമയിൻ വരം തരണമേ
അനുദിനം നാഥാ..... (2) (നിൻ ദിവ്യ)
ഇടറി വീഴും മാനവർക്കെന്നും
അഭയമായീടുവാൻ
നമ്മിൽതമ്മിൽ കരുതും സ്നേഹം
പകരണമേ നാഥാ (2) (നിൻ ദിവ്യ)
(പാവനാത്മാവിൻ.....)

# 122

എത്ര നല്ലവൻ എൻ യേശുനായകൻ
ഏതു നേരത്തും നടത്തിടുന്നവൻ (2)
എണ്ണിയാൽ തീർന്നിടാ
നന്മകൾ ചെയ്തവൻ
എന്നെ സ്നേഹിച്ചവൻ ഹാലേല്ലുയ്യ (2)

(എത്ര നല്ലവൻ...നടത്തിടുന്നവൻ)
പ്രിയരേവരും പ്രതികൂലമാകുമ്പോൾ
പാരിലേറിടും പ്രയാസവേളയിൽ
പൊൻമുഖം കണ്ടു ഞാൻ യാത്രചെയ്തീടുവാൻ
പൊന്നുനാഥൻ കൃപ നൽകുമീ പൈതലിൽ (2)
(എത്ര നല്ലവൻ...നടത്തിടുന്നവൻ)
നായകനവൻ നമുക്കു മുമ്പിലായ്
നൽവഴികളെ നിരത്തിടുന്നവൻ (2)
നന്ദിയാൽ പാടും ഞാൻ നല്ലവൻ യേശുവേ
നാടെങ്ങും വാഴ്ത്തിടും തൻമഹാ സ്നേഹത്തെ (2)
(എത്ര നല്ലവൻ...നടത്തിടുന്നവൻ)
(എണ്ണിയാൽ....ഹാലേല്ലൂയ്യ)
(എത്ര നല്ലവൻ...നടത്തിടുന്നവൻ)

# 123

ക്രിസ്തുവിൻ ജയാളിയാണു നാം
ക്രിസ്തുവിൻ പോരാളിയാണു നാം (2)
ധീരരായ് പോരാടീടാം
കർതൃസേവ ചെയ്തിടാം
ജയം നേടി മുന്നേറിടാം
മുന്നേറിടാം നാം മുന്നേറിടാം
ക്രൂശിൻ പാത നോക്കി വേഗം മുന്നേറിടാം (2)
പാപശാപ ബന്ധനങ്ങൾ നീക്കിവേഗം നാം
ക്രിസ്തുവിൽ ജയാളിയായ് മുന്നേറിടാം
ആദ്യനൂറ്റാണ്ടിലെ ആത്മശാന്തി
പകർന്നിടട്ടെ ഇന്ന് സഭകളിൻമേൽ
അഭിഷേക തീ ഇന്ന് പകർന്നിടുമ്പോൾ
ഉണർന്നിടാം യേശുവേ എതിരേറ്റിടാം
(മുന്നേറിടാം...)(2)
(പാപശാപ...)(2)

ആത്മാ അഭിഷേകത്തിൻ മാരി പെയ്യാൻ
പൂർണ്ണമായ് ഏകിടാം അവൻ സന്നിധേ
ആത്മാവിൻ ഫലങ്ങളാൽ ആരാധിക്കാൻ
ഒരുങ്ങിടാം യേശുവെ എതിരേറ്റിടാം
(മുന്നേറിടാം...)(2)
(പാപശാപ...)(2)

ലോകപാപങ്ങളിൽ വീണിടാതെ
ഓടീടാം യേശുവിൻ പാത നോക്കി (2)
രാജാധിരാജനെ എതിരേറ്റിടാം
വിശുദ്ധിയോടെ നാം ഒരുങ്ങീടുക
ഹാലേല്ലൂയ്യാ ആമ്മീൻ ഹാലേല്ലൂയ്യാ
ഹാലേല്ലൂയ്യാ ഹാലേല്ലൂയ്യ ഹാലേല്ലൂയ്യാ

# 124

ദൈവം കനിവായ് തന്നതല്ലേ
ഈ ജന്മം
എൻ കരങ്ങളിൽ ഞാൻ കാക്കും
ഒരു നിധിയായ് നിന്നെ
നിറവോടെ കരുതും പിരിയാതെ നിന്നെ (ദൈവം) (2)
ഒരു മകനായ് മകളായ്
നിൻമാർവ്വിൽ ഞാനും (2)
ശാന്തമായ് ഉറങ്ങീടും നേരം
ഉറങ്ങാതെ ഉണർവ്വോടെ കരുതും നിൻ കരങ്ങൾ
എൻ ജീവിതം നിന്നിൽ ധന്യമായ് തീരാൻ
(ദൈവം...)

ഇരുൾ മൂടിയ വാനവും കുട ചൂടിയ ചന്ദ്രനും
അലിവില്ലാതിളകുന്ന കടലും
ഇളകുന്ന തോണിയിൽ ഇടറാതെ ഞാനും
ഉറപ്പോടെയെത്തും മറുകരയിൽ നിൻ കൃപയാൽ
(ദൈവം...)

# 125

അനുതാപ ഹൃദയം തിരുമുമ്പിൽ നാഥാ
കരുണാർദ്ര മിഴികൾ തുറക്കേണമെ (2)
നോക്കേണമേ നിൻമിഴി പകരണമേ
ജീവൻ കനിഞ്ഞേകിയണക്കേണമേ (2)
(അനുതാപ....)
മരുഭൂമിയിൽ തെളിനീരുറവയുമായ്
എരിതീയിലോ കരുതൽ ചിറകുമതായ് (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴി തേടിയോ (2)
(അനുതാപ....)
വഴിയാത്രയിൽ സഖിയായ് കൂടെ നടന്ന്
കൂടാര വാസിയായ് കൂട്ടിനിരുന്ന്
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴി തേടിയോ
ഞങ്ങൾ സ്വന്തം വഴി തേടിയോ
(അനുതാപ....)

# 126

പാടിടും സ്തുതി ഗീതമെന്നും പാവനനാം
പരമോന്നതന്
വാഴ്ത്തീടും തിരുനാമമെന്നും വാനോർ
വാഴ്ത്തും തിരുസുതനെ.... (2)
സങ്കേതം നീ മാത്രമേ ആശ്രയം വേറെയാരുമില്ലേ...
കാത്തിടും നിൻ രക്ഷയ്ക്കായ് ആശയോടെൻ മാനസം (2)
സേവിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം....
ഘോഷിക്കും നന്മകൾ നന്ദിയാൽ ദിനവും
(2)(പാടിടും....)

ആശ്വാസം നീയല്ലയോ ആലംബമായ് നീ ചാരെയില്ലേ
ആമോദത്താൽ എന്നുള്ളം ആത്മാവിനായിടുമെ (2)
ജീവിക്കും നാളെന്നും നാഥാ നിൻ ഇഷ്ടംപോൽ
പ്രാപിക്കും നിശ്ചയം കർത്താവിൽ സവിധം (2)
(പാടിടും....) (തിരുസുതനെ....(2))

# 127

കഷ്ടങ്ങൾക്ക് സ്ഥാനമുണ്ട്
എല്ലാ ദുഃഖങ്ങൾക്കും ഹേതുവുണ്ട് (2)
ദൈവസ്നേഹം അറിഞ്ഞവർക്കും
ദൈവവിളി ലഭിച്ചവർക്കും
നന്മയ്ക്കായ് വ്യാപരിപ്പാൻ
വിശ്വാസത്തിൻ ശോധനയായ്
(കഷ്ടങ്ങൾക്ക്......ഹേതുവുണ്ട്)(2)
കുശവൻ തൻ കരങ്ങളിലെ
കളിമണ്ണ് പോൽ നമ്മെതാൻ (2)
രൂപവും ഭാവവുമേകി
നിരന്തരം പണിയുകയായ് (2)
(ദൈവസ്നേഹം....ശോധനയായ്)
(കഷ്ടങ്ങൾക്ക്......ഹേതുവുണ്ട്)(2)
കഷ്ടതകൾ സഹനത്തേയും
സഹിഷ്ണുത സിദ്ധതയേയും (2)
പരിജ്ഞാനം പ്രത്യാശയേയും
വിശ്വാസത്താൽ ജ്വലിപ്പിക്കയായ് (2)
(ദൈവസ്നേഹം....ശോധനയായ്)(1)
(കഷ്ടങ്ങൾക്ക്......ഹേതുവുണ്ട്)(2)
(ദൈവസ്നേഹം....ശോധനയായ്)
(കഷ്ടങ്ങൾക്ക്......ഹേതുവുണ്ട്)(2)

# നിത്യപ്രാർത്ഥനാ ക്രമം

(ഏഴു നേരത്തെ പ്രാർത്ഥന രണ്ടു നേരമായി നടത്തുമ്പോൾ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പായി ഒമ്പതാം മണി നേരത്തെ പ്രാർത്ഥന കഴിച്ചശേഷം സന്ധ്യാപ്രാർത്ഥന ആരംഭിക്കേണ്ടതാകുന്നു).

## ഒൻപതാം മണി പ്രാർത്ഥന

### ആരംഭം

(ഒരു കൗമാ)

പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയ സത്യ ഏക ദൈവത്തിന്റെ തിരുനാമത്തിൽ, തനിക്ക് സ്തുതി.

നമ്മുടെ മേൽ ദൈവത്തിന്റെ കരുണയും മനോഗുണവും എന്നേയ്ക്കുമുണ്ടായിരിക്കട്ടെ. അമ്മീൻ

ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവൻ ആകുന്നു. ഉയരങ്ങളിൽ സ്തുതി.

ദൈവമേ! നീ പരിശുദ്ധനാകുന്നു.

ബലവാനേ! നീ പരിശുദ്ധനാകുന്നു.

മരണമില്ലാത്തവനേ ! നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കുവേണ്ടി കുരിശിയ്ക്കപ്പെട്ടവനേ!

ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

(3 പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷകളും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ദൈവമേ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്കു സ്തുതി. പാപികളായ അടിയാരോട് കൃപ ചെയ്യുന്ന മിശിഹാ രാജാവേ! നിനക്കു സ്തുതി.

ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ. ഞങ്ങൾക്ക് ആവശ്യ മായിരിക്കുന്ന അപ്പം ഇന്ന് ഞങ്ങൾക്ക് തരേണമെ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കേണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശി പ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊളളണമെ. എന്തുകൊ ണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപനിറഞ്ഞ മറിയമെ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവ് നിന്നോടുകൂടെ. സ്ത്രീകളിൽ നീ വാഴത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയാമെ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കു വേണ്ടി അപേക്ഷിച്ചു കൊള്ളേണമെ. ആമ്മീൻ.

## കോലോകൾ

മരിച്ചവരെ ജീവിപ്പിക്കുന്നവനായുള്ളോവേ! നിനക്ക് സ്തുതി. കബറടക്കപ്പെട്ടവരെ ഉയർത്തെഴുന്നേല്പ്പിക്കുന്നവനേ! നിനക്ക് സ്തുതി. നിനക്ക് സ്തുതിയും നിന്നെ അയച്ച പിതാവിനും വിശുദ്ധ റൂഹായ്ക്കും പുകഴ്ചയും ഉണ്ടായിരിക്കട്ടെ -

ബാറെക്മോർ

തിരുവുള്ളത്താൽ മുന്നു ദിവസം കബറിൽ പാർത്തവനായി ത്രിത്വത്തിൽ ഒരുവനായുള്ളവനെ! നിന്റെ വിലയേറിയ രക്തത്താൽ വിലക്ക് കൊള്ളപ്പെട്ടവരായ ഞങ്ങളുടെ മരിച്ചുപോയവരെ നീ ഉയർപ്പിച്ച് ജിവിപ്പിക്കേണമെ. മൊറിയോ റാഹേംമേലൈനുആദാറൈൻ.

## ബോവൂസോ

കരുണകൾ നിറഞ്ഞിരിക്കുന്നവനേ! ഉയർപ്പു ദിവസത്തിൽ നിന്റെ സൃഷ്ടിയെ പുതുതാക്കണമെ.

കർത്താവേ! നിന്നിലുള്ള ശരണത്തോടു കൂടെ നിദ്ര പ്രാപിച്ച് നിന്റെ വരവിനായി നോക്കിപ്പാർ ത്തിരിക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തേണമെ.

കർത്താവേ! നിന്നിലുള്ള ആശാബന്ധത്തോടു കൂടെ നിദ്ര പ്രാപിച്ചിരിക്കുന്നവരായ നിന്റെ ദാസരെ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ വസിപ്പിക്കേണമെ.

വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയർപ്പിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒന്നുപോലെ അട്ടഹസിച്ച് പറയുമാറാകണമെ. ആമ്മീൻ.

ദൈവമേ നീ പരിശുദ്ധനാകുന്നു............ഇത്യാദി

# സന്ധ്യാപ്രാർത്ഥന

ദൈവമേ നീ പരിശുദ്ധനാകുന്നു............ഇത്യാദി

(ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും മാത്രം 51-ാം മസുമൂർ ചൊല്ലുക പേജ്-122)

**140, 141, 118, 116 മസ്മൂറുകൾ**

## കുറിയേലായിസ്സോൻ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോട് നീ ഉത്തരമരുളിച്ചെയ്യേണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളുകയും ചെയ്യേണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടു പോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്ക് കാവൽ ക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാര നെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടു കൂടെ ഞാൻ ചേരുമാറാ കരുതേ, നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലക്ക് കൊഴുപ്പാകാതിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൽ മുനയാൽ തടുക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ

അടുക്കലേക്ക് ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുളള പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തു കൊളളണമേ. ഞാൻ കടന്നുപോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായ് കെണികളെ മറച്ചു വച്ചു. ഞാൻ വലത്തോട്ടു നോക്കി. എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നതു കൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചുകേൾക്കണമേ. എന്നെ പീഢിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽ നിന്ന് എന്നെ വിടുവിക്കണമേ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യുവാനായിട്ട് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്നും പുറപ്പെടുവിക്കണമെ. നീയെന്നോട് ഉത്തരം അരുളിച്ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. നിന്റെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിന്റെ ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമേ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ട് കെണികളെ വച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽ നിന്നും മാറിപോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന് ആനന്ദമാകുന്നു. നിന്റെ കല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ, എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. - ബാറെക്മോർ

## എക്ബോ

കർത്താവേ! കരുണയോടെ നിന്റെ ചെവി ചായ്ച്ച് ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടുത്തരമരുളി ചെയ്യണമേ. ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും ദയവോടെ കൈക്കൊള്ളാൻ നിനക്കിഷ്ടമുണ്ടാവുകയും ചെയ്യണമേ

സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

## കോലോകൾ

കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന നിന്റെ സന്നിധിയിൽ സുഗന്ധവർഗ്ഗം പോലെ ഇമ്പമായി ഭവിക്കേണമേ. സുഗന്ധ ധൂപം പോലെ അത് നിന്റെ സന്നിധിയിലേക്ക് ഉയരുമാറാകണമേ. സുഗന്ധവർഗ്ഗങ്ങളുടെ പുക നിനക്ക് ഇമ്പമായിരിക്കുന്നതുപോലെ ഞങ്ങളുടെ നമസ്ക്കാര ങ്ങളിലും പ്രാർത്ഥനകളിലും അപേക്ഷകളിലും സ്തോത്രങ്ങളിലും നീ ഇഷ്ടപ്പെട്ട് ഞങ്ങളിലുള്ള അയോഗ്യതകളെ ഓർക്കാതെ അവയെ കൈക്കൊ ള്ളുകയും ഞങ്ങളുടെ യാചനകളെ നല്കുകയും ചെയ്യണമേ - ബാറെക്മോർ.

## ദൈവമാതാവിനോട്

കന്യകയായ മാതാവേ! എല്ലാ ഭാഗങ്ങളിൽ നിന്നും ഞങ്ങൾക്കു വന്നുകൂടുന്ന ഉപദ്രവങ്ങളെയും ഈ ലോക സമുദ്രത്തിന്റെ ഓളങ്ങളെയും ചുഴലികളെയും നീ തടുക്കണമേ. മാതാവേ! ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യമായ പ്രവേശനം മൂലം ദൈവം ഞങ്ങൾക്കു കരുണയും പാപമോചനവും രോഗികൾക്ക് സൗഖ്യവും ഞെരുക്കത്തിലിരിക്കുന്നവർക്ക് ആശ്വാസവും അകലെ പോയിരിക്കുന്നവർക്ക് തിരിച്ചുവരവും നല്കുവാനായിട്ട് ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

## പരിശുദ്ധന്മാരോട്

സഹദേന്മാരേ! ജലപ്രളയ കാലത്തിൽ നീതിമാനായ നോഹ തന്നോടുകൂടെ പെട്ടകത്തിനകത്ത് പ്രവേശിച്ച ജീവജന്തുക്കളെ അതിന്റെ ഉള്ളിൽ മറച്ചുകൊണ്ട പ്രകാരം നിങ്ങൾ ലോകത്തെ ചുറ്റിയിരിക്കുന്ന തിരമാലകളിൽ നിന്നും ചുഴലികളിൽ നിന്നും അതിനെ മറച്ചുകൊള്ളണമേ.

## ഏകപരിശുദ്ധനോട്

മോർ തോമ്മാ ശ്ലീഹാ! നിന്റെ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു. നിന്റെ ശ്രേഷ്ഠമായ നാമം താഴെയുള്ളവരുടെ ഇടയിൽ പുകഴ്ത്തപ്പെടുന്നു. നിന്റെ യജമാനനായ മിശിഹാ നിന്റെ നല്ല നടപടികളെ കണ്ട് നിന്റെ ഓർമ്മയെ ബഹുമാനിച്ചു ശ്രേഷ്ഠതപ്പെടുത്തിയിരിക്കുന്നു. നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമേ.

## അനുതാപത്തിന്റെ

പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമ്മലനായിരിക്കുന്ന ദൈവമായ കർത്താവേ! ഞങ്ങൾക്കു എല്ലായ്പ്പോഴും നിർമ്മലഹൃദയത്തെ തരണമേ. നിനക്ക് ഇഷ്ടമില്ലാത്ത വ്യർത്ഥവിചാരങ്ങളെയും ദുഃഷിന്തകളെയും ഞങ്ങളിൽ നിന്ന് നീക്കിക്കളയണമേ. കർത്താവേ! കള്ളനു തുറന്നുകൊടുത്ത പ്രകാരം നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു നീ തുറന്നുതരണമേ. ചുങ്കക്കാരന്റെയും പാപിനിയായ സ്ത്രീയുടെയും അനുതാപത്തെ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ അനുതാപത്തെയും കൈക്കൊള്ളണമേ. മാനസാന്തര പ്പെട്ട് തന്റെ അടുക്കലേക്കു വരുന്ന അനുതാപക്കാരിൽ പ്രീതിപ്പെടുന്ന കരുണാ പൂർണ്ണനായിരിക്കുന്ന കർത്താവേ! നിന്നെ ഉപേക്ഷിച്ചു പറഞ്ഞതിന്റെ ശേഷം ശെമഓനെ നീ പുണ്യപ്പെടുത്തിയ പ്രകാരം ഞങ്ങളുടെ കടങ്ങളെയും പാപങ്ങളെയും പരിഹരിക്കേണമെ.

കർത്താവേ! നിന്റെ അന്ത്യമായ ന്യായവിസ്താരത്തിൽ മുഖപക്ഷമില്ലാത്തതിനെ ഓർത്ത് കുറ്റക്കാരായ ഞങ്ങൾ ഏറ്റം ദുഃഖിക്കുന്നു. ഭയങ്കരമേറിയ കണക്കുപുസ്തകങ്ങൾ വിടർക്കപ്പെട്ട് ഞങ്ങളുടെ കുറ്റങ്ങൾ വായിക്കപ്പെടുന്ന സമയത്ത് നിന്റെ കൃപ പ്രബലപ്പെട്ട് നിന്റെ നീതിയാൽ

ഞങ്ങളെ സഹായിക്കണമെ. കുറ്റക്കാരായ ഞങ്ങൾക്ക് മോചനം ലഭിക്കുകയും ചെയ്യുമാറാകണമേ. കർത്താവേ! ഞങ്ങൾ പാപം ചെയ്തുപോയി എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ദയവോടെ ഞങ്ങളോടു കരുണ ചെയ്യണമേ.

## മരിച്ചവർക്കുവേണ്ടി

കർത്താവേ! പുണ്യപ്പെടുത്തുന്നതായ നിന്റെ വിശുദ്ധ ശരീരത്തെയും രക്തത്തേയും അനുഭവിച്ചിട്ടുള്ള വിശ്വാസികളായ മരിച്ചുപോയവരെ കുറിച്ച് നല്ല സ്മരണ ഉണ്ടാകുമാറാകണമേ. മിശ്ഹാ കർത്താവേ! നിന്റെ മാലാഖമാരോടു കൂടെ മഹത്വത്തിൽ നീ വരുമ്പോൾ ഞങ്ങളുടെ മരിച്ചുപോയവർ മുഖപ്രസാദത്തോടു കൂടെ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിന്റെ ദൈവത്വത്തെ സ്തുതിക്കുമാറാകണമെ.

മൊറിയോറാഹേംമേലൈനു ആദാറൈൻ.

## നിത്യപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടതായ ഓരോ ദിവസത്തിനുമുള്ള പ്രത്യേക പ്രാർത്ഥനകൾ

### ഞായർ സന്ധ്യ

(ഞായറാഴ്ച സന്ധ്യയെന്നുള്ളത് ശനിയാഴ്ച അസ്തമിച്ചുള്ള സന്ധ്യയെ ഉദ്ദേശിച്ചാകുന്നു. ഇങ്ങനെ മറ്റു സന്ധ്യകളേയും ഗണിക്കേണ്ടതാകുന്നു).

### (കോലോകൾ)

കർത്താവ് എത്ര വലിയവനും മഹത്വമുള്ളവനും ആകുന്നു. ഞായറാഴ്ച ദിവസം എല്ലാ ദിവസങ്ങളേക്കാൾ പ്രധാനമായിട്ടുള്ളതാകയാൽ അതിനെ വിശ്വാസത്തോടും

ഭക്തിയോടും ആചരിക്കുന്നവൻ ഭാഗ്യവാൻ. മരണം കൊല്ലപ്പെട്ടതായ ഈ ദിവസത്തിൽ ആകാശവും ഭൂമിയും സന്തോഷിക്കുന്നു. മരിച്ചവർക്ക് ആശ്വാസവും ജീവനോടിരിക്കുന്നവർക്ക് ശരണവും ലഭിക്കപ്പെടുന്നു - ബാറെക്മോർ.

കർത്താവേ! ഞായറാഴ്ച ദിവസത്തിൽ ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടും കൂടി ശോഭിപ്പാനും നിനക്കിഷ്ടമുള്ള സൽപ്രവർത്തികളോടുകൂടെ നിന്നെ സ്തുതിപ്പാനും ഞങ്ങൾ സന്തോഷത്തോടും ആനന്ദത്തോടും കൂടെ നിന്റെ വേദപ്രമാണങ്ങളിൽ ധ്യാനിച്ചു കൊണ്ട് നിന്റെ കല്പനകളെ ആചരിപ്പാനും ഞങ്ങളെ യോഗ്യരാക്കി തീർക്കണമേ.

മൊറിയോറാഹേംമേലൈനു ആദാറൈൻ.

## ബോവൂസോ

പരിശുദ്ധ ശ്ലീഹന്മാർ ഞങ്ങൾക്കു തെളിയിച്ചു തന്നിട്ടുളള മാർഗ്ഗത്തിൽ കൂടി നടന്നുകൊണ്ട് പുറജാതികളുടെയും സ്വജാതികളുടെയും ഇടയിൽ ഞങ്ങൾ നിന്റെ ഏവൻഗേലിയോനെ വഹിക്കുന്നവരായി തീരുമാറാകണമെ. നിന്നിൽ വിശ്വസിക്കാതെ ഹൃദയാന്ധകാരത്തിൽ ഇരിക്കുന്നവർക്ക് പ്രകാശവും ദൃഷ്ടാന്തവും ആയിരിക്കുമാറാകണമേ. ലോകത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും അധികാരം ഞങ്ങളിൽ പ്രബലപ്പെടാതെയും അവയാൽ ഞങ്ങൾ വഞ്ചിക്കപ്പെടാതെയും നിന്റെ സ്ലീബായുടെ ശക്തിയാൽ കരുണയോടെ ഞങ്ങളെ കാത്തുകൊള്ളണമേ.

## തിങ്കൾ സന്ധ്യ

### (കോലോകൾ)

കർത്താവേ! ആത്മാവും ശരീരവും തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം അവയുടെ പാപങ്ങളെക്കുറിച്ച് അവയ്ക്ക് ഒരുമിച്ച് നിന്നോടപേക്ഷിപ്പാൻ കഴിയാത്തതിനാൽ അവ ലോകത്തിൽ ഒരുമിച്ചിരിക്കുമ്പോൾ തന്നെ നീ അവയോടു കരുണ ചെയ്‌വാനായിട്ട് നിന്നെ വിളിക്കുന്നു. ന്യായാസനത്തിങ്കൽ അവ രണ്ടിനോടും കരുണചെയ്യണമേ.

ബാറെക്മോർ

ഞങ്ങളുടെ കർത്താവേ! ഈ അഴിഞ്ഞുപോവുന്ന സന്ധ്യയാൽ ആക്രമിക്കപ്പെടാത്ത പകൽ നീ ഞങ്ങൾക്കായിരിക്കണമേ. നിന്റെ സ്ലീബ ഞങ്ങളോടു യുദ്ധം ചെയ്യുന്ന ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളുന്ന കോട്ടയായിരിക്കണമേ.

മൊറിയോറാഹേം മേലൈനു ആദാറൈൻ.

### ബോവൂസോ

കർത്താവേ! സന്ധ്യ ഞങ്ങളെ പിടികൂടി, രാത്രിയാമത്തിൽ ആക്കിയിരിക്കുന്നതിനാൽ നീ ഞങ്ങൾക്കു രാത്രിയിൽ സൂര്യനായിരിക്കുകയും നിന്നിൽ ഞങ്ങൾ നടക്കുകയും ചെയ്യുമാറാകണമെ.

## ചൊവ്വ സന്ധ്യ

### (കോലോകൾ)

അദ്ധ്വാനക്കാരും വേലക്കാരും ആശ്വാസപ്പെടുന്നതിനായിട്ടും കൃപയാൽ നമ്മെ മെനഞ്ഞുണ്ടാക്കിയ

പിതാവിനെയും സ്ലീബായാൽ നമ്മെ രക്ഷിച്ച പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിക്കുന്നതിനായിട്ടും സമാധാനത്തിന്റെ സന്ധ്യയും ആശ്വാസത്തിന്റെ രാത്രിയും നമുക്ക് തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ

നീതിയുള്ള രാജാവും മഹത്വമുള്ള ദീർഘദർശിയും ആയ ദാവീദിനെപ്പോലെ തന്റെ കുറ്റങ്ങളെ തന്റെ കണ്ണുകളുടെ നേരെ വച്ചിരിക്കുന്നവൻ ഭാഗ്യവാനാകുന്നു. ദൈവമെ! എന്നോട് കരുണചെയ്ത് എന്റെ അകൃത്യങ്ങളെ മോചിക്കണമെ എന്ന് ദാവീദ് അനുതാപത്തോടെ നിലവിളിച്ചു പറഞ്ഞതുപോലെ ഞങ്ങളും പറയുവാനായിട്ട് അനുതാപമുള്ള ഹൃദയം ഞങ്ങൾക്ക് തരണമേ.

മൊറിയോറാഹേം മേലൈനു ആദാറൈൻ.

### ബോവൂസോ

ഞങ്ങളുടെ കുറ്റങ്ങളെല്ലാം തന്റെ സന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്ന മിശിഹാ രാജാവേ നീ ന്യായവിസ്താരം ചെയ്യുന്ന സമയത്ത് ഞങ്ങളോട് കരുണ ചെയ്യണമേ.

## ബുധൻ സന്ധ്യ

### (കോലോകൾ)

ദൈവമാതാവായ വിശുദ്ധ കന്യകമറിയാമേ!, നിന്റെ പുകഴ്ചകളെ വിവരിപ്പാൻ ഞങ്ങൾക്കു പ്രാപ്തിയില്ല. സർവ്വൈകനാഥനായവന് മാതാവായിത്തീർന്ന കന്യകയായുള്ളവളേ നിന്റെ ചരിത്രം അവർണ്ണനീയം തന്നെ. നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമെ. ബാറെക്മോർ

കർത്താവേ, നിന്നെ പ്രസവിച്ച കന്യകയായ മാതാവിന്റെ പ്രാർത്ഥനകളാൽ നിന്റെ സഭയിൽ നിന്നും ശിക്ഷകളും ക്രോധത്തിന്റെ വടികളും നീക്കിക്കളയണമേ. കർത്താവേ, കന്യാവ്രതത്തിൽ നിന്നെ പ്രസവിച്ചവളായ വിശുദ്ധ കന്യകയോടുകൂടെ നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

മൊറിയോറാഹേംമേലൈനു ആദാറൈൻ

## ബോവൂസോ

ദൈവമാതാവേ, രാജാധിരാജനായവൻ ലോകമൊക്കെയും തന്റെ നിരപ്പും സമാധാനവും വസിപ്പാനും ഭൂതലത്തിൽ നിന്നും ക്രോധത്തിന്റെ വടികളെ നീക്കുവാനുമായിട്ട് ഞങ്ങളോടു കൂടെയും ഞങ്ങൾക്കുവേണ്ടി നീ അവനോടു പ്രാർത്ഥിക്കണമെന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

# വ്യാഴം സന്ധ്യ

## (കോലോകൾ)

കൃഷിക്കാരെപ്പോലെ ലോകത്തിലേക്ക് പുറപ്പട്ടവരായി വിശ്വാസപ്രസംഗകരായ പരിശുദ്ധ ശ്ലീഹന്മാരെ ഞങ്ങളുടെ ഇടയിൽ നിന്ന് കളകൾ ചുവടെ പറിച്ചുനീക്കപ്പെടുവാനും നല്ല വിത്ത് ഞെരുക്കപ്പെടാതിരിപ്പാനും ആയിട്ട് നിങ്ങൾ പ്രാർത്ഥിക്കണമെ. ഭൂലോകത്തിൽ തന്റെ ഏവൻ ഗേലിയോനെ വിതച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ

ഇയ്യോബ് കുപ്പയിൽനിന്നും ദാനിയേൽ കുഴിയുടെ ഉള്ളിൽ നിന്നും മൂന്നു പൈതങ്ങൾ അഗ്നി ചൂളയിൽ നിന്നും നിന്നെ വിളിക്കുകയും നീ അവരെ രക്ഷിക്കുകയും ചെയ്തുവല്ലോ. അപ്രകാരം ബലഹീനരും പാപികളുമായ

ഞങ്ങളും നിന്നെ വിളിക്കുന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

മൊറിയോറാഹേംമേലൈനു ആദാറൈൻ

### ബോവൂസോ

കർത്താവേ, പരിശുദ്ധ പിതാക്കന്മാരുടെയും, സത്യ വിശ്വാസികളായ ഉപദേഷ്ടാക്കന്മാരുടേയും പ്രാർത്ഥ നകളും അപേക്ഷകളും മൂലം നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സഭയോട് കൃപ ചെയ്യേണമേ.

## വെള്ളി സന്ധ്യ

### (കോലോകൾ)

വിശുദ്ധ സ്ലീബായെ കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ കാണുകയും അത് യുദ്ധങ്ങളിൽ അവനെ രക്ഷിക്കുകയും ചെയ്തപ്രകാരം സ്ലീബാ ലോകാവസാനം വരെ പള്ളികൾക്കും ദയറാകൾക്കും രക്ഷയുടെ കോട്ടയായിരിക്കണമേ. കർത്താവേ, നിന്റെ സ്ലീബായാൽ ലോകത്തിന്റെ നാനാഭാഗങ്ങളെയും നീ സമാധാന പ്പെടുത്തണമേ.

ബാറെക്മോർ

സഹദേന്മാരേ, പാപത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഞങ്ങളുടെ വംശം നിങ്ങളുടെ പ്രാർത്ഥന മൂലം കരുണ പ്രാപിക്കുമാറാകണമേ. നിങ്ങളുടെ പ്രാർത്ഥനയുടെ ശക്തിയാൽ സാത്താന് ലജ്ജ ഭവിക്കുകയും അവന്റെ സൈന്യങ്ങൾക്ക് വീഴ്ച ഭവിക്കുകയും ചെയ്യുമാ റാകണമേ. നിങ്ങളുടെ പ്രാർത്ഥന എന്നും ഞങ്ങൾക്ക് സഹായമായിരിക്കണമേ.

മൊറിയോറാഹേം മേലൈനു ആദാറൈൻ

## ബോവൂസോ

കർത്താവേ ഞങ്ങളുടെ വർഗ്ഗത്തിന്മേൽ ശക്തിപ്പെട്ടവനായ ആകൽകറുസായെ നിന്റെ സ്ലീബാ മൂലം നീ ചവിട്ടിമറിച്ചിട്ടതിനാൽ ജീവൻ നൽകുന്നതായ നിന്റെ സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു.

## ശനി സന്ധ്യ

### (കോലോകൾ)

കർത്താവേ, ജീവിച്ചിരിക്കുമ്പോൾ പള്ളികളിലും ദയറാകളിലും വിശുദ്ധ മദ്ബഹായിൽ നിനക്കു ശുശ്രൂഷ ചെയ്തിട്ടുള്ള പട്ടക്കാരും ശുശ്രൂഷകരുമായ നിന്റെ ആചാര്യന്മാരെ നീ പുണ്യപ്പെടുത്തണമേ. അവർ പാപമോചനത്തിനായിട്ട് തങ്ങളുടെ കൈകൾകൊണ്ട് നിന്റെ ശരീരത്തെയും രക്തത്തേയും എടുത്ത് ആഘോഷിച്ചതിനാൽ നിന്റെ ശരീരം മൂലം അവരുടെ കടങ്ങൾ പരിഹരിക്കപ്പെടുകയും നിന്റെ രക്തം മൂലം അവരുടെ പാപങ്ങൾ മോചിക്കപ്പെടുകയും അവർ നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് നിനക്ക് സ്തുതി പാടുകയും ചെയ്യുമാറാകണമേ.

ബാറെക്മോർ.

കർത്താവേ, ജീവനുള്ള നിന്റെ ശരീരത്തെയും രക്തത്തേയും അനുഭവിച്ചവരായ ഞങ്ങളുടെ മരിച്ചുപോയവരെ സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമക്കു നീ ഇടയാക്കേണമേ. നീ നിന്റെ ന്യായാസനത്തിന്മേൽ ഇരുന്ന് ദുഷ്ടന്മാരിൽ നിന്ന് നല്ലവരെ വേർതിരിക്കുന്ന സമയത്ത് അവർ മുഖപ്രാസാദത്തോടുകൂടി നിന്റെ വലത്തുഭാഗത്ത് നിൽക്കുമാറാകണമേ.

മൊറിയോറാഹേംമേലൈനു ആദാറൈൻ

### ബോവൂസോ

ദൈവപുത്രാ, അഴിവില്ലാത്ത സ്വർഗ്ഗരാജ്യത്തിൽ ശുദ്ധിമാന്മാരോടും നീതിമാന്മാരോടും കൂടെ നിന്റെ ദാസരെ ആശ്വസിപ്പിക്കേണമേ.

**(അതാതു ദിവസം സന്ധ്യക്കുള്ള പ്രത്യേക പ്രാർത്ഥന ചേർത്തു ചൊല്ലിയതിന്റെ ശേഷം ചൊല്ലേണ്ടത്)**

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു ഞങ്ങളോട് കരുണയുണ്ടാ കണമേ.

ദൈവമേ നീ പരിശുദ്ധനാകുന്നു.............ഇത്യാദി

## സൂത്താറ പ്രാർത്ഥന

ദൈവമേ നീ പരിശുദ്ധനാകുന്നു.............ഇത്യാദി

### കോലോകൾ (അനുതാപത്തിന്റെ)

കർത്താവേ! നിന്റെ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കേണമേ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമേ. നിന്റെ നല്വരത്തിന്റെ ഭണ്ഡാരം കവർച്ച ചെയ്യപ്പെടാതിരിപ്പാനായിട്ട് ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്കേണമെ.

ബാറെക്മോർ.

വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊണ്ടാടപ്പെടുന്ന പരിശുദ്ധനായ ദൈവമേ! കർത്താവ് പരിശുദ്ധനെന്നും തന്റെ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേന്മാർ സ്തുതിക്കുന്നതുപോലെ ഞങ്ങൾ നിന്നെ സ്തുതിപ്പാനായിട്ട് ഞങ്ങളെല്ലാവരുടെയും വിചാരങ്ങളെ നീ ശുദ്ധീകരിച്ച് വെടിപ്പാക്കണമെ.

മോറിയോറാഹേംമേലൈനു ആദാറൈൻ.

## ബോവുസോ

ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണയുണ്ടായി ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.

നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണയും കൃപയും മോചനവും ഞങ്ങൾക്ക് അയച്ചുതരണമേ.

ഞങ്ങളുടെ പ്രവൃത്തികൾ നിന്നെ കോപിപ്പാൻ തക്കവയാകുന്നുവെങ്കിലും നീ കോപത്തിന് ആഗ്രഹമില്ലാത്തവനാകുന്നു. നീ കരുണാ പൂർണ്ണനായിരിക്കുന്നതുകൊണ്ട് നിന്റെ ശാന്തത കലങ്ങാത്തതുമാകുന്നു.

നിന്റെ കരുണാ സമുദ്രത്തിന്റെ വലിപ്പത്തിങ്കൽ ഞങ്ങളുടെ പാപം അസംഖ്യമെങ്കിലും അതു ചെളിയുടെ ഒരു തുള്ളിപോലെ മാത്രം ഇരിക്കുന്നു. മഹാസമുദ്രത്തെ ഒരു തുള്ളി ചെളിക്കു കലക്കുവാൻ കഴിയുന്നതല്ലല്ലോ.

പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകളെ നൽകുന്നവനും ആയുള്ളോവെ! ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളുടെ മേൽ പ്രീതിതോന്നി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകളെ നൽകണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു

എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു ഞങ്ങളുടെ അടുക്കലേക്ക് ഇറക്കിക്കൊണ്ടുവന്നു ഞങ്ങളോട് കരുണയുണ്ടാകണമേ.

ദൈവമേ നീ പരിശുദ്ധനാകുന്നു.....ഇത്യാദി

## കോലോകൾ

(കാഴ്ചയതിൽ കർത്താവേ നിൻ എന്ന മട്ടിൽ)

അൻപുടയോനെ! നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ. ബാറെക്മോർ
നിന്നെ വിളിക്കുന്നേ നാഥാ!
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ! കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളേ മൊറിയോ.....

### മാർ ബാലായിയുടെ ബോവൂസോ

(മാതാവു യാചിക്കും എന്ന മട്ടിൽ)

ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനെ!
കാരുണ്യം ചെയ്നിൻ ന്യായത്തീർപ്പിൻ നാൾ
ദുഃഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ
സ്വർഗ്ഗസ്ഥൻ താത! പ്രാർത്ഥിക്കുന്നടിയാർ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക
വിണ്ണവർ തൻ നാഥാ! മണ്മയരാശയുമേ!
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക

# മോർ അപ്രേമിന്റെ മെമ്രോ

കർത്താവേ! കൃപ ചെയ്യേണമെ
പ്രാർത്ഥന നീ കൈക്കൊള്ളമേ
നിൻ ദയവും നിൻ മോചനവും
നിന്നറയിൽ നിന്നേകണമേ

എന്നുടയോനേ! സന്നിധിയിൽ
നിദ്ര തെളിഞ്ഞിന്നീയടിയാൻ
വന്നുണർവ്വോടെ നില്പ്പതിനായ്
ഉന്നതനെ നീ കൃപ ചെയ്ക

പിന്നെയുമീനിന്നടിയാൻ ഞാൻ
നിദ്രയിലായെന്നാകിലുമെ
എന്റെയുറക്കം സന്നിധിയിൽ
ദോഷം കൂടാതാകണമേ

തിന്മകൾ ഞാനുണർവ്വിൽ ചെയ്താൽ
നന്മയൊടൊക്കെപ്പോക്കുക നീ
നിദ്രയിൽ ഞാൻ പിഴചെയ്തെങ്കിൽ
നിൻദയ മോചിച്ചീടണമേ

താഴ്മയെഴും നിൻ കുരിശാലെ
നല്ലയുറക്കം നൽകണമെ
മായകൾ ദുഃസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതെ

ഇന്നു സമാധാനം നിറയും
നിദ്രയോടെന്നെകാക്കുക നീ
എന്നിലസത്തും ദുർന്നിനവും
വന്നധികാരം ചെയ്യരുതെ

നിന്നടിയാൻ ഞാൻ എന്നതിനാൽ
എന്നുടലിന്നും കാവലിനായ്
നിൻ വെളിവിന്റെ ദൂതനെ നീ
എന്നരികത്താക്കീടണമെ.

യേശുവെ! ജീവനിരിക്കും നിൻ
ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ
ചിത്തമതിൽ തോന്നീടരുതെ
രാവിലുറങ്ങുമ്പോളരികിൽ
കാവലെനിക്കായ് തിരുരക്തം
നിന്നുടെ രൂപത്തിന്നു സദാ
നീ വിടുതൽ തന്നീടണമെ
നിൻകൈ മെനഞ്ഞോരെന്നുടലിൽ
നിന്റെ വലങ്കൈയാകണമെ
നിൻ കൃപ ചുറ്റും കോട്ടയുമായ്
കാവലതായും തീരണമെ
അംഗമടങ്ങും നിദ്രയതിൽ
നിൻ ബലമെന്നെ കാക്കണമെ
എന്റെയുറക്കം നിന്നരികിൽ
ധൂപം പോലെയുമാകണമെ
അമ്പൊടു നിന്നെ പ്രസവിച്ചോ-
രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻ ശയനത്തിന്മേൽ രാവിൽ
ദുഷ്ടനടുക്കാറാകരുതെ
എൻ ദുരിതത്തിൻ പരിഹാരം
നൽകിയ നിന്റെ ബലിയാലെ
എന്നെ ഞെരുക്കീടാതെ മഹാ
ദുഷ്ടനെ നീ മാറ്റീടണമെ
നിന്നുടെ വാഗ്ദാനം കൃപയാൽ
എങ്കലഹോ നീ നിറവേറ്റി
നിൻ കുരിശാലെൻ ജീവനെ നീ
മംഗലമോടും കാക്കണമെ
ഏറിയൊരെന്റെ ഹീനതയിൽ
പ്രീതിയെ നീ കാണിച്ചതിനാൽ

ഞാനുണരുമ്പോൾ നിൻ കൃപയെ
ഓർത്തു പുകഴ്ത്താറാകണമെ
        നിൻതിരുവിഷ്ടം നിന്നടിയാൻ
        അൻപിലറിഞ്ഞായതുപോലെ
        തന്നെനടപ്പാൻ നിൻ കൃപയാൽ
        എന്നിൽ നിത്യം കൃപ ചെയ്ക
നന്മ നിറഞ്ഞോരന്തിയെയും
നന്മ വിളങ്ങും രാവിനെയും
എന്നുടയോനാം മിശിഹായെ!
നിന്നടിയങ്ങൾക്കേകണമെ
        സത്യവെളിച്ചം നീ പരനെ
        നിന്റെ മഹത്വം വെളിവിൽ താൻ
        നൽവെളിവിൻ സുതരായവരും
        നിൻമഹിമക്കായ് സ്തുതി പാടും
മാനവ രക്ഷകനെ സ്തുതി നിൻ
ദാസരിലെന്നും നിൻ കൃപയെ
ഈയുലകിൽ നീയെന്നതുപോൽ
ആലോകത്തിലുമേകണമെ
        എന്നുടയോനെ! സ്തുതി നൽകീ-
        ടുന്നുനിനക്കെൻ രക്ഷകനെ
        ആയിരമോടൊത്തായിരമായ്
        യേശുവേ! നിന്നെ സ്തുതി പാടും
പ്രാർത്ഥനയെ കേൾക്കുന്നവനേ
യാചനയെ നല്കുന്നവനെ!
പ്രാർത്ഥനകേട്ടീ ദാസരുടെ
യാചനയെ നല്കീടണമെ
            കുറിയേ....കുറിയേ....കുറിയേലായിസോൻ

# 91, 120 മസ്മൂർകൾ

(കൂടി നമസ്ക്കരിക്കുമ്പോൾ മസ്മൂർ രണ്ടുപേർ മാത്രം ഓരോ നിറുത്ത് മാറി മാറി ചൊല്ലേണ്ടതാകുന്നു).

ബാറെക്മോർ - അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുനായ മനുഷ്യാ!

ബാറെക്മോർ - നീ കർത്താവിനോട് എന്റെ ശരണവും എന്റെ സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും, അവന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തു നിന്ന് ആയിരങ്ങളും നിന്റെ വലത്തുഭാഗത്തു നിന്ന് പതിനായിരങ്ങളും വീഴും.

അവർ നിങ്കലേയ്ക്ക് അടുക്കുകയില്ല. എന്നാലോ നീ നിന്റെ കണ്ണുകൾ കൊണ്ടു തന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ

കൂടാരത്തിന് സമീപിക്കുകയില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിനായിട്ട് അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കൽപ്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട് അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തേയും ഹർമോനെ സർപ്പത്തേയും നീ ചവിട്ടും, സിംഹത്തേയും, പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാനവനെ രക്ഷിച്ച് ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസുകൊണ്ട് ഞാനവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെ നിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലത്തുകൈയ് കൊണ്ട് നിനക്കു നിഴലിടും.

പകൽ സൂര്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കയില്ല.

കർത്താവ് സകലദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. കർത്താവ് നിന്റെ ആത്മാവിനെ കാത്തു കൊള്ളും.

അവൻ നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇതു മുതൽ എന്നേക്കും കാത്തു കൊള്ളും. ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു

ബാറെക്മോർ.

## അപേക്ഷ

ഹാല്ലേലൂയ്യാ, ഉഹാലേല്ലൂയ്യാ, ഉഹാലേല്ലൂയ്യാ മെന്ഓലം വാദാമെല് ഓലം ഓത്മീനാമ്മീൻ.

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവെ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണ ചെയ്യണമെ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമെ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് നീ തരണമെ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പുണ്യപ്പെടുത്തി ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമെ.

കർത്താവെ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളേണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമെ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമെ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമെ.

## കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

(കുമ്പിടുക)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

(കുമ്പിടുക)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

(കുമ്പിടുക)

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! ഞങ്ങളോട് കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! ഞങ്ങളോട് കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമെ! നിനക്കു സ്തുതി - ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.......... (ഇത്യാദി)

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏകദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്ന് ജനിച്ചവനും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വ മുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യകാമറിയാമിൽ നിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റവനും സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നവനും

ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശു മിശിഹായായ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു).

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു).

പാപമോചനത്തിന് മാമോദീസ ഒന്നു മാത്രമേയുള്ളു എന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു - ആമീൻ.

ബാറെക്മോർ-സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവെ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവെ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമെ! എന്നേക്കും നിനക്കു സ്തുതി, - ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!................

കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം ... (ഇത്യാദി).

# 51-ാം മസുമൂറ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അന്യായത്തിൻ നിന്നു എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാനുത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാ കൊണ്ട് എന്റമേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമേ ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെൺമയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കുകയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ, രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ, എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു ബാറെക്മോർ.

# പ്രത്യേക പ്രാർത്ഥന

## വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മശിഹാ തമ്പുരാനേ! നീ ജീവനുള്ളവരുടെ പ്രത്യാശയും മരിച്ചവരുടെ പുനരുദ്ധാരകനും ആകുന്നുവല്ലോ. നീ ജഡത്തിൽ മരിക്കുകയും നിന്റെ മരണത്താൽ സകല പരേതരേയും ജീവിപ്പിക്കുകയും ചെയ്യുന്നു. നീതിമാന്മാരുടെയും, പുണ്യവാന്മാരുടേയും ആത്മാക്കൾ നിന്റെ കൈകളിൽ ഇരിക്കുന്നു. മാലാഖമാർ നിന്റെ ശോഭയിൽ സംഭ്രമിക്കുകയും, പ്രധാന മാലാഖമാർ ഇളകുകയും, സകല മനുഷ്യരും ഭയത്തോടും വിറയലോടും കൂടെ ആ ഭയങ്കര നാഴികയിലും ആ ഉഗ്ര സമയത്തിലും നിൽക്കുകയും ചെയ്യുന്നു. കർത്താവേ സമയത്ത് ഞങ്ങളിൽനിന്ന് വാങ്ങിപ്പോയവരെ നീ കരുണയോടെ വീക്ഷിക്കേണമേ. അവരിൽ നിന്റെ കൃപ ചൊരിയണമെ. എന്തെന്നാൽ അവർ നിന്നെ വെള്ളത്താലും, ആത്മാവാലും ധരിക്കുകയും, തങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും, പാപങ്ങളുടെ മോചനത്തിനുംവേണ്ടി വിലയേറിയ നിന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ചിട്ടുള്ളവർ ആകുന്നുവല്ലോ. നിന്റെ പ്രത്യാശയിൽ മരിച്ചുപോയവരുടെ ആത്മാക്കളിന്മേൽ അലിവുണ്ടാകേണമെ. അവരോടൊന്നിച്ച് ന്യായവിധിക്കായ് നീ പ്രവേശിക്കരുതേ! സൂക്ഷ്മമായ പരിശോധനയ്ക്ക് അവരെ നീ വിധേയരാക്കരുതേ. എന്നാലോ നിന്റെ കൃപയാൽ അവരുടെ കുറവുകളെ പരിഹരിക്കണമെ. അവരുടെ കുറ്റങ്ങൾ ക്ഷമിക്കേണമെ. നിന്റെ മണവറയിൽ അവരെ പ്രവേശിപ്പിക്കുകയും, നിന്റെ മഹനീയ പന്തിയിൽ അവരെ ക്രമീകരിക്കുകയും ചെയ്യേണമെ. നിന്റെ മുഖത്തിന്റെ മഹത്വദർശനത്താൽ അവരെ സന്തോഷിപ്പിക്കേണമെ. ഞങ്ങളും അവരും നിന്റെ വലതുഭാഗത്ത് ക്രമീകരിക്കപ്പെടുകയും നിന്റെ മനോഗുണം കാണുകയും ചെയ്യുമാറാകേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ആമ്മീൻ.